THE MALANKARA SABHA

മലങ്കരസഭ

ഫെബ്രുവരി 2015

The Official Media of Malankara Orthodox Syrian Church

Rs : 15

വിശുദ്ധ നോമ്പിന്റെ പുണ്യകാലം

കൂനൻ കുരിശ് തീർത്ഥാടന കേന്ദ്രം...



സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് &
മാർ അന്ത്രയോസ് തീർത്ഥാടന കേന്ദ്രം
കല്ലട വലിയപള്ളി
പടിഞ്ഞാറെകല്ലട, കൊല്ലം
ഫോൺ: 0476 2833747
www.kalladavaliyapally.com
mail@kalladavaliyapalli.com
പരിശുദ്ധ മാർ അന്ത്രയോസ് ബാവായുടെ
323-ാമത്
ശ്രാദ്ധപ്പെരുന്നാളും കൺവൻഷനും
2015 ഫെബ്രുവരി 22 മുതൽ മാർച്ച് 3 വരെ
വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പരി. കാതോലിക്കാ ബാവായും
അഭി. മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നു.
ഗാനശുശ്രൂഷ • വചനശുശ്രൂഷ • ധ്യാനം • പദയാത്രകൾ
റാസ • വെച്ചൂട്ട് • ശ്ലൈഹിക വാഴ്വ്



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 2, പുസ്തകം 72, ഫെബ്രുവരി 2015

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
പഴയ സെമിനാരി..

8 സ്വാതന്ത്ര്യ ദാഹിയായ..
ഓർമ്മ
- ഡോ. റജി മാത്യു

13 ആത്മീയതയുടെ...
സമകാലീകം
- ഡോ. എം.എസ്. പോൾ

16 കൂടാരപ്പെരുന്നാളോ..
പ്രതികരണം
- ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

21 ക്രിസ്തു ശരീരം...
നോമ്പു വിചാരം
- ഫാ.അലക്സ് പി. ജോർജ്

26 വിശ്വാസ പ്രഖ്യാപനം...
വിശകലനം
- ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

28 പരീക്ഷയ്ക്ക് തയ്യാറെടുക്കുമ്പോൾ..
പഠനം
- ഫാ. തോംസൺ ഗ്രേസ്, കുണ്ടറ

32 അവഗണിക്കപ്പെടുന്നവരുടെ...
അനുസ്മരണം
- ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ

34 ജിജി തോംസൺ മനസ്സു തുറക്കുന്നു
അതിഥി
- ഫാ. ദീപു ഫിലിപ്പ്

സമ്യഗ് ദർശനം, പെണ്മ, പിൻവഴി,
അനുസ്മരണങ്ങൾ,
വാർത്തകൾ, സൺഡേസ്കൂൾ വാർത്തകൾ...



പരി. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ്
തിരുമേനിയുടെ 81-ാം ഓർമ്മ
ഫെബ്രു. 23 മുതൽ 28 വരെ
പഴയ സെമിനാരിയിൽ

President
Dr. Zacharias Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-

BRIEFLY

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഫെബ്രുവരി 23 മുതൽ 28 വരെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കും. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും.

മാനേജിംഗ് കമ്മറ്റി മാർച്ച് 19-ന് പഴയ സെമിനാരിയിൽ നടക്കും. പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും.

മാനവ ശക്തീകരണ വിഭാഗത്തിന്റെ 2015 ലെ ചിന്താവിഷയം: 'നേർവഴിയിൽ' എന്നതാണ്.

ഫെബ്രുവരി 16-ന് വലിയ നോമ്പ് ആരംഭം. മാർച്ച് 11 പാതിനോമ്പ്, മാർച്ച് 29 ഓശാന ഞായറാഴ്ച

മാർച്ച് 22 ഞായർ - മലങ്കര ഓർത്തഡോക്സ് സഭാ ദിനം. (കാതോലിക്കാ ദിനം)

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രധാന ശുശ്രൂഷകരുടെ വിവര ശേഖരണം നടത്തുന്നു. പൂരിപ്പിച്ച ബയോഡേറ്റാ ഫോം ഏപ്രിൽ 10-ന് മുമ്പായി സെക്രട്ടറി, ശുശ്രൂഷാ സംഘം, മിനോറാ, വെൺമണി ചെങ്ങന്നൂർ എന്ന വിലാസത്തിൽ ലഭിക്കണം.

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

മലങ്കരസഭ

10 ഫെബ്രുവരി 2015

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. ഡോ. പീസി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

Cover & Graphic Designing:-
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി



ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ

ആദ്ധ്യാത്മീകതയ്ക്ക് മാനവീകതയുടെയും, മതാതീത സ്വത്വാന്വേഷണത്തിന്റെയും സൗന്ദര്യം പകർന്ന സുന്ദര പുരുഷനായിരുന്നു പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ. സുന്ദരമായ ആ കണ്ണുകൾ ചുറ്റുപാടുകളിലെല്ലാം സൗന്ദര്യം ദർശിച്ചു; അസാധാരണമായ ദൈവാനുഭവം പോലെ. ആ സൗന്ദര്യ ദർശനത്തിന് ജാതി-മത, വർഗ്ഗ-വർണ്ണ വരമ്പുകൾ ഒന്നും അദ്ദേഹത്തിന് തടസ്സമായില്ല. മഹത്തുക്കൾ അതിരുകളെ അതിജീവിക്കുന്നവരാണല്ലോ! അനന്തമായ ഈ മഹാപ്രപഞ്ചത്തിൽ ഈ സുന്ദര നക്ഷത്രം ഉദിച്ചിട്ട് നൂറുവർഷങ്ങൾ പൂർത്തിയായി.

മലങ്കര ഓർത്തഡോക്സ് സഭയുടെ അനുഗ്രഹവും സൗന്ദര്യവുമായിരുന്നു പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി. കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമത്തിൽ പുതുശ്ശേരഴികത്ത് പുത്തൻവീട്ടിൽ 1915 ജനുവരി 30 ന് ജനിച്ച അദ്ദേഹം ശെമ്മാശൻ, വൈദീകൻ, റമ്പാൻ, മെത്രാപ്പോലീത്ത എന്നീ നിലകളിൽ മലങ്കര സഭയിൽ മഹത്വമുദ്ര പതിപ്പിച്ചശേഷം മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിയായി പൗരസ്ത്യദേശത്തെ 89-ാം കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായായും 1991 ഏപ്രിൽ 29-ാം തീയതി ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ എന്ന നാമധേയത്തോടുകൂടി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. നിറപുഞ്ചിരിയോടും ഊഷ്മളമായ വാത്സല്യത്തോടും അസാധാരണമായ വശ്യതയോടുംകൂടി മനുഷ്യരെ സ്വാധീനിക്കുവാനുള്ള അദ്ദേഹത്തിന്റെ സിദ്ധിവിശേഷം ശ്രദ്ധേയമായിരുന്നു. ഒരേസമയം ഭാരതത്തിലെ അതിപുരാതനമായ ഒരു ക്രൈസ്തവ വിഭാഗത്തിന്റെ ആരാധ്യനും അനിഷേധ്യനുമായ ആത്മീയ പിതാവായും അതേ സമയം പൊതു സമൂഹത്തിന്റെ സ്നേഹബഹുമാനാദരവുകൾ ഏറ്റുവാങ്ങിയ ഗുരുവര്യനുമായിരുന്നു അദ്ദേഹം.

മലങ്കര ഓർത്തഡോക്സ് സഭയെ പുതിയ നൂറ്റാണ്ടിന്റെ വെല്ലുവിളികളെ നേരിടുവാൻ സജ്ജമാക്കുന്ന കർമ്മപദ്ധതികളാണ് അദ്ദേഹം ആവിഷ്ക്കരിച്ചിരുന്നത്. സമൂഹത്തിൽ സഭയുടെ ദൗത്യം അദ്ദേഹം വീക്ഷിച്ചിരുന്നത് 'മനുഷ്യരോടുകൂടെയുള്ള ദൈവത്തിന്റെ കൂടാരം' എന്ന നിലയിലായിരുന്നു. അസ്വസ്ഥരും ആകുലരുമായി അലയുന്ന മനുഷ്യന് സമാധാനത്തിന്റെ, പ്രത്യാശയുടെ കൂടാരമായിരിക്കണം സഭ എന്നദ്ദേഹം കരുതി; ആശ്വാസത്തിന്റെ തെളിനീർ പകരുന്ന ഉറവ പോലെ.

നെടുനാളത്തെ ജീവിതാനുഭവങ്ങളിൽനിന്നും ക്രോഡീകരിച്ചെടുത്ത പ്രായോഗിക ദൈവശാസ്ത്രചിന്തയിൽ ഊന്നിനിന്നുകൊണ്ട് സമകാലീന ലോകത്തെ നോക്കിക്കാണുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടു. സഭയുടെ നേതൃത്വത്തിൽ ആരംഭിച്ച സമൂഹവിവാഹ പദ്ധതി, ഭവനദാനപദ്ധതി, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര മുതലായ സ്ഥലങ്ങളിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, ഇറ്റാർസി, കലഹണ്ടി, യാച്ചാരം, ബാംഗ്ലൂർ, തിരുനെൽവേലി, അട്ടപ്പാടി തുടങ്ങിയ സ്ഥലങ്ങളിലെ ആതുരസേവന മിഷൻ കേന്ദ്രങ്ങൾ തുടങ്ങിയവയൊക്കെ ഈ പിതാവിന്റെ വിശ്വമാനവീകതയെ വെളിപ്പെടുത്തുന്നു. ദൈവ സ്നേഹത്തിന്റെ സ്വച്ഛന്ദമായ അരുവിപോലെ ആയിരുന്നു അദ്ദേഹത്തിന്റെ ഈ ഇടപെടലുകളെല്ലാം. മതാതീതമായ സ്നേഹാദരവുകൾക്ക് അദ്ദേഹം പാത്രീഭൂതനായതും ഈ കാരണംകൊണ്ടുതന്നെയാണ്. സമൂഹജീവിതത്തിന്റെ താളാത്മകതയ്ക്ക് ഭംഗം വരുത്തുന്നത് ദൈവസൃഷ്ടിയോടുള്ള വെല്ലുവിളിയാണ് എന്ന് വിശ്വസിച്ച അദ്ദേഹം താളഭംഗം സംഭവിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്ന സന്ദർഭങ്ങളിലെല്ലാം അനിതര സാധാരാണമായ തികഞ്ഞ മനസാന്നിദ്ധ്യത്തോടുകുടി തന്റേതായ ഇടപെടലുകൾ നടത്തി. ശ്രദ്ധേയമായ നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ

ശേഷം 17-ാം പേജിൽ



മഹാപുരോഹിത സന്ദേശം

ജനാധിപത്യ വ്യവസ്ഥിതിയുടെ നാലാം തൂൺ (Fourth Estate) എന്നു വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾ ആധുനിക ലോകത്തിൽ ഒരു അനുപേക്ഷണീയ ഘടകമായിത്തീർന്നിരിക്കുകയാണല്ലോ. ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ വാർത്താവിനിമയ രംഗത്തു തന്നെ വിപ്ലവാത്മകമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ടി.വി, മൊബൈൽഫോൺ മുതലായ ഉപകരണങ്ങളും ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് മുതലായ മാധ്യമ സങ്കേതങ്ങളും പലപ്പോഴും ദുരുപയോഗം ചെയ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ അച്ചടി - ഇലക്ട്രോണിക് - സോഷ്യൽ മാധ്യമങ്ങൾ വ്യക്തികളുടെയും സമൂഹത്തിന്റേയും വളർച്ചയ്ക്കുവേണ്ടി ഗുണപരമായി എപ്രകാരം ഉപയോഗിക്കണമെന്നതു സംബന്ധിച്ചും ഇവയുടെ ദുരുപയോഗം എങ്ങനെ ഒഴിവാക്കണമെന്നതു സംബന്ധിച്ചും സഭയ്ക്കും സമൂഹത്തിനും ബോധവൽക്കരണം നൽകുവാൻ ഈ വർഷം ***നേർവഴി*** എന്ന പ്രോജക്ട് പരിശുദ്ധ സഭ അവതരിപ്പിക്കുകയാണ്. മാധ്യമങ്ങളെ നേരായ വഴിയിൽ ഉപയോഗിക്കുവാനുള്ള മാർഗ്ഗരേഖയാണിത്.നമ്മുടെ കുടുംബങ്ങൾക്ക് - പ്രത്യേകിച്ച് കുട്ടികൾക്കും യുവജനങ്ങൾക്കും - സന്തുലിതമായ മാധ്യമസാക്ഷരത എന്ന ലക്ഷ്യത്തോടെ നമ്മുടെ മാനവശാക്തീകരണ വിഭാഗം നേതൃത്വം നൽകുന്നതും ഒരുവർഷം നീളുന്നതുമായ ഈ ബോധവൽക്കരണ പദ്ധതി എല്ലാ ഇടവകകളിലും നിർബ്ബന്ധമായും നടപ്പാക്കണമെന്ന് നാം സ്നേഹത്തോടെ നിങ്ങളെ അറിയിക്കുന്നു.

വാത്സല്യ മക്കളെ,
രോഗങ്ങളും രോഗികളും വർദ്ധിച്ചുവരുന്ന ആധുനിക ലോകത്തിൽ രോഗനിർണ്ണയത്തിനും ചികിൽസയ്ക്കും വേണ്ട വിദഗ്ദ്ധ ഉപദേശം നൽകുക, രോഗികളെ സഹായിക്കുക എന്നീ പ്രധാന ലക്ഷ്യങ്ങൾ മുൻനിറുത്തി, മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്ന നമ്മുടെ ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ ഉൾക്കൊള്ളിച്ച് **ഓർത്തഡോക്സ് മെഡിക്കൽ ഫോറം (OMF)** എന്ന പേരിൽ ഒരു പുതിയ സംരംഭവും പരിശുദ്ധ സഭയുടെ മാനവശാക്തീകരണ വിഭാഗത്തിന്റെ ചുമതലയിൽ ആരംഭിക്കുകയാണ്. വൈദ്യശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്ന നമ്മുടെ സഭാമക്കൾ എല്ലാവരും ഈ മെഡിക്കൽ ഫോറത്തിൽ അംഗങ്ങളായി ഇതിന്റെ തുടർപ്രവർത്തനങ്ങൾ വിജയിപ്പിക്കണമെന്നും നാം നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

പഴയ സെമിനാരി ദ്വിശതാബ്ദി

Cottayam College/Old Seminary 200 Years of Witness

(1815-2015)

സുവിശേഷ മൂല്യത്തിലും സഭാ വിശ്വാസത്തിലും പാരമ്പര്യത്തിലും അധിഷ്ഠിതമായ ഫലപ്രദമായ ഇടയ ശുശ്രൂഷ...

'

മലങ്കര സഭയുടെ ഹൃദയമാണ് പഴയ സെമിനാരി. ശരീരത്തിൽ ഹൃദയം പ്രവർത്തിക്കുന്ന പ്രകാരം തന്നെയാണ് സഭാ ശരീരത്തിൽ സെമിനാരിയും. സഭയുടെ അനുദിന ശുശ്രൂഷയിൽ വൈദികരെ സജ്ജരാക്കുന്ന ദൗത്യമാണ് സെമിനാരിക്കുള്ളത്.

– പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

* * *

പഴയ സെമിനാരിയുടെ സ്ഥാപനത്തിന് പിന്നിൽ മൂന്നു സംസ്കാരങ്ങളുടെ സംഗമമുണ്ട്. ഒന്ന്, മലങ്കരസഭയുടെ പൗരസ്ത്യമായ ആദ്ധ്യാത്മീക സംസ്കൃതി. രണ്ട്, ഇന്ത്യയിലെ ഗുരുകുല ശിക്ഷണത്തിൽ ബ്രഹ്മചാരികളുടെ വേദപഠനവും അനുഷ്ഠാനങ്ങളും ഉൾപ്പെട്ട സമ്പ്രദായിക സംസ്കാരം. മൂന്ന്, യൂറോപ്പിലെ പുതിയ പ്രബുദ്ധതയും വൈജ്ഞാനിക പഠനങ്ങളും സൃഷ്ടിച്ച സംസ്കാരം.

– ഫാ. ഡോ. കെ.എം. ജോർജ്

* * *

ഒരു നൂറ്റാണ്ടു മുമ്പുവരെ കോട്ടയം തിരുവിതാംകൂറിന്റെ പ്രാദേശിക ഭരണകേന്ദ്രം പോലുമല്ലായിരുന്നു. വൈക്കത്തിനും ചേർത്തലയ്ക്കുമുള്ള സ്ഥാനം പോലും കോട്ടയത്തിന് ലഭിച്ചില്ല. കോട്ടയത്തിന്റെ 'അക്ഷര നഗര'മെന്ന ഖ്യാതിക്കു ഏക കാരണം 1813-ൽ കോട്ടയത്ത് പഴയ സെമിനാരി സ്ഥാപിച്ചു എന്നതുമാത്രമാണ്.

– ഡോ. എം. കുര്യൻ തോമസ്

* * *

'

കേരളത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിലും മലങ്കരസഭാ ചരിത്രത്തിലും നിർണ്ണായക സ്ഥാനം വഹിക്കുന്ന മഹത്തായ സ്ഥാപനമാണ് ഇരുനൂറിന്റെ നിറവിലായ കോട്ടയം പഴയ സെമിനാരി. മലങ്കര സഭയുടെ ജീവിതവും സാക്ഷ്യവും ഉൾക്കൊള്ളുന്ന പുണ്യഭൂമിയാണിത്. സാമൂഹിക നവോത്ഥാനത്തിന് വെളിച്ചം പകർന്ന ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആദ്യാക്ഷരങ്ങൾ കേരളത്തിൽ ആദ്യമായി എഴുതപ്പെട്ടത് 'പഠിത്തവീട്', 'സിറിയൻ സെമിനാരി', 'സിറിയൻ കോളജ്', 'കോട്ടയം കോളജ്' എന്ന് അറിയപ്പെട്ട 'പഴയ സെമിനാരിയിലാണ്.'

എ.ഡി. 1809 ആഗസ്റ്റ് 13-ന് കണ്ടനാട് പള്ളിയിൽ നടന്ന മലങ്കര പള്ളിയോഗ തീരുമാനപ്രകാരമാണ് ബ്രിട്ടീഷ് റസിഡന്റായ കേണൽ മൺറോയുടെ സഹായത്തോടെ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ) സെമിനാരി സ്ഥാപിച്ചത്. 1813-ൽ പണി തുടങ്ങി 1815 മാർച്ച് 15-ന് പഠനം ആരംഭിച്ച 'പഴയസെമിനാരി' എന്ന 'കോട്ടയം കോളജ്' അഥവാ സിറിയൻ സെമിനാരിയുടെ സ്ഥാനം കേരള ചരിത്രത്തിൽ സുപ്രധാനമാണ്.

തിരുവിതാംകൂർ മഹാറാണി ഗൗരി ലക്ഷ്മി ബായി (1810-15) കോട്ടയം ഗോവിന്ദപുരം ദേശത്ത് മൂന്നുവശവും മീനച്ചിലാർ ചുറ്റി ഒഴുകുന്നതും തരിശായിട്ടും ഒട്ടൽക്കാട് പിടിച്ചും കിടന്നതായ 16 ഏക്കർ സ്ഥലം ഇട്ടൂപ്പ് റമ്പാന്റെ പേരിൽ പതിച്ചു നൽകി. സെമിനാരി നിർമ്മാണത്തിന് 20,000 രൂപായും ആവശ്യമായ തടിയും കല്ലും മറ്റ് വസ്തുക്കളും ദാനമായി കൊടുത്തു. വട്ടിപണത്തിന്റെ നാലുവർഷത്തെ (1809-1813) പലിശ 3360 രൂപായും പള്ളികളിൽ നിന്നും പിരിച്ചെടുത്ത പണവും ചേർത്ത് തെക്കും വടക്കും ഓരോ നിലയും കിഴക്കും പടിഞ്ഞാറും രണ്ട് നിലയും

EDITORIAL

ഉള്ള 'നാലുകെട്ടായി' സെമിനാരി പണിതുയർത്തി. ഗുരുകുല ശൈലിയിലുള്ള മല്പാൻ ഭവനങ്ങളുടെയും പൗരസ്ത്യ ആദ്ധ്യാത്മീകതയുടെയും വൈജ്ഞാനിക പ്രബുദ്ധതയുടെയും സമന്വയമായിരുന്നു സെമിനാരിയിലെ വിദ്യാഭ്യാസ മാതൃക.

'ഇംഗ്ലീഷ് ക്രമമായി അഭ്യസിപ്പിച്ചിരുന്ന കേരളത്തിലെ ആദ്യ സ്ഥാപനം, 'സിറിയൻ കോളജ്' അഥവാ 'കോട്ടയം സെമിനാരിയായിരുന്നുവെന്ന്" കേണൽ വെൽഷ് (1824), *എ സെഞ്ചുറി ഓഫ് ഇംഗ്ലീഷ് എഡ്യുക്കേഷൻ ഇൻ ട്രാവൻകൂർ 1817-1917* എന്ന ഗ്രന്ഥത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രഥമ കേന്ദ്രം ബഹുഭാഷാ പഠനത്തിന്റെ ആദ്യ ഇടം, മലയാള ഭാഷയുടെ ഏകീകൃതമായ അച്ചടിയുടെ പ്രഭവസ്ഥാനം, പ്രഥമ ഗ്രന്ഥപ്പുരയും പുസ്തക വിതരണവും നടത്തിയ സ്ഥാപനം എന്നിങ്ങനെ വിവിധ വിശേഷണങ്ങളാണ് 'സിറിയൻ സെമിനാരി'ക്ക് അഥവ കോട്ടയം കോളജിനുള്ളത്. കേരളത്തിൽ മലയാളം ആദ്യമായി അച്ചടിച്ചതും ആദ്യത്തെ പുസ്തകശാലയും പഴയ സെമിനാരിയാണ്. 1820 കളിലെ ബൈബിൾ പരിഭാഷയും സെമിനാരി കേന്ദ്രീകരിച്ചായിരുന്നു.

വൈജ്ഞാനിക പഠന ശാഖകൾക്കൊപ്പം ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു, സുറിയാനി, സംസ്കൃതം ഭാഷകളും പഠിപ്പിച്ചു. വൈദിക പരിശീലനവും പൊതുവിദ്യാഭ്യാസവും ഏകീകരിക്കുക എന്ന ലക്ഷ്യമായിരുന്നു ഇട്ടൂപ്പ് റമ്പാന് ഉണ്ടായിരുന്നത്. എന്നാൽ സി.എം.എസ്. മിഷണറിമാർ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന്റെ പഠന കേന്ദ്രമാക്കി തീർക്കുവാൻ ലക്ഷ്യമിട്ടു എന്നതാണ് ചരിത്രം. തദ്ദേശീയരായ ക്രിസ്ത്യാനികൾ 'പഠിത്തവീട്' എന്നും 'സെമിനാരി' എന്നും നാമകരണം ചെയ്തപ്പോൾ, പാശ്ചാത്യർ 'കോട്ടയം കോളജ്' എന്നാണ് രേഖകളിൽ ചേർത്തത്. നൂറ്റാണ്ടുകളായി മല്പാൻ ഭവനങ്ങളിൽ നിലനിന്ന മതപഠന രീതികൾക്ക് ഏകീകൃതമായ വേദബോധനം സെമിനാരിയിലെ അഭ്യസനത്തിലൂടെ ലഭ്യമായി. എന്നാൽ പാശ്ചാത്യർ, പ്രൊട്ടസ്റ്റന്റ് വിശ്വാസ പ്രബോധനത്തിനായി സെമിനാരിയെ പരിവർത്തിപ്പിക്കുവാൻ ശ്രമിച്ചതിനെ 'നസ്രാണി സമൂഹം' ശക്തമായി എതിർത്തതിനാൽ ആംഗ്ലിക്കൻ മിഷണറിമാർക്ക് ഉദ്ദേശിച്ച രീതിയിൽ 'മതബോധന വ്യാപനം' നിർവ്വഹിക്കുവാൻ കഴിയാതെ പോയി. 1836-ലെ 'മാവേലിക്കര പടിയോല'യും 1840 ലെ 'കൊച്ചി പഞ്ചായത്തു വിധിയും' മൂലം ആംഗ്ലിക്കൻ മിഷണറിമാർ പഴയ സെമിനാരിയിൽ നിന്നും പുറത്തായി.

ആംഗ്ലിക്കൻ വിശ്വാസ പ്രചരണത്തിനും പൊതു വിദ്യാഭ്യാസത്തിനുമായി സി.എം.എസ്. മിഷണറിമാർ 1838-ൽ പുതുതായി ആരംഭിച്ചതാണ് ഇപ്പോഴത്തെ കോട്ടയം സി.എം.എസ്. കോളജ്. ഇത് 'പുത്തൻ (കിഴക്കെ) സെമിനാരി' എന്നാണ് അറിയപ്പെട്ടത്. ഇതോടെ 1815-ൽ അഭ്യസനം ആരംഭിച്ച 'പഠിത്തവീട്', 'സിറിയൻ സെമിനാരി അഥവാ 'കോട്ടയം കോളജ്', 'പഴയ (പടിഞ്ഞാറെ) സെമിനാരി' എന്ന് അറിയപ്പെടുവാൻ തുടങ്ങി. എം.ഡി. സെമിനാരി സ്ഥാപനത്തോടെ 'കോട്ടയം കോളജ്', 'പഴയസെമിനാരി'യായി. 'സെമിനാരി' കേന്ദ്രീകരിച്ച് അധിനിവേശ സിദ്ധാന്തങ്ങളും സമീപനവും പുലർത്തിയ ആംഗ്ലിക്കൻ മിഷനറിമാരുടെ 'പ്രൊട്ടസ്റ്റന്റ്' വ്യാപന ദൗത്യത്തെ പരാജയപ്പെടുത്തുവാൻ അന്നത്തെ നസ്രാണി സമൂഹത്തിന് സാധിച്ചു. പിന്നീട് ദീർഘകാലം മലങ്കര മെത്രാപ്പോലീത്തന്മാരുടെ ഭരണസിരാ കേന്ദ്രവും മലങ്കര സഭയുടെ ആസ്ഥാനവുമായി 'പഴയസെമിനാരി'. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമന്റെ ക്രാന്തദർശിത്വമാണ് ജാതി ഐക്യ സംഘവും അതിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച 'നസ്രാണി ദീപികയും'. 'മലയാള മനോരമ കമ്പനി 1888-ൽ കണ്ടത്തിൽ വർഗീസ് മാപ്പിള ആരംഭിച്ചപ്പോൾ ആദ്യ ഓഹരിക്കാരനാകുകയും പത്രം നടത്തുവാൻ സ്വന്തം ബംഗ്ലാവ് വിട്ടുകൊടുക്കുകയും ചെയ്തു. ദീപിക, മനോരമ തുടങ്ങിയ പത്രങ്ങളുടെ വളർച്ചയും സെന്റ് തോമസ് അച്ചുകുടവും 'കോട്ടയത്തെ അക്ഷരനഗരി'യാക്കുവാൻ സഹായിച്ചു. അതിന്റെ ശക്തി സ്രോതസ്സായി തീർന്നത് പഴയ സെമിനാരിയാണ്.

ഇംഗ്ലീഷ് വിദ്യാഭ്യാസവും കോട്ടയത്തിന്റെ സാംസ്കാരിക അഭ്യുന്നതിയും 'പഴയ സെമിനാരി' കേന്ദ്രീകരിച്ച് വളർന്നു വികസിച്ചു എന്ന ചരിത്ര സത്യം തമസ്ക്കരിച്ച് 1815-ൽ ആരംഭിച്ച 'കോട്ടയം കോളജാണ്' കോട്ടയം സി.എം.എസ്. കോളജ് എന്ന് എഴുതി പ്രചരിപ്പിക്കുന്ന മാധ്യമ സിൻഡിക്കേറ്റ് ശക്തമാണ്. കോട്ടയം പഴയ സെമിനാരിയുടെ 200ന്റെ ആഘോഷങ്ങളിൽ ചരിത്ര രേഖകളെ വിസ്മൃതമാക്കി പുതു ചരിത്ര വ്യാഖ്യാനങ്ങൾ പ്രചരിപ്പിക്കുന്നവരുടെ രാഷ്ട്രീയ തന്ത്രം തരിച്ചറിയണം. എത്ര മാത്രം ചരിത്രത്തിന്റെ വ്യാജ നിർമ്മിതികൾ ഉണ്ടായാലും 'കോട്ടയം കോളജ്' ചരിത്രം 'പഴയ സെമിനാരിയുടെ ഭൂമികയിൽ' എന്നത് അനിഷേധ്യ യാഥാർത്ഥ്യമാണ്. ആധുനിക സെമിനാരിയുടെ ചരിത്രത്തിന് ഒരു അക്കാദമിക്ക് ശൈലി ലഭ്യമാകുന്നത് 1965-ൽ സെറമ്പൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തതോടുകൂടിയാണ്.

> “ ദൗത്യ നിർവ്വഹണത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ സമഗ്ര വിമോചനം ലക്ഷ്യമാക്കുന്ന ബോധന സമ്പ്രദായങ്ങളും സാമൂഹിക പ്രതിബദ്ധതയും നീതി ബോധവും വിശുദ്ധ ജീവിതവും ഉൾക്കൊള്ളുന്ന ഇടയ ശുശ്രൂഷയും വേദവ്യാഖ്യാന-പ്രബോധന മാതൃകകളുമാണ് സഭകളുടെ വിശ്വാസ പാരമ്പര്യത്തിൽ വികസിപ്പിക്കുന്നത്. ”

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

സ്വാതന്ത്ര്യ ദാഹിയായ മഹാത്മാവ്

■ ഫാ.ഡോ. റജി മാത്യു

മലങ്കരസഭയുടെ ചരിത്രത്തിൽ വിശുദ്ധരായ പല പിതാക്കന്മാരും ഉണ്ടായിട്ടുണ്ട് എങ്കിലും ഒരായുസ്സുമുഴുവൻ സ്വാതന്ത്ര്യമുള്ള സഭ എന്ന ആശയം മുൻനിർത്തി പ്രവർത്തിക്കുകയും, തന്റെ അത്തരത്തിലുള്ള ഉദ്യമങ്ങൾ ഫലവത്തായിത്തീർക്കുകയും, അതിലൂടെ ഒരു ജനവിഭാഗം അവർക്കതുവരെയുണ്ടായിരുന്ന നിലയിൽ നിന്നും ഭേദപ്പെട്ട ഒരു അവസ്ഥയിലേക്ക് മാറുവാൻ മുഖാന്തിരമായിത്തീരുവാൻ കാരണമായി എന്നതാണ് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സഭയിലെ ആധികാരികത വർദ്ധിപ്പിക്കുന്നത്.

പല ഗ്രന്ഥകാരന്മാരും തിരുമേനിയെ വെറും ഒരു "അന്ത്യോഖ്യൻ വിരോധി" എന്ന നിലയിൽ മാത്രം പരിമിതപ്പെടുത്തിയാണ് അദ്ദേഹത്തിന്റെ സംഭാവനകൾ ചർച്ച ചെയ്തിരിക്കുന്നത്. ഈ ഭാഷാ പ്രയോഗം ഒരു തരത്തിലും അദ്ദേഹത്തിത്തിന് യോജിച്ചതല്ല. ഇതിനോടനുബന്ധമായി അദ്ദേഹത്തിലാരോപിക്കപ്പെടുന്ന "നിഷേധം", "തന്റേടം", "ധിക്കാരം", "പിടിവാശി" മുതലായവ ചിലർ മെനഞ്ഞെടുത്ത മെഴുകുപ്രതിമയുടേതാണ്. വട്ടശ്ശേരിൽ തിരുമേനി ഇതിലൊക്കെ ഉപരി അക്കാലഘട്ടത്തിലെ സാമൂഹിക നേതാക്കളിലൊരാളായിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയും ഭാരതം വിദേശമേൽക്കോയ്മകളോടു സന്ധിയില്ലാത്ത സമരം ചെയ്യുന്ന ധീരപുരുഷന്മാരുടെ കാലഘട്ടമായിരുന്നു. ലോകരാജ്യങ്ങളുടെയും സംസ്ക്കാരങ്ങളുടെയും മദ്ധ്യേ അനിഷേധ്യമായ സ്ഥാനമുണ്ടായിരുന്ന ഭാരതത്തെ ബ്രിട്ടീഷുകാരുടെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുവാൻ കച്ചകെട്ടിയിറങ്ങിയവരുടെ കാലമായിരുന്നു അത്. അവരൊക്കെ നിഷേധികളും, തന്റേടമുള്ളവരും, ധിക്കാരികളുമായിരുന്നു, ഒരൊറ്റ വിഷയത്തിൽ മാത്രം- തന്റെ നാടിന്റെ ആത്മാഭിമാനം കാത്തുസൂക്ഷിക്കുന്നതിലും അതിന് ജന്മനായുണ്ടായിരുന്ന സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിലുമായിരുന്നു ഇക്കൂട്ടരുടെ നിഷേധവും, തന്റേടവും, ധിക്കാരവുമെല്ലാം. മഹാത്മാഗാന്ധിയും, വല്ലഭായി പട്ടേലും, ജവഹർലാൽ നെഹ്റുവുമൊക്കെ വെറും ധിക്കാരികളും, പിടിവാശിക്കാരും, നിഷേധികളുമായിരുന്നു എന്നു പറഞ്ഞാൽ അതു സാമ്രാജ്യത്വശക്തികളുടെ വാക്കുകളാണ് എന്നു തിരിച്ചറിയുവാൻ സ്വാതന്ത്ര്യ പ്രേമികളായിരുന്ന ആർക്കാണ് സാധിക്കാതിരിക്കുന്നത്? അവർ സമരങ്ങൾ നയിച്ചിട്ടുണ്ട്, നിസ്സഹകരണ പ്രസ്ഥാനങ്ങൾക്ക് ആഹ്വാനം ചെയ്തിട്ടുണ്ട്; സാമ്രാജ്യത്വശക്തികളുടെ മുമ്പിൽ നട്ടെല്ലു നിവർത്തി നിലപാടുകൾ എടുത്തിട്ടുണ്ട്. പക്ഷെ അവരെ ഈ നാട് ബഹുമാനിക്കുന്നു; ഇന്നു നാം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ പേരിൽ അവരോടു കടപ്പാടുള്ളവരായി നിലകൊള്ളുന്നു.

HIS GRACE GEEVARGHESE MAR DIONYSIUS.
METROPOLITAN OF MALANKARA
1908-'34

നാടുമുഴുവൻ സ്വാതന്ത്ര്യ സമരത്തിന്റെ കാഹളം ധ്വനിച്ചപ്പോൾ താൻ ഉൾക്കൊള്ളുന്ന സമൂഹത്തിനും സ്വാതന്ത്ര്യം ലഭിച്ചേ മതിയാവൂ എന്നു കരുതിയത് തെറ്റാണെന്നു പറയുന്നവർ സാമ്രാജ്യത്വശക്തികളുടെ ഏറാൻ മൂളികളല്ലാതെ മറ്റാരാണ്? സഭാചരിത്രത്തിലും ഒരു 'പോസ്റ്റ്-കൊളോണിയൽ വ്യാഖ്യാനം' അത്യാവശ്യമല്ലേ? മലങ്കര സഭയുടെ സ്വതന്ത്ര്യത്തിനായുള്ള പോരാട്ടം ഈ നാടിന്റെ സ്വാതന്ത്ര്യസമരമെന്ന വലിയ ചരിത്രത്തിന്റെ ഒരു ഭാഗമായല്ലേ മനസ്സിലാക്കേണ്ടത്. ഇവിടെയുള്ള സഭയും ജനങ്ങളും പരിപൂർണ്ണമായും ഇന്നാട്ടുകാരുടെ നിയന്ത്രണത്തിലാവണമെന്നു ശഠിച്ചത് ആർക്കാണഭിനന്ദിക്കുവാൻ സാധിക്കാത്തത്? മലങ്കരസഭ ഒരു കോളണിയായി കരുതിയ സുറിയാനി സഭയുടെ അടിമത്തത്തിൽ നിന്നും അതിനെ മോചിപ്പിച്ച ഈ വലിയ മനുഷ്യൻ 'മഹാത്മാ'ക്കളുടെ കൂട്ടത്തിലല്ലേ എണ്ണപ്പെടേണ്ടത്?

ഇന്ത്യയിലെ മറ്റു മഹാത്മാക്കളെപ്പോലെ തന്നെ വട്ടശ്ശേരിൽ തിരുമേ

നിയും സമാധാനപരമായ മാർഗ്ഗങ്ങളാണ് തന്റെ പോരാട്ടത്തിനായി വിനിയോഗിച്ചത്. പൗരസ്ത്യ സഭകളുടെ ദൈവശാസ്ത്രത്തിന്റെ പിൻബലത്തിലും, ഇന്ത്യാമഹാരാജ്യത്തിലെ നിയമസംവിധാനത്തിനുള്ളിൽ നിന്നുകൊണ്ടുമാണല്ലോ അദ്ദേഹം തന്റെയാളുകളെ നയിച്ചത്. കേസുകൾ ജയിച്ചപ്പോഴെല്ലാം അമിതാഹ്ലാദം കാട്ടിയവരെ നിരുത്സാഹപ്പെടുത്തുകയായിരുന്നു. തിരുമേനിയുടെ ശക്തിസ്രോതസ്സ് മഹാകാരുണ്യവാനായ ദൈവം മാത്രമായിരുന്നു. തന്റെ തപശ്ചര്യകളിലൂടെയും, നിരന്തരമായ പ്രാർത്ഥനയിലൂടെയും, ജാഗരണങ്ങളിലൂടെയും ദൈവസംസർഗ്ഗത്തിൽ കഴിഞ്ഞ തിരുമേനി തന്റെ പിഴവുകൾക്കായി ദൈവത്തോടു ക്ഷമയാചിക്കുന്നതിൽ മാത്രമല്ല, താൻ മൂലം ഏതെങ്കിലും തരത്തിൽ പ്രയാസപ്പെട്ടവർക്കായി ദൈവത്തോടു കൃപകളെ യാചിക്കുകയും ചെയ്തു പോന്നു. ഒരു വ്യക്തിയുടെ സ്വകാര്യ സംഭാഷണങ്ങളും, ഡയറിക്കുറിപ്പുകളുമെല്ലാം ആ വ്യക്തിയെ സംബന്ധിച്ച് വ്യക്തമായ സൂചനകൾ നൽകുന്നതാണ്. തിരുമേനിയുടെ ഡയ**റിക്കുറിപ്പുകളിൽ ആർദ്രവാനായ ഒരു സഭാ നേതാവിന്റെയും, വാത്സല്യമുള്ള ഒരു പിതാവിന്റെയും, മനുഷ്യ സ്നേഹമുള്ള ഒരു സാമൂഹിക പരിഷ്കർത്താവിന്റെയും രേഖാചിത്രം ഒളിഞ്ഞു കിടപ്പുണ്ട്.**

താൻ ദൈവനിയോഗത്താൽ പുരാതനവും അപ്പോസ്തോലികവുമായ ഭാരത സഭയുടെ സ്വാതന്ത്ര്യത്തിനായി നിയമിക്കപ്പെട്ടവനാണെന്നുള്ള ഉൾബോധത്താൽ പലപ്പോഴും അദ്ദേഹം പ്രശ്നങ്ങളുടെ മുൻപിൽ അചഞ്ചലനായി നിലകൊണ്ടു. വ്യക്തിപരമായ നേട്ടങ്ങൾക്കായും, സാമ്രാജ്യത്വശക്തികളുടെ പ്രീതി പിടിച്ചു വാങ്ങുന്നതിനായും അദ്ദേഹം ഒന്നും തന്നെ ചെയ്തില്ല. തന്റെ സമരപാത മുൾ മുനകൾ നിറഞ്ഞതാണെന്നറിഞ്ഞിട്ടും, തന്റെ ഉത്തമ സുഹൃത്തുക്കൾ പോലും കൈവിട്ടയവസരങ്ങളിലും ഈ മഹാത്മാവ് ധൈര്യം കൈവിടാതെ തന്റെ യാത്ര തുടർന്നു. ഭാവിയിൽ മലങ്കരസഭ എങ്ങനെയായിരിക്കണമെന്ന കാര്യത്തിൽ അദ്ദേഹത്തിന് വ്യക്തമായ ദർശനമുണ്ടായിരുന്നു. സമകാലീകരായ പലർക്കും അതുൾക്കൊള്ളുവാൻ കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. മഹാത്മാക്കളായ വിമോചകർ എന്നും ഇത്തരം വെല്ലുവിളികൾ ആത്മസംയമനത്തോടെയും, ധൈര്യത്തോടെയും, പ്രത്യാശ കൈവിടാതെയും നേരിട്ടിട്ടുണ്ട്. ക്രാന്തദർശിയായിരുന്ന പ. വട്ടശ്ശേരിൽ തിരുമേനിയും ഭാവികാലത്താണ് തന്റെ ദൃഷ്ടി ഉറപ്പിച്ചിരുന്നത്. കൂടെയുള്ളവർക്കും ആ 'നോട്ടം' എവിടെയാണ് പതിയുന്നത് എന്നു തിരിച്ചറിയുവാൻ സാധിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ വലിയ പോരാട്ടം കൊണ്ട് സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലങ്കരസഭാ മക്കളെങ്കിലും–ഈ പിതാവിനെ മനസ്സിലാക്കുവൻ ശ്രമിക്കണം.

സ്വാതന്ത്ര്യം അത്ര വലിയ ഒരു സമ്മാനമാണ്. ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ നൽകിയ ഏറ്റവും വലിയ സമ്മാനം അതായിരുന്നു. പലർക്കും അതു തിരിച്ചറിയുവാൻ കഴിയുന്നില്ല. മിക്കവാറും ഒരു താലന്തു ലഭിച്ച ദാസനെപ്പോലെ, ഭക്തരും അനുസരണമുള്ളവരും, യജമാനനെ ഭയക്കുന്നവരുമാണ്. അവർക്ക് മറ്റു കുഴപ്പങ്ങളൊന്നുമില്ല. പക്ഷെ യേശുവിന്റെ ഉപമയിലെ ആ മൂന്നാമത്തെ ദാസൻ ദുഷ്ടനും അലസനുമാണ്. വാസ്തവത്തിൽ അവൻ ചെയ്ത തെറ്റ് എന്താണ്? അവൻ യജമാനനെ ഭയപ്പെട്ടല്ലേ ജീവിച്ചത്? പിന്നെ എന്താണ് യജമാനൻ അവനെ ഇരുട്ടിലേക്കു തള്ളിക്കളഞ്ഞത്. അവനു ലഭിച്ച താലന്തുകൊണ്ട് സ്വാതന്ത്ര്യമുള്ളവനായി വിനിയോഗിച്ചില്ല. ഭയക്കുന്നവനും, വളർത്തുമൃഗത്തെപ്പോലെ അനുസരണമുള്ളവനായും ആണ്. തനിക്കു ലഭിച്ച താലന്ത് അവൻ വനിയോഗിച്ചത്. ദൈവത്തിലധിഷ്ഠിതമായ "സ്വാതന്ത്ര്യം" അതാണ് പ്രധാനം; ദൈവ സ്വരൂപം നൽകുന്ന വലിയ സമ്മാനം സ്വാതന്ത്ര്യമാണ്. മനുഷ്യനെ ദൈവം സ്വാതന്ത്ര്യമുള്ളവനായി ജീവിക്കാനാണ് സൃഷ്ടിച്ചിരിക്കുന്നത്. ദൈവത്തോടുള്ള ബന്ധത്തിലും മനുഷ്യൻ സ്വതന്ത്രനാണ്; അവന്റെ ആരാധനയും സ്വാതന്ത്ര്യത്തിന്റെ ഊഷ്മളതയിലായിരിക്കണം. ആരുടേയും ചങ്ങലകൾ അവൻ ഭയക്കേണ്ടതില്ല. ■

പഴയ സെമിനാരി പെരുന്നാൾ

23 മുതൽ 28 വരെ

ദേശീയവും, വൈദേശികവുമായ അധിനിവേശത്തിന്റെ കനൽ വഴികളിൽ അടിപതറാതെ, മലങ്കര നസ്രാണികളുടെ സ്വത്വബോധം ഊട്ടിയുറിപ്പിച്ച്, സ്വാതന്ത്ര്യത്തിന്റെ വാതായനങ്ങളെ തുറന്നിട്ട മലങ്കര ഓർത്തഡോക്സ് സഭയുടെ, ഭാരത ക്രൈസ്തവ സഭയിലെ തദ്ദേശീയനായ ദ്വിതീയ പ്രഖ്യാപിത പരിശുദ്ധൻ, സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 81–ാം ഓർമ്മ 2015 ഫെബ്രുവരി 23 മുതൽ 28 വരെ പഴയ സെമിനരിയിൽ നടത്തും. പെരുന്നാളിന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും അഭിവന്ദ്യ പിതാക്കന്മാരും നേതൃത്വം നൽകും.

മലങ്കരസഭാ നൗകയെ ദിശാബോധം നല്കി നയിച്ച് സ്വതന്ത്ര തുറമുഖത്തെത്തിച്ച സഭാ ഭാസുരന്റെ വിശുദ്ധ ജീവിതചര്യകളിലൂടെ നേടിയ നിക്ഷേപങ്ങളാണ് സ്വാതന്ത്ര്യവും, സ്വയം ശീർഷകത്വവും, കാതേലിക്കേറ്റും, ഭരണഘടനയും. പരിശുദ്ധന്റെ ചിന്താധാരകൾ സാമൂഹിക, സാംസ്ക്കാരിക രംഗങ്ങളിലും, വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ആരാധനാ ശൈലിയിലും പ്രതിഫലിച്ചു. മലങ്കരയുടെ മണ്ണിൽ മാർത്തോമ്മായുടെ മാർഗ്ഗത്തെ നിലനിർത്തുവാൻ യത്നിച്ച പരിശുദ്ധന്റെ ജീവിത മാതൃകകൾ നിലനിർത്തുകയെന്ന ഉത്തരവാദിത്തം നമുക്കുണ്ട്.

പ. കാതോലിക്കാ ബാവ ഫെബ്രുവരി 23–ന് ഒൻപതു മണിക്ക് പെരുന്നാൾ കൊടിയേറ്റ് നടത്തും. കൺവൻഷൻ ഉദ്ഘാടനം സഖറിയാ മാർ അന്തോണിയോസ് നിർവ്വഹിക്കും. ചരിത്ര സെമിനാർ, എക്യുമെനിക്കൽ സമ്മേളനം, ധ്യാനയോഗം, കൺവൻഷൻ, ക്രിസ്തീയ ഗാനസന്ധ്യ എന്നിവ വിവിധ ദിവസങ്ങളിലായി നടത്തും.

27–ന് കോട്ടയം ചെറിയ പള്ളിയിൽ നിന്നും വൈകിട്ട് ഏഴിന് ആരംഭിക്കുന്ന ഭക്തിപൂർവ്വമായ പ്രദക്ഷിണവും സഭയുടെ വിവിധ ദേവാലയങ്ങളിൽ നിന്ന് വരുന്ന തീർത്ഥാടകരുടെ സംഗമവും ഒൻപതിന് പഴയസെമിനാരിയിൽ എത്തിച്ചേരും. 28–ന് രാവിലെ പ. കാതോലിക്കാ ബാവാ തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന. 11 മുതൽ പഴയ സെമിനാരിയിലെ വിവിധ സ്ഥലങ്ങളിലായി മർത്തമറിയം വനിതാ സമാജ സമ്മേളനം, സന്ന്യാസ സംഗമം, ബാലസമാജം ഏകദിന സമ്മേളനം, ശുശ്രൂഷസംഘം സമ്മേളനം എന്നിവ നടക്കും. പെരുന്നാൾ ശുശ്രൂഷകളിൽ ഏവരും നേർച്ചകാഴ്ചകളോടെ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണം.

– ഫാ. എം.സി. കുറിയാക്കോസ്
(മാനേജർ, പഴയ സെമിനാരി)

ചരമസുവർണ്ണ ജൂബിലി പ്രഭാഷണങ്ങൾ

റിപ്പോർട്ട്: ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

ദിവ്യമായ ജീവിത ശൈലി

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി



മലങ്കര സഭയ്ക്ക് എന്നും അഭിമാനത്തോടെ ഓർക്കുവാൻ കഴിയുന്ന നാമധേയമാണ് 'കുറിച്ചി ബാവ' എന്നറിയപ്പെടുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവ. എന്റെ മാതാപിതാക്കളോടൊപ്പം പ. ബാവാ തിരുമേനിയെ കാണുവാൻ ദേവലോകത്തെ പഴയ അരമനയിൽ പോയപ്പോൾ ലഭ്യമായ സ്നേഹവും വാത്സല്യവും എന്നും ഞാൻ ഓർക്കാറുണ്ട്. അന്ന് ഞാൻ പ്രൈമറി സ്ക്കൂളിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയായിരുന്നു.

രണ്ടാമത് ഓർക്കുന്നത് ഒരു ജാഥയിൽ പ. ബാവായെ കാണുന്നതാണ്. അടൂർ നിന്നും കോട്ടയത്തേക്ക് അനേക കാറുകളുടെ അകമ്പടിയോടെ പ. ബാവ തിരുമേനി വന്ന കാര്യം ഇന്നും ഹൃദയത്തിൽ തങ്ങി നിൽക്കുന്നു. അന്ന് കാറുകൾ പരിമിതമായിരുന്നു. ഇന്നത്തെപോലെ കാറുകൾ അധികം ഇല്ലാത്ത കാലഘട്ടമാണ്. ഏതാണ്ട് 600-ൽപ്പരം കാറുകളുടെ അകമ്പടിയോടെ പ. ബാവായെ അടൂരിൽ നിന്നും സ്വീകരിച്ച് കോട്ടയത്തേക്ക് ആനയിച്ചത് കാണുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. ആ കാഴ്ച ജീവിതത്തിലെ ഒരു അനുഭവം തന്നെയായിരുന്നു. മലങ്കര സഭയ്ക്ക് ഏറ്റവും കൂടുതൽ കാലം നേതൃത്വം നൽകിയത് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയാണ്. ഏതാണ്ട് 35 വർഷക്കാലം. അതും ഏറ്റവും ബുദ്ധിമുട്ടേറിയ കാലം. കാറും കോളും എല്ലാം നിറഞ്ഞു നിന്ന ഒരു കാലഘട്ടം. പക്ഷെ ബാവാ തിരുമേനി പ്രാർത്ഥനകൊണ്ടും ദിവ്യമായ ജീവിത ശൈലികൊണ്ടും പ്രതിസന്ധികളെ അതിജീവിച്ച് ഈ സഭയ്ക്ക് ആത്മവിശ്വാസം നൽകി സഭയെ നയിച്ചു.

മലങ്കരസഭയ്ക്ക് എന്നും ഏറ്റവും വലിയ സമ്പത്താണ് കുറിച്ചി ബാവ എന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവ തിരുമേനി എന്നത് ഒരു യാഥാർത്ഥ്യമാണ്. ആ ഓർമ്മയുടെ പശ്ചാത്തലത്തിൽ മലങ്കര സഭയുടെ ആത്മവിശ്വാസം വർദ്ധിക്കുവാൻ ഇടയാക്കിയ ഈ ആഘോഷം ഏറ്റവും അഭിനന്ദനാർഹമാണ്. അദ്ദേഹത്തിന്റെ ഓർമ്മ സഭയ്ക്ക് എന്നും പ്രചോദനം നൽകും. ആ ദിവ്യ സ്മരണയ്ക്ക് മുമ്പിൽ എന്റെ ആദരാഞ്ജലികൾ ഒരിക്കൽക്കൂടി അർപ്പിക്കുന്നു.

(പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ സുവർണ്ണ ജൂബിലി സമ്മേളനത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നടത്തിയ ഉദ്ഘാടന പ്രസംഗം. 4-1-2015)

പ്രകാശം പകർന്ന ഉദയ നക്ഷത്രം

ബിഷപ്പ് തോമസ് കെ. ഉമ്മൻ (ഡെപ്യൂട്ടി മോഡറേറ്റർ, സി.എസ്.ഐ.)

മലങ്കര സഭയുടെ കാവൽഭടനായി 35 വർഷം സഭയെ നയിച്ച ധീരനായ പിതാവാണ് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി.

മലങ്കര സഭാ ചരിത്രത്തിൽ ആഞ്ഞടിച്ച ഏറ്റവും വലിയ പ്രതിസന്ധിയിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവ ഒരു തപോവര്യന്റെ ചിട്ടയോടും നിഷ്ഠയോടും ദൈവാശ്രയത്തോടും കൂടി ധീരമായി സഭയെ നയിച്ചു. സഭയുടെ ചരിത്രത്തിലെ ആത്മീകമായ ഉറവിടങ്ങളെ കണ്ടെത്തി കാലികമായി ദൈവബോധത്തെ വെളിപ്പെടുത്തുവാൻ ആ തപോധനന് കഴിഞ്ഞു.

ദേവലോകം ക്രൈസ്തവ സഭയുടെ തന്നെ ആസ്ഥാനമായി നിൽക്കുമ്പോൾ അതിന് മുഖാന്തിരമായത് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയാണ്. ഓരോ കാലഘട്ടത്തേയും അതിജീവിച്ച ജീവിത വിശുദ്ധനാണ് ഭാവി തലമുറയ്ക്ക് എപ്പോഴും പ്രയോജനകരമായിതീരുന്നത്. ഉത്തമരായ ആത്മീയ ശ്രേഷ്ഠരെ സ്മരിക്കുമ്പോൾ, ആരാധിക്കുമ്പോൾ 'എങ്ങനെയാണ് പ്രതിസന്ധികളെ അതിജീവിക്കുവാൻ കഴിയുക' എന്ന ഉത്തരവാദിത്വം പുതിയ തലമുറ മനസിലാക്കണം. പ്രതിസന്ധി ജീവിതത്തിന്റെ ഭാഗമാണ്. അതു ചെറിയ ജീവിതമായാലും വലിയ ജീവിതമായാലും, കുടുംബജീവിതമായാലും സഭാ ജീവിതം ആയാലും, രാഷ്ട്രീയ ജീവിതമായാലും പ്രതിസന്ധി ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. എന്നാൽ പ്രതിസന്ധിയെ എങ്ങനെ അഭിമുഖീകരിക്കുന്നുവോ, അതിജീവിക്കുന്നുവോ അതിന്റെ പശ്ചാത്തലത്തിലാണ് ഒരുവന്റെ ശ്രേഷ്ഠത നിർണ്ണയിക്കുന്നത്. ഇത്തരം അതി ജീവനം ശോഷിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ജീവിതത്തിന്റെ എല്ലാ കഠിനതകളിലും പോരാട്ടങ്ങളിലും ജീവിതം ആടിയുലയുന്നു എന്നു തോന്നിയപ്പോൾ തന്നിൽ നിന്നും ശോഷിച്ചു പോകാതിരുന്ന ആത്മീയ ചൈതന്യം അവയെ അതിജീവിക്കുവാൻ ശക്തി പകർന്നു. ത്രിത്വത്തിൽ വിശ്വസിക്കുന്ന സഭാമക്കൾക്ക് ഇത്തരം പ്രതിസന്ധികളിൽ പരിശുദ്ധാത്മാവിന്റെ ചൈതന്യം ലഭ്യമാകുന്നു. പരിശുദ്ധാത്മാവിന്റെ ചൈതന്യമാണ് സഭാപിതാക്കന്മാരെ പ്രതിസ

ഉത്തമ മഹർഷി വര്യൻ

ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ

പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആധുനിക മലങ്കര ഓർത്തഡോക്സ് സഭയുടെ ശില്പിയായിരുന്നു. മലങ്കരസഭയുടെ ആധുനിക കാലത്തുണ്ടായ വലിയ പ്രശ്നങ്ങളെ ധീരതയോടെ നേരിട്ട് ശരിയായ അടിത്തറപാകിയ മഹത്വ്യക്തിയാണ്.

സഭാ കേന്ദ്രത്തിന്റെ നിർമ്മിതി, സഭാ ഭരണഘടനയുടെ രൂപീകരണം, കാലഘട്ടത്തിന്റെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് പ്രവർത്തിച്ച മഹർഷി വര്യൻ എന്നീ നിലകളിൽ ശ്രദ്ധേയമായ വ്യക്തിത്വമാണ് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയിൽ നിറഞ്ഞു നിന്നത്. അദ്ദേഹം ഒരു കാലഘട്ടത്തിന്റെ വെല്ലുവിളികളെ മറ്റാർക്കും സാധിക്കാത്തവിധത്തിൽ നേരിട്ടും. വലിയ പരാജയത്തിന്റെ നടുവിലും കുലുങ്ങാതെ ധീരതയോടെ സഭയെ നയിച്ച മഹാപ്രതിഭയായിരുന്നു.

ഒരു സഭയുടെ സുസ്ഥിതി മറ്റൊരു സഭയ്ക്ക് സന്തോഷവും ആശ്വാസവും പകരുന്നതാണ്. സഭകളുടെ ശൈഥല്യം മറ്റ് സഭകൾക്കും അംഗീകരിക്കുവാൻ പ്രയാസമാണ്. സഭയിൽ സമാധാനം സ്ഥാപിച്ച് സഭയെ മുന്നോട്ട് നയിക്കുവാൻ പ. ബാവായ്ക്ക് കഴിഞ്ഞതിൽ മറ്റ് സഭകൾക്ക് വലിയ സന്തോഷമാണ് ഉണ്ടായിട്ടുള്ളത്. പ. ബാവാ സഭയെ ആത്മാർത്ഥമായി സ്നേഹിച്ച പിതാവാണ്. സഭയ്ക്ക് വേണ്ടി എന്തു ത്യാഗവും ചെയ്യുവാൻ അദ്ദേഹം സന്നദ്ധമായിരുന്നു. ഒരു സന്യാസവര്യന്റെ ശൈലിയിൽ തനിക്കുള്ളതെല്ലാം സഭയ്ക്ക് സമർപ്പിച്ചു. ദീർഘകാലം സഭയുടെ അദ്ധ്യക്ഷനായിരുന്നതിനാൽ നിരന്തരമായി സഭയെ ആത്മീയമായി കർമ്മനിരതമാക്കി. സഭാ പിതാക്കന്മാർ എല്ലാം എപ്പോഴും ചെയ്യുന്നത് അങ്ങനെയാണ്. ഭൗതീക നേട്ടത്തിൽ എപ്പോഴും ആശ്രയിക്കുവാൻ കഴിയുകയില്ല. സഭയുടെ നന്മ, ദൈവത്തിന് മഹത്വം ഇതാണ് സഭാ പിതാക്കന്മാരുടെ മനസിൽ എപ്പോഴും ഉള്ളത്. ഈ കാഴ്ചപ്പാട് പ. ഗീവർഗീസ് ദ്വിതീയൻ ബാവായിലും കാണുവാൻ കഴിയും.

ഒരു കാലഘട്ടത്തിന്റെ അടയാളങ്ങൾ മനസിലാക്കിയാണ് പ. ബാവ സഭയെ ഫലപ്രദമായി നയിച്ചത്. 1934-ൽ ഒരു ഭരണഘടന ഉണ്ടാകണം, വനിതാസമാജം ഉണ്ടാകണം, ഒരു യുവജനപ്രസ്ഥാനം ഉണ്ടാകണം എന്നൊക്കെ ചിന്തിക്കുവൻ അക്കാലത്ത് അധികം ആളുകൾക്കും കഴിഞ്ഞിട്ടില്ല. കത്തോലിക്കാ സഭയിൽപ്പോലും സംഘടിതമായ രീതിയിൽ യുവജനപ്രസ്ഥാനം തുടങ്ങിയത് 1972-ൽ മാത്രമാണ്. അങ്ങനെ നേരത്തെ കാലത്തിന്റെ സൂചനകളെ മനസിലാക്കി സഭയെ നയിക്കുവാനുള്ള കർമ്മധീരത അദ്ദേഹത്തിനുണ്ടായിരുന്നു. വിവിധ ആത്മീക പ്രസ്ഥാനങ്ങളിൽ കൂടി മലങ്കരസഭയ്ക്ക് ഉണ്ടായ മുന്നേറ്റങ്ങൾ അനവധിയാണ്. ഇങ്ങനെയുള്ള ആത്മീയ പ്രസ്ഥാനങ്ങളിലൂടെ സഭയുടെ സുസ്ഥിതി വിപുലമാകുന്നത് എങ്ങനെ ആയിരിക്കണമെന്ന് വളരെ ചിന്തിക്കുന്ന ഒരു കാലഘട്ടമാണിത്.

മലങ്കരസഭയ്ക്ക് ഔദ്യോഗികമായ പ്രസിദ്ധീകരണം 1946-ൽ 'മലങ്കരസഭാ മാസിക' എന്ന പേരിൽ ആരംഭിച്ചത് പ. ബാവാ തിരുമേനിയാണ്. മാധ്യമങ്ങളുടെ കാലഘട്ടത്തിൽ മാധ്യമ പ്രാധാന്യം പ. ബാവ തിരിച്ചറിഞ്ഞു. സഭകളെ വിമർശനാത്മകമായി നോക്കി കാണുന്ന മാധ്യമങ്ങളുടെ നടുവിൽ സഭയുടെ യഥാർത്ഥ ചിത്രം വരച്ചുകാട്ടുവാനും സഭയുടെ സന്ദേശം എന്താണെന്ന് പൊതു സമൂഹത്തെ അറിയിക്കുവാനും ഔദ്യോഗിക പ്രസിദ്ധീകരണം എപ്പോഴും സഹായകരമാണ്. ഇത്തരം ഒരു മാധ്യമം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ് പ. ബാവാ ആരംഭിച്ചതാണ് മലങ്കരസഭ മാസിക. സഭാ ഐക്യ രംഗത്തും പ. ഗീവർഗീസ് ദ്വിതീയൻ ബാവ നിസ്തുല സംഭാവനകളാണ് നൽകിയത്. അദ്ദേഹം 1948-ൽ നടന്ന അഖില ലോക സഭാ കൗൺസിലിന്റെ രൂപീകരണത്തിൽ സഹകരിച്ചു. വത്തിക്കാൻ കൗൺസിൽ എക്യുമെനിക്കൽ രംഗത്ത് നൽകിയ വലിയ പിന്തുണയാണ് കത്തോലിക്കാസഭ ഈ രംഗത്ത് ഇറങ്ങി പ്രവർത്തിക്കുവാൻ മുന്നോട്ട് വന്നത്. എന്നതിൽ ഇതിനൊക്കെ എത്രയോമുമ്പ്, പ്രത്യേകിച്ച് 1940കളിൽ

ശേഷം 47-ാം പേജിൽ

സ്ഥികൾ അതിജീവിച്ച് സഭയെ നയിക്കുവാൻ പ്രാപ്തമാക്കിയത്.

'കുറിച്ചി ബാവ', 'കുറിച്ചി പിതാവ്' എന്നറിയപ്പെടുന്ന മലങ്കരയിലെ 'വലിയ ബാവ' ലോകം മുഴുവനും അറിയപ്പെടുന്നു. സഭകൾ തമ്മിൽ ഐക്യത്തിലും യോജിപ്പിലും എത്തുവാൻ കഴിയും എന്ന ബോധ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നു. അഖില ലോക സഭാ സമിതി ഉണ്ടാക്കുന്നത് 1948-ൽ മാത്രമാണ്. എന്നാൽ അതിന് മുമ്പേ സഭകൾ തമ്മിൽ ഐക്യത്തിൽ പ്രവർത്തനങ്ങളെ ക്രോഡീകരിക്കുവാൻ കഴിയുമെന്ന് സ്വപ്നം കണ്ട പിതാവാണ് പ. ഗീവർഗീസ് ദ്വിതീയൻ ബാവ. **സഭകളുടെ ഐക്യത്തിന്റെ സൂചനകൾ ലോകത്തിന് പകർന്ന വലിയ പിതാവാണിത്. ഇത് സഭകൾക്കുള്ള ആത്മീയ ചൈതന്യമാണ്.**

ഭാരതീയ സമൂഹത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ വലിയ ബാവായെപോലുള്ള പിതാക്കന്മാരുടെ ആത്മീയ ദർശനം അനിവാര്യമാണ്. പ്രചോദനമാണ്. **ഈ ചരമ സുവർണ്ണ ജൂബിലി വരും തലമുറയ്ക്ക് ഒരു വെളിച്ചമായി തീരണം. ജ്യോതിസ്സായി തീരണം. അന്ധകാരങ്ങൾക്ക് നടുവിൽ ലോകത്തെ നയിക്കുവാൻ കഴിയുന്ന ജ്യോതിസുകളാണ് ഉത്തമ ഇടയർ. അവരാണ് സഭയുടെ ഉദയ നക്ഷത്രം.** അവർക്കു മാത്രമേ സഭയെയും സമൂഹത്തെയും ഇരുട്ടിൽ നേരിയ വെളിച്ചത്തിന്റെ പാതയിൽ നയിക്കുവാൻ കഴിയൂ. പ്രകാശം പകർന്ന ഉദയ നക്ഷത്രമായിരുന്നു പ. ഗീവർഗീസ് ദ്വിതീയൻ ബാവ. പുണ്യശ്ലോകനായ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ജീവിത ദർശനങ്ങൾ ക്രൈസ്തവ സഭകൾക്ക് മുഴുവൻ പ്രചോദനമാണ്. ആ പുണ്യ ജീവിതത്തിന് മുമ്പിൽ ശിരസ് നമിക്കുന്നു.

(പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ സുവർണ്ണ ജൂബിലി സമാപനത്തിൽ ചെയ്ത പ്രസംഗം. 4-1-2015)



കൂനൻ കുരിശിലെ അതുല്യ ദേവാലയം

■ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

കൂനൻകുരിശു സത്യത്തിന്റെ സ്മരണയ്ക്കായി മട്ടാഞ്ചേരിയിൽ പുനർ നിർമ്മിച്ചിരിക്കുന്ന തീർത്ഥാടന കേന്ദ്രത്തിന്റെ താൽക്കാലിക കൂദാശയാണ് നിർവ്വഹിച്ചിരിക്കുന്നത്. കൂനൻ കുരിശു സത്യത്തിന്റെ പ്രാധാന്യം എത്ര വലുതാണെന്ന് സഭയിലെ സാധാരണ വിശ്വാസികൾക്ക് ഇപ്പോഴും വ്യക്തമായിട്ടില്ല എന്നാണ് എന്റെ വിചാരം.

മലങ്കരസഭയുടെ ആട്ടിൻകൂട്ടത്തെ പൂർണ്ണമായും നശിപ്പിക്കത്തക്ക രീതിയിൽ വിദേശ മേൽക്കോയ്മ ഉണ്ടായപ്പോൾ അതിനെ തള്ളിപ്പറഞ്ഞുകൊണ്ട് അതിശക്തമായ തീരുമാനങ്ങൾ നമ്മുടെ കാരണവന്മാർ എടുത്ത പുണ്യസ്ഥലമാണിത്. അങ്ങനെയൊരു തീരുമാനം നമ്മുടെ പൂർവ്വികർ എടുത്തില്ലായിരുന്നെങ്കിൽ മലങ്കര സഭയിൽ മാർത്തോമ്മാ ശ്ലീഹായുടെ പിൻതലമുറക്കാരായി ഒരു സമൂഹം ഇവിടെ ഉണ്ടാകുകയില്ലായിരുന്നു.

1653-ൽ നടന്ന കൂനൻ കുരിശു സത്യത്തിന് മലങ്കരയിൽ, ഭാരതത്തിൽ ആർക്കെങ്കിലും അവകാശപ്പെടുവൻ അർഹതയുണ്ടെങ്കിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് മാത്രമേയുള്ളൂ. ഇവിടെ ഒരു കുരിശിന്മേൽ വലിയ

ഇപ്പോൾ കൂനൻ കുരിശു സത്യത്തിന്റെ ഉടമസ്ഥതാവകാശം പറയുന്ന ധാരാളം ക്രിസ്തീയ സഭകൾ ഇവിടെ കാണുന്നുണ്ട്. അത് എങ്ങനെയാണ് അവകാശപ്പെടുവാൻ സാധിക്കുക എന്ന് എനിക്ക് അറിഞ്ഞു കൂടാ. അങ്ങനെയുള്ള സഭകളുടെ ആസ്ഥാനം ഒന്നും ഭാരതത്തിലുമല്ല കേരളത്തിലുമല്ല. വിദേശ രാജ്യങ്ങളിലാണ്.

ആലാത്ത്, കയറ്, കെട്ടി അതിന്മേൽ തൊട്ടുകൊണ്ട് നമ്മുടെ പൂർവ്വികർ വിദേശ മേൽക്കോയ്മയെ തള്ളിപ്പറഞ്ഞ ചരിത്ര സംഭവത്തിന്റെ പ്രധാന കേന്ദ്രമാണിത്. ഇപ്പോൾ കൂനൻ കുരിശു സത്യത്തിന്റെ ഉടമസ്ഥാവകാശം പറയുന്ന ധാരാളം ക്രിസ്തീയ സഭകൾ ഇവിടെ കാണുന്നുണ്ട്. അത് എങ്ങനെയാണ് അവകാശപ്പെടുവാൻ സാധിക്കുക എന്ന് എനിക്ക് അറിഞ്ഞു കൂടാ. അങ്ങനെയുള്ള സഭകളുടെ ആസ്ഥാനം ഒന്നും ഭാരതത്തിലുമല്ല. കേരളത്തിലുമല്ല. വിദേശ രാജ്യങ്ങളിലാണ്.

വിദേശ സഭകളുടെ കീഴിലുള്ള ഏതെങ്കിലും ഒരു സഭയ്ക്ക് കൂനൻ കുരിശു സത്യത്തിന്റെ ഉടമസ്ഥത ഒരിക്കലും അവകാശപ്പെടുവാൻ സാധിക്കുകയില്ല. പരിശുദ്ധ അഞ്ചാം മാർത്തോമ്മാ ദീർഘകാലം താമസിച്ചയിടമാണിത്. പരിശുദ്ധ ശക്രള്ളാ ബാവ ഏറെക്കാലം ജീവിച്ച സ്ഥലമാണിത്. അപ്പോൾ മുന്നൂറ് മുന്നൂറ്റിയമ്പതു വർഷത്തെ ചരിത്രം ഉറങ്ങുന്നയിടം എന്നു പറയുന്നത് അത്ര നിസാരമല്ല. ചരിത്രത്തെ നമ്മൾ പലപ്പോഴും ഗൗരവമായി കാണാറില്ല.

നമ്മുടെ പിതാക്കന്മാർ സഭയുടെ സത്യവിശ്വാസം നിലനിർത്താൻ വേണ്ടി അനുഭവിച്ച ത്യാഗങ്ങൾ വളരെയാണ്. അതിനോട് താരതമ്യം ചെയ്യുമ്പോൾ നമ്മുടെ വിശ്വാസത്തിന്റെ ശക്തി അത്രയുണ്ടോ എന്ന് സംശയമാണ്. അതുകൊണ്ട് ഈ തീർത്ഥാടന കേന്ദ്രം വളർന്ന് വികസിക്കുകയും ലോകത്തുള്ള സകലരേയും ആകർഷിക്കത്തക്ക രീതിയിലുള്ള ആസ്ഥാന കേന്ദ്രമായി രൂപപ്പെടുകയും വേണം. പണ്ട് 'മട്ടാഞ്ചേരി പള്ളി' എന്ന് ഇതിനെ പറഞ്ഞിരുന്നു. ഫോർട്ട് കൊച്ചി പള്ളിയുടെ അധീനതയിലായിരുന്നു ഇത്. പിന്നീട് സഭയെ ഏല്പിച്ചു. സഭ നിങ്ങളുടെ ഏവരുടെയും സഹകരണത്തിൽ പൗരാണികമായ ഈ കേന്ദ്രം പുതുക്കി പണിതുയർത്തിയിരിക്കുകയാണ്. ഇവിടെ എല്ലാ ഞായറാഴ്ചയും ആരാധന നടക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഒരു ജീവ ചൈതന്യം, ദൈവികമായ സാന്നിധ്യം ഒരു തടസ്സവും കൂടാതെ ഇവിടെ ഉണ്ടാകുമ്പോൾ ദൈവം കൂടുതൽ ഈ തീർത്ഥാടന കേന്ദ്രത്തെ അനുഗ്രഹിക്കുകയും ഇവിടെ നിന്ന് ഉയരുന്ന ദൈവികമായ ആരാധന ദേശത്തിനും നാടിനും മലങ്കരസഭയ്ക്കും ഒരുപാട് ദൈവികമായ അനുഗ്രഹങ്ങൾ നൽകുകയും ചെയ്യും. ഇതിന് വേണ്ടി ബുദ്ധി, ധനം, കഴിവ്, സമയം, സ്വാധീനം എന്നിവ ഉപയോഗിച്ച് അദ്ധ്വാനിച്ച എല്ലാവരോടും വളരെ നന്ദിയുണ്ട്. ഇവിടെ പണിതുയർത്തിയ ഈ തീർത്ഥാടന കേന്ദ്രത്തിന് ഒരു അതുല്യതയുണ്ട്. ഇത്രയും മനോഹരമായ ഒരു ദേവാലയം ലോകത്ത് ഒരിടത്തും കാണുവാൻ കഴിയുകയില്ല. ഇതൊരു മനോഹാരിതമായ അതുല്യ ദേവാലയമാണ്. ഇതിന് വേണ്ടി പ്രവർത്തിച്ച എല്ലാവരേയും ദൈവം അനുഗ്രഹിക്കും.

(മട്ടാഞ്ചേരി കൂനൻ കുരിശ് തീർത്ഥാടന കേന്ദ്രത്തിന്റെ താല്ക്കാലിക കൂദാശയോടനുബന്ധിച്ച് 23 ജനുവരി, 2015-ന് നടത്തിയ പ്രഭാഷണം)

JTK

ആത്മീയതയുടെ വൃത്തിയുള്ള പരിസരങ്ങൾ

■ ഡോ. എം. എസ്. പോൾ

അനുനിമിഷം മലിനപ്പെട്ടുകൊണ്ടിരിക്കുന്ന പരിസരങ്ങൾ ഒരു സമൂഹത്തിന്റെ സാംസ്ക്കാരിക ജീർണ്ണതയുടെ ആവിഷ്ക്കാരം കൂടിയാണ്. മലിനമാക്കപ്പെടുന്ന പരിസരങ്ങൾ, അറിഞ്ഞും അറിയാതെയും ശരീരത്തിലേക്ക് കയറ്റിവിടുന്ന കീടനാശിനികൾ, എന്നിങ്ങനെ ഒരു സമൂഹം വിഷലിപ്തമായിക്കൊണ്ടിരിക്കുന്ന വർത്തമാന കാലത്താണ് നാം ജീവിക്കുന്നത്. ശബ്ദ മലിനീകരണം മാത്രം സൃഷ്ടിക്കുന്ന നവ ആത്മീയ പ്രസ്ഥാനങ്ങൾ, ചൂഷണത്തിന്റെ പുത്തൻ പ്രത്യയശാസ്ത്രങ്ങൾ ആധ്യാത്മികതയുടെ ഭാഗമാണെന്ന് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്ന സഭാ സ്ഥാപനങ്ങൾ, ധാർമ്മികതയുടെ പരിവേഷമണിഞ്ഞ അധാർമ്മിക പ്രവണതകൾ ഇങ്ങനെ അരക്ഷിതമായ ഒരു കാലാവസ്ഥ നമുക്ക് ചുറ്റിലുമുണ്ട്.

ഉപഭോഗനാഗരികതയുടെ ആഹ്വാനങ്ങളാൽ വാങ്ങി കൂട്ടുകയും ഉപയോഗശേഷം വലിച്ചെറിയുകയും ചെയ്യുന്ന ശരാശരി ഉപഭോക്താവാണ് ഇന്ന് കേരളത്തിലുള്ളത്. ഉറവിട മാലിന്യസംസ്ക്കരണം പോലും മറ്റുള്ളവർ പറഞ്ഞു കൊടുക്കേണ്ട സാമാന്യ വിവരമായി മാറിയിട്ടുണ്ട്. മാലിന്യം വലിച്ചെറിയാനുള്ള ഒരേർപ്പാടായതിനാൽ പ്രഭാത സവാരിക്കാർ പോലും ഇന്ന് സംശയത്തിന്റെ നിഴലിലാണ്. ഒരു വേള ജാഗരൂഗരായിരുന്നില്ലെങ്കിൽ സ്വന്തം വീട്ടുമുറ്റത്തുപോലും കക്കൂസ് മാലിന്യം നിക്ഷേപിക്കപ്പെടാം എന്ന സാധ്യത ഇന്നുണ്ട്. ഇങ്ങനെ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളാൽ മൂടപ്പെട്ടു പോയേക്കാവുന്ന ഒരിടമായി കേരളം പരിമിതപ്പെടുകയാണിന്ന്. വൃത്തിയും വെടിപ്പുമുള്ള ഒരു ഭൂതകാലം മലയാളിക്കുണ്ടായിരുന്നു. ആവശ്യത്തിനുമാത്രം വാങ്ങുക ഉപയോഗിക്കുക എന്ന നയം അന്നുണ്ടായിരുന്നു. മനുഷ്യൻ- കന്നുകാലികൾ-വളർത്തു പക്ഷികൾ എന്നിങ്ങനെ ചെറുതെങ്കിലും പ്രായോഗികമായ ഒരു ജൈവ ശൃംഖല ഓരോ ഭവനത്തിലുമുണ്ടായിരുന്നു. ഭക്ഷണാവശ്യത്തിനായി പുറത്തു നിന്നും വിലകൊടുത്തു വാങ്ങേണ്ടുന്നവ തീരെ കുറവ്. പച്ചക്കറി പാൽ മുട്ട പൂക്കൾ തുടങ്ങി അടിച്ചുവാരാനുള്ള ചൂൽ വരെ വീട്ടിൽ ഉൽപാദിച്ചിരുന്നു. കൃത്യമായ ഈ മാനേജ്മെന്റ് ഒരു കുടുംബത്തിന്റെ സാമ്പത്തിക സ്രോതസിനെ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോയിരുന്നു. വളർത്തു മൃഗങ്ങളും കൃഷിയും വീട്ടിലുള്ളവരും തമ്മിലുള്ള ഒരു പാരസ്പര്യം അന്നുണ്ടായിരുന്നു. അധ്വാനവും ആധ്യാത്മികതയും തമ്മിലുള്ള ബന്ധം ബൈബിൾ കാലത്തിനും മുമ്പേയുള്ള ജീവിത രീതിയായിരുന്നു. സ്നേഹവും ആത്മീയതയും ദാരിദ്ര്യവും പാരസ്പര്യവും സമാധാനവും നിലനിന്നു പോന്ന ആ കാലം ഇന്ന് പൂർണ്ണമായും ഇല്ലാതായിരിക്കുന്നു.

ഓർത്തഡോക്സ് സഭ അതിപ്രാചീനകാലം മുതലേ പിന്തുടർന്നിരുന്ന ശൈലികളിലേക്ക് നമ്മുടെആഘോഷങ്ങളും പെരുനാളുകളും മാറേണ്ടതുണ്ട് നമ്മുടെ സംസ്കൃതിയെ ഓർമ്മിപ്പിക്കുന്ന എണ്ണ വിളക്കുകളും പിണ്ടി വിളക്കുകളും കുരുത്തോലകളും ഒരുപാരിസ്ഥിതിക പ്രശ്നവുമുണ്ടാക്കുന്നില്ല. നമ്മുടെ പെരുനാൾ നേർച്ചകൾ പോലും എത്രയോ സാത്വികമായിരുന്നു.

ഒന്നും ഉത്പാദിപ്പിക്കാനോ അദ്ധ്വാനിക്കാനോ തയ്യാറാകാതെ എല്ലാം പണം കൊടുത്തു വാങ്ങി ഉപയോഗിച്ച് വലിച്ചെറിഞ്ഞ് കാലക്ഷേപം കഴിക്കുന്ന പുതിയ തലമുറയുടെ

ശേഷം 24-ാം പേജിൽ

എലിമിനേഷൻ

ഇതിപ്പോൾ 'റിയാലിറ്റി ഷോ'കളുടെ കാലമാണ്. നല്ല 'പെർഫോമൻസ്' ഇല്ലാത്തവർ എലിമിനേറ്റ് ചെയ്യപ്പെടും. സഭാപരിസരങ്ങളിലും പെർഫോമൻസിനാണ് ഇപ്പോൾ പ്രാധാന്യം. അപ്പിയറൻസിനും മാർക്കുണ്ട്. ശക്തി പ്രകടനങ്ങളും ഭക്തിപ്രകടനങ്ങളും വർദ്ധിക്കുന്നു. അയൽവക്കത്തെ പള്ളികളിലെ വിശുദ്ധന്മാർ ചെണ്ടകൊട്ടി മത്സരിക്കുന്നു.

— സഖേർ —

ബാംഗ്ലൂർ നിന്നാണ് അവരെത്തിയത്. യുവാക്കളുടെ ഒരു ചെറു സംഘം. രണ്ടുനാൾ ആശ്രമത്തിലുണ്ടായിരുന്നു. രാത്രി പുലരുവോളം സംവാദം. തർക്കിക്കാനും ജയിക്കാനുമല്ല, അറിയാനും പരസ്പരം ആശ്വസിക്കാനും മാത്രം. പള്ളിയിൽ പോകുന്നവരാണ്. മാതാപിതാക്കൾ പഠിപ്പിച്ച പ്രാർത്ഥനകൾ തികയ്ക്കുന്നവരാണ്. വേഷത്തിലും ഭാഷയിലും അച്ചടക്കം പാലിക്കുന്നവരുമാണ്. ഒരുവന്റെ ചോദ്യം ഇന്നും ഉള്ളുലയ്ക്കുന്നുണ്ട്. ഒരാൾക്ക് നന്മചെയ്ത് ജീവിക്കാൻ മതവും ചിട്ടകളും അത്രയ്ക്ക് കൂടിയേ തീരൂ എന്നുണ്ടോ? ഇതാണ് ചോദ്യം. അവർ വന്നു മടങ്ങിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഈ ജനുവരിയിലാണ് 'പീ കെ' എന്ന ചലച്ചിത്രം പുറത്തിറങ്ങിയത്. വ്യവസ്ഥാപിത മതസംവിധാനങ്ങളിലെ ജീർണ്ണതകളോടുള്ള കലഹമായിട്ടാണ് അവതരിപ്പിക്കപ്പെട്ടത് വിവാദങ്ങളും കോലാഹലങ്ങളും ആവോളമുണ്ടായി. God is Missing എന്നു പറഞ്ഞു നടക്കുന്ന അന്യഗ്രഹജീവിയായ നായകന്റെ ചോദ്യങ്ങൾ നല്ല കളക്ഷനും നേടി. ഭൗമേതര ജീവിയുടെ ഭൂമീസന്ദർശനത്തിലൂടെ അയാൾ മനുഷ്യരിൽ നിന്നും പഠിച്ചത് നുണ പറയാനുള്ള കഴിവാണെന്ന് ഒടുവിൽ നായിക സാക്ഷിക്കുന്നു. നമ്മുടെ മക്കൾക്കും അവരുടെ കാഴ്ചകൾക്കുമിടയിൽ മതം ഒരു എലിമിനേഷന്റെ വക്കിലാണോ? ഒരു ഡേഞ്ചർ സോണിൽ നിന്നുകൊണ്ട് നമ്മുടെ പെർഫോമൻസുകളെ വിചാരണ ചെയ്യേണ്ട കാലമായിട്ടുണ്ട് സഖേ!

നമ്മുടെ കുഞ്ഞുങ്ങൾക്ക് നമ്മിലും നമ്മുടെ വിശ്വാസപ്രമാണങ്ങളിലും അവിശ്വാസം തോന്നുന്നത് നമ്മുടെ നുണപറച്ചിലുകൾ കൊണ്ടാവുമോ? ഒരു പക്ഷേ, നാം പറയുന്നതും ചെയ്യുന്നതും തമ്മിലുള്ള അകലം കൊണ്ടു തന്നെയാവും.

സത്യത്തിൽ 'ഘർവാപസി'യൊന്നുമല്ല നാം ഭയക്കേണ്ടത്. ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടതില്ല എന്ന് തമ്പുരാൻ പണ്ടേ ചൊല്ലിത്തന്നിട്ടുണ്ട്. 'ദേഹിയേയും ദേഹത്തെയും നരകത്തിൽ നശിപ്പിക്കുവാൻ കഴിയുന്നവനെത്തന്നെ ഭയപ്പെടുവിൻ' എന്നല്ലയോ! ആത്മചൈതന്യം കുറയുന്നതിനെക്കുറിച്ച് തന്നെയാണ് ഭാരം വേണ്ടത്. ഉള്ളിലെ വെളിച്ചം ഇരുട്ടായാൽ അതെത്ര വലിയത് എന്നോർക്കുക. നമ്മുടെ മക്കൾക്ക് വഴികാട്ടാനാവാത്ത വിധം നമ്മുടെ ബോധങ്ങൾക്ക് പ്രകാശം കുറഞ്ഞുവോ? അകത്തൊരു Illumination നടക്കുന്നില്ലെങ്കിൽ പുറത്തൊരു elimination ഉറപ്പാണ്.

മുഖം മൂടികളോടുള്ള കലഹം എക്കാലവുമുണ്ട്. നമ്മുടെ മക്കളുടെ ഉള്ളിലെ സംഘർഷത്തെ നാം എത്രകാലം കണ്ടില്ലെന്നു നടിക്കും. ഡാഡിയും ക്ലബ്ബിലെ ഫ്രണ്ട്സും തമ്മിൽ വഴക്ക് പിടിക്കാൻ പോകുന്ന സ്ഥലമായിട്ട് ദേവാലയം മാറുമ്പോൾ നിന്റെ മകൻ/മകൾ ചോദിക്കുന്നു. ഞങ്ങൾ എന്തിന് ഈ പൊളിടിക്സ് കാണാൻ വരണം? അപ്പനും അമ്മയ്ക്കും വിഷമമുണ്ടാകാതിരിക്കാൻ അവരുള്ള കാലത്തോളം പള്ളിയിൽ പോകണമെന്ന് പറഞ്ഞവന്റെ സത്യസന്ധതയെ എന്തിന് മറച്ച് വയ്ക്കണം. മതം എന്റെ മക്കൾക്കും സുഹൃത്തുക്കൾക്കുമിടയിൽ എലിമിനേറ്റ് ചെയ്യപ്പെടുകയാണോ? ദേവാലയവും ആരാധനയുമൊക്കെ ഒരു സെലിബ്രേഷൻ പ്ലേസ്

marriage

MATRIMONIAL CLASSIFIEDS

BRIDE WANTED

Orthodox Boy (Chengannur Diocese) D.O.B. 29th Sept. 1985 (185 cm) Fair and good looking working as a Registered Nurse in Govt. of New zealand. Proposal are invited from God fearing and BSc/MSc Nurses. Preference will be given to Orthodox, Jacobite, Malankara Catholics, Marthoma girls employed in Newzeland, Australia, or Gulf. For more details contact:

m4marry: 4075650,
Ph: 9744063744, 0479-2468263

BRIDE GROOM WANTED

Orthodox parents (Doctors at Medical College) invite proposals for their daughter 24 yrs., 172 cm ht. fair complexion M.Tech. (Structural Engg.) from CSIR, now doing Phd. at IIT from parents of well qualified God fearing boys.

Contact No.:
9847444429

BRIDE GROOM WANTED

ഓർത്തഡോക്സ് യുവതി, 27/168 cm, Chartered Accountant, അനുയോജ്യരായ ഓർത്തഡോക്സ് യുവാക്കളിൽ നിന്ന് വിവാഹാലോചന ക്ഷണിക്കുന്നു. C.A. ക്കാർക്ക് മുൻഗണന.

Contact No.:
9847155614
m4marry: 4082201

BRIDE GROOM WANTED

Orthodox parents from Kottayam invite Proposal for daughter 25/160 M.Tech from NIT in Environment Enginneering, currently working in Coal India Ltd. (M.P.) from professionaly qualified & Employed boys.

Contact No.:
9447187267, 9400281258

എന്നതിനപ്പുറത്തേയ്ക്കൊരു സ്ഥാനവും അവരുടെ ജീവിതത്തിൽ സൃഷ്ടിക്കാതെ വരുന്നുണ്ട്.

മതാധിഷ്ഠിത ജീവിതം നയിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്ന എന്റെ ജീവിതത്തിന്റെ കപടത തന്നെയാവും അവരെ മുറിപ്പെടുത്തുന്നത്. പ്രാർത്ഥിക്കുന്തോറും സ്നേഹവും സമാധാനവും സൗമ്യതയും വിശ്വസ്തയും ദയയും പരോപകാരവുമൊന്നും എന്നിൽ വർദ്ധിക്കാത്തത്കൊണ്ട് തന്നെയാവും അവർക്കെന്നിൽ വിശ്വാസം നഷ്ടപ്പെടുന്നത്. നിശ്ചയമായും തമ്പുരാൻ എന്നെ നോക്കിയും പറയും, ഇവർ പറയുന്നത് കേൾക്കുക; ചെയ്യുന്നത് മാതൃകയാക്കേണ്ടതില്ല എന്ന്. ഓർക്കുമ്പോൾ വല്ലാതെ സങ്കടം വരുന്നു സഖേ! നമ്മളും 'റോങ് നമ്പർ' ആയിത്തീരുന്നുണ്ടോ?

ഒരു ഭൗമേതരജീവിയായി (തിയോളജിക്കലി ഇൻകറക്ട് ആവും, സാന്ദർഭികമായി ചേർത്തുവെന്നേയുള്ളൂ, കോപിക്കരുതേ) വന്ന തമ്പുരാനും തന്റെ കാലത്തെ ഭക്തശിരോമണികളെ വിളിച്ചത് കപടഭക്തന്മാരേ എന്നാണ്. കപടക്തന്മാർ എല്ലാക്കാലവും ഡേഞ്ചർ സോണിലാണ്. തമ്പുരാൻ തന്നെ ചരിത്രത്തിലെ എലിമിനേഷൻ റൗണ്ടുകളെക്കുറിച്ച് പരാമർശിക്കുന്നുണ്ട് (വി.ലൂക്കോസ് 17:26-30). നോഹയുടെ കാലം. ഓരോരുത്തനും താന്താന്റെ വഴി വഷളാക്കിയ കാലം. ദൈവത്തെ മറന്ന സെക്യൂലറിസത്തിന്റെ കാലത്ത് ജലപ്രളയം കൊണ്ടൊരു എലിമിനേഷൻ. തിന്നും കുടിച്ചും വിറ്റും നട്ടും പണിതും പോന്ന ലോത്തിന്റെ കാലം. കൺസ്യൂമറിസത്തിന്റെ അക്കാലത്ത് അഗ്നിപ്രളയം കൊണ്ടൊരു എലിമിനേഷൻ. ഇനി മനുഷ്യപുത്രന്റെ രണ്ടാം വരവിൽ ഒരു എലിമിനേഷൻ റൗണ്ട് അവശേഷിക്കുന്നു. പക്ഷെ, നമ്മുടെ ആകുലത ഇവയെക്കുറിച്ചൊന്നുമല്ലെന്നതാണ് ഏറ്റവും കൗതുകകരം.

നമ്മുടെ ഭാരമത്രയും ഇക്കാലത്തെ സംഘടനാപരമായ നിലനിൽപ്പിനെക്കുറിച്ച് മാത്രമാണ്. ഫ്രാൻസിസ് പാപ്പാ പറഞ്ഞ മാതിരി മുയലുകളെപ്പോലെ എണ്ണം വർദ്ധിപ്പിച്ചിട്ട് എന്തു കാര്യം! Quantity അല്ലല്ലോ Quality ആണല്ലോ അവസാന തീർപ്പിൽ കണക്കിലെടുക്കുക.

ഇതിപ്പോൾ 'റിയാലിറ്റി ഷോ' കളുടെ കാലമാണ്. നല്ല 'പെർഫോമൻസ്' ഇല്ലാത്തവർ എലിമിനേറ്റ് ചെയ്യപ്പെടും. സഭാപരിസരങ്ങളിലും പെർഫോമൻസിനാണ് ഇപ്പോൾ പ്രാധാന്യം. അപ്പിയറൻസിനും മാർക്കുണ്ട്. ശക്തി പ്രകടനങ്ങളും ഭക്തിപ്രകടനങ്ങളും വർദ്ധിക്കുന്നു. അയൽവക്കത്തെ പള്ളികളിലെ വിശുദ്ധന്മാർ ചെണ്ടകൊട്ടി മത്സരിക്കുന്നു. ഊനമില്ലാത്ത കാഴ്ചയപ്പത്തേക്കാൾ പ്രാധാന്യം മറ്റു പലതിനുമാകുന്നു. മൈക്ക് സ്റ്റാൻഡിന് പകരമായി തീരുന്ന ചില തിരുപ്പട്ടങ്ങൾ! ചിലർ നാമവിശേഷണങ്ങൾ ദിനംപ്രതി കൂട്ടി സങ്കരയിനം റ്റൈറ്റിലുകളുമായി ഫ്ളക്സിന്റെ വീതി കൂട്ടുന്നു. പിന്നെ തലപ്പാവിന്റെ നിറഭേദങ്ങൾ വേറെ! ജനങ്ങൾ എന്നെക്കുറിച്ച് എന്തു പറയുന്നുവെന്ന് നമ്മൾ ഒരുവട്ടം പോലും സ്വയം ചോദിക്കാത്തതെന്താണ്? സത്യമായും ദൈവമേ, വിനയത്തോടെ പ്രാർത്ഥിക്കാൻ ഞാൻ മറന്നുതുടങ്ങിയിരിക്കുന്നു.

നമുക്കായി കരുതിവെച്ചിരിക്കുന്ന അവസാനത്തെ എലിമിനേഷൻ റൗണ്ടിൽ പെർഫോമൻസുകളല്ല നോക്കുന്നത്. പിന്നെയോ പെർഫെക്ഷനിലേക്കുള്ള നമ്മുടെ ചുവടുവയ്പ്പുകളെയാണ്. 'Be perfect as your heavenly father is perfect' എന്നാണ് തിരുവെഴുത്ത്. ക്രിസ്തീയ പരിപൂർണ്ണതയ്ക്കാണ് നമ്മുടെ പ്രാർത്ഥനകളും. നിസായിലെ വി.ഗ്രിഗറിയുടെ വാക്ക് പോലെ, സൽഗുണപൂർണ്ണതയിലേക്കുള്ള പ്രയാണം നിത്യമായ ഒരു പുരോഗമനമാണ്. കാരണം ദൈവം നന്മയുടെ പൂർണ്ണതയും അതേ സമയം നിത്യനുമാണ്. അപ്പോൾ പൂർണ്ണതയിലേക്കുള്ള ഓരോരുവന്റെയും യാത്രയും നിത്യപുരോഗതിയാണ്. വി.പൗലൂസിന്റെ ഓർമ്മപ്പെടുത്തൽ പോലെ, 'പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ

ശേഷം 18-ാം പേജിൽ

കൂടാരപ്പെരുനാളോ മറുരൂപപ്പെരുനാളോ?

■ ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

തെറ്റായ ചില ആശയങ്ങളും ഭാഷ്യങ്ങളും കടന്നു വന്നാൽ അവ തിരുത്തപ്പെടാതെ തലമുറകളിലേക്കു കൈമാറിപ്പോകുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് 'കൂടാരപ്പെരുന്നാൾ' എന്ന വിശേഷണം. "മറുരൂപപ്പെരുനാൾ" എന്ന് ഉചിതമായും അർത്ഥപൂർണ്ണമായും വിശേഷിപ്പിക്കേണ്ടതിനുപകരമാണ് "കൂടാരപ്പെരുനാൾ" പ്രയോഗം കടന്നു വന്നത്. ആഗസ്റ്റ് ആറാം തീയതി മോറാനായപ്പെരുനാളായി സഭ ആചരിക്കുന്നത് കർത്താവിന്റെ മഹത്വം വെളിപ്പെട്ട താബോർ മലയിലെ സംഭവം എന്നാണു വിശേഷിപ്പിക്കുന്നത്. എന്നാൽ സഭയുടെ ഔദ്യോഗിക പഞ്ചാംഗത്തിലും, വേദവായനക്കുറിപ്പിലും എല്ലാം കൂടാരപ്പെരുനാൾ എന്ന വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. മുൻവർഷങ്ങളിലെ പ്രയോഗം അതേപടി പിറ്റേ വർഷവും ആവർത്തിച്ചിരിക്കുന്നു എന്നു പറയാം.

എങ്ങനെ "കൂടാരപ്പെരുനാൾ" എന്ന വിശേഷണം തെറ്റായി കടന്നു കൂടി? മലമുകളിലെ ആനന്ദ നിർവൃതിയിൽ അവിടെത്തന്നെ തുടരുവാൻ ആഗ്രഹിച്ചുകൊണ്ട് പത്രോസ് നടത്തിയ പ്രസ്താവനയിൽ യേശുവിനും, മോശയ്ക്കും, ഏലിയാവിനുമായി മൂന്നു കൂടാരങ്ങൾ/ഞങ്ങൾ ഉണ്ടാക്കട്ടെ എന്നു അപേക്ഷിക്കുന്നതായി ഉണ്ട്. "മൂന്നു കുടിൽ" എന്നാണ് ഒരു പരിഭാഷ. ആശയം അതു തന്നെയാണ് താനും. ആ ഒരു പ്രസ്താവനയെ മാത്രം അടിസ്ഥാനമാക്കി, ആ മഹത്തായ സംഭവത്തെ അനുസ്മരിക്കാൻ "കൂടാരപ്പെരുന്നാൾ" എന്നു വിശേഷിപ്പിക്കുന്നത് അഭികാമ്യമല്ല.

യഹൂദന്മാരുടെ കൂടാരപ്പെരുനാളിനോടനുബന്ധിച്ച കാലമായതുകൊണ്ടാണ് ആ നിർദ്ദേശം പത്രോസിൽ നിന്നുണ്ടായത് എന്നും, അതുകൊണ്ട് യഹൂദന്മാരുടെ കൂടാരപ്പെരുനാളിന്റെ പാശ്ചാത്തലത്തിൽ ആ പേരു വിളിക്കാമെന്നും വാദിച്ചേക്കാം. പക്ഷേ കൂടാരപ്പെരുനാളിനെപ്പറ്റിയും, അതിൽ സംബന്ധിക്കാൻ യേശു യരുശലേം ദേവാലയത്തിലേക്കു പോയി എന്നും യോഹന്നാന്റെ സുവിശേഷത്തിൽ വായിക്കാം. (7:25) യഹൂദന്മാരുടെ കൂടാരപ്പെരുന്നാൾ അവർ ആചരിക്കുന്നത് മരുഭൂമിയിലെ പ്രയാണ കാലത്ത് കൂടാരങ്ങളിൽ അവരുടെ പിതാക്കന്മാർ പാർത്തിരുന്ന അനുഭവവുമായി താദാത്മ്യപ്പെടാനാണ്. അത് ഒരാഴ്ച നീണ്ടു നിൽക്കുന്ന അനുഷ്ഠാനമായിരുന്നു. ആ സംഭവവുമായി ബന്ധപ്പെടുത്തിയല്ലല്ലോ ക്രിസ്തീയ സഭ "കൂടാരപ്പെരുനാൾ" ആചരിക്കുന്നത്. യഹൂദന്മാരുടെ പെസഹായ്ക്ക് ക്രിസ്തീയ ഭാഷ്യമുണ്ട്; പെന്തിക്കോസ്തിക്കും ക്രിസ്തീയ പ്രസക്തിയാണുള്ളത്. ആ വിധത്തിൽ യഹൂദന്മാരുടെ കൂടാരപ്പെരുനാളിന് ക്രിസ്തീയ ഭാഷ്യം കല്പിക്കാനില്ല. കൂടാരപ്പെരുന്നാളിനോടനുബന്ധിച്ചാണ് താബോർ മലയിലെ മറുരൂപസംഭവം നടന്നത് എന്നതിനു യാതൊരു തെളിവുമില്ല.

ഏതായാലും മറുരൂപ സംഭവത്തെ അനുസ്മരിക്കുന്ന പെരുന്നാളിന് കൂടാരപ്പെരുനാൾ എന്നു വിശേഷിപ്പിക്കുന്നതിനു യാതൊരു ന്യായീകരണവുമില്ല. തെറ്റായ ഒരു പ്രയോഗം എങ്ങനെയോ കടന്നു വന്നു. അതു തലമുറയായി തുടരുകയാണ്. "കൂടാരപ്പെരുനാൾ" എന്നു പറയുമ്പോൾ മറുരൂപ മലയിലെ സംഭവമാണ് നാമൊക്കെ സ്മരിക്കാറുള്ളത്. പഴകിപ്പരിചയിച്ച ആ പേര് മാറ്റണ്ടെന്ന് വാദിക്കുന്ന യാഥാസ്ഥികരും കണ്ടേക്കാം. ആ മഹത്തായ സംഭവത്തിന്റെ അർത്ഥവും പ്രസക്തിയും സ്പഷ്ടമായി അഭിവ്യഞ്ജിപ്പിക്കുന്ന "മറുരൂപപ്പെരുനാൾ" എന്നു മാത്രമേ പറയേണ്ടതുള്ളൂ. അടുത്ത വർഷം മുതലെങ്കിലും കലണ്ടറിൽ തിരുത്തൽ വരുമെന്നു പ്രതീക്ഷിക്കുന്നു. വൈദികർ പള്ളിയിൽ പ്രസ്താവന നടത്തുമ്പോൾ "മറുരൂപപ്പെരുനാൾ" എന്ന വിശേഷണം ചേർക്കുവാൻ ശ്രദ്ധിക്കണമെന്നും താല്പര്യപ്പെടുന്നു. ■

> മറുരൂപ സംഭവത്തെ അനുസ്മരിക്കുന്ന പെരുന്നാളിന് കൂടാരപ്പെരുനാൾ എന്നു വിശേഷിപ്പിക്കുന്നതിനു യാതൊരു ന്യായീകരണവുമില്ല. തെറ്റായ ഒരു പ്രയോഗം എങ്ങനെയോ കടന്നു വന്നു. അതു തലമുറയായി തുടരുകയാണ്.



ഗുരുമൊഴി...

4-ാം പേജിൽ നിന്നും...



തുടക്കം അത്തരമൊരു ഇടപെടലിന്റെ അനന്തരഫലമായിട്ടായിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ എന്നനിലയിൽ വിശ്രമരഹിതമായ ഒരു കാലയളവായിരുന്നു പരിശുദ്ധ മാത്യൂസ് ദ്വിതീയൻബാവാ തിരുമേനിയുടെ കാലഘട്ടം. മേൽപ്പട്ടക്കാരനെന്ന നിലയിൽ 1953 മുതൽ 1991 വരെ അവിഭക്ത കൊല്ലം മെത്രാസനത്തിന്റെ (ഇപ്പോൾ 5 ഭദ്രാസനങ്ങൾ) ചുമതലയും തുടർന്ന് 1991 മുതൽ 2005 വരെയുള്ള കാലയളവിൽ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയിലുള്ള ചുമതലയും അക്ഷരാർത്ഥത്തിൽ പരിത്യാഗത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും കാലഘട്ടങ്ങളായിരുന്നു. ദൈവവിശ്വാസത്തിലൂടെ ആത്മവിശ്വാസവും ജ്ഞാനാർജ്ജനത്തിലൂടെ വിവേചനബുദ്ധിയും, ഇവ ഒത്തുചേരുന്നതിലൂടെ ഉന്നത മൂല്യബോധവും കൈവരിക്കുവാൻ കഴിയുമെന്ന് വിശ്വസിച്ച ഈ സുന്ദരപുരുഷൻ ആത്മജ്ഞാനത്തിന്റെ സൗന്ദര്യം തിരിച്ചറിഞ്ഞ ആളാണ്. കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത ആയിരിക്കുമ്പോൾതന്നെ ഇരുപതോളം സ്കൂളുകളും ആർട്ട്സ് & സയൻസ് കോളേജുകളും ട്രെയിനിംഗ് കോളേജുകളും സ്ഥാപിച്ച് ഒരു പ്രദേശത്തിന്റെ നവോത്ഥാനത്തിന് ആക്കം കൂട്ടുകയുണ്ടായി. സഭയുടെ പരമാദ്ധ്യക്ഷൻ എന്നനിലയിലുള്ള ശുശ്രൂഷാ കാലയളവിൽ കൈവരിച്ച നേട്ടങ്ങളും ഏറെയാണ്. കാതോലിക്കേറ്റ് അരമന ഓഡിറ്റോറിയം, കാതോലിക്കേറ്റ് ഓഫീസിന്റെ ആധുനീകരണം, തിരുവനന്തപുരത്ത് സിവിൽസർവ്വീസ് കോച്ചിംഗ് അക്കാദമി, കോട്ടയത്ത് ഉന്നതനിലവാരമുള്ള പബ്ലിക് സ്കൂൾ, പീരുമേട്ടിലും ശാസ്താംകോട്ടയിലും എഞ്ചിനീയറിംഗ് കോളേജുകൾ, കോലഞ്ചേരിയിൽ മെഡിക്കൽ കോളേജ്, കോട്ടയം പഴയ സെമിനാരിയിലെ ആധുനീക സൗകര്യങ്ങളുള്ള ലൈബ്രറി, വിശാലമായ ആഡിറ്റോറിയം, കോൺഫറൻസ് ഹാൾ എന്നിവ ഉൾപ്പെടുന്ന 'സ്മൃതി' കെട്ടിട സമുച്ചയം, നാഗ്പൂരിലെ പുതിയ സെന്റ് തോമസ് ഓർത്തഡോക്സ് വൈദീക സെമിനാരി, പരുമലസെമിനാരിയിലെ പുതിയ ധ്യാനകേന്ദ്രം, പരുമലപള്ളിയുടെ വിപുലീകരണം തുടങ്ങിയവയെല്ലാം പരിശുദ്ധ പിതാവിന്റെ നിർദ്ദേശാനുസരണം രൂപം കൊണ്ടിട്ടുള്ളവയാണ്. ഭക്തിജീവിതം സമൂഹ നന്മയ്ക്കുതകുംവിധം ആയിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചു. മൂല്യബോധവും ദേശസ്നേഹവും ഭാരതീയതയോട് ഇഴയടുപ്പമുള്ളതുമായ ഒരു തലമുറയെ വളർത്തിയെടുക്കേണ്ടത് ഉത്തരവാദിത്തമാണെന്നും വിശ്വസിച്ച ഉത്തമഭാരതീയനായിരുന്നു അദ്ദേഹം.

യാത്രകളേറെ ഇഷ്ടപ്പെട്ട ഈ തീർത്ഥാടകൻ ദേശാടനത്തിന്റെ ഋതുക്കളിലെല്ലാം നൈർമ്മല്യം കാത്തുസൂക്ഷിച്ച പരിവ്രാജകനായിരുന്നു. സന്യാസ ജീവിതത്തിന്റെ സംശുദ്ധമായ മുഖം പൊതുസമൂഹം അദ്ദേഹത്തിൽ ദർശിച്ചു. മതപരമായി ക്രൈസ്തവവും ആരാധനാപരമായി പൗരസ്ത്യവും സംസ്ക്കാരത്തിൽ പൂർണ്ണഭാരതീയവുമായ മലങ്കര ഓർത്തഡോക്സ് സഭയുടെ അന്തസ്സും ആഭിജാത്യവും വാക്കിലും പ്രവർത്തിയിലും പ്രതിഫലിക്കുന്നവിധമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഗംഭീരമായ ആ ശബ്ദം എവിടെയും അംഗീകരിക്കപ്പെട്ടിരുന്നു. ലളിതമായി ആശയസമ്പുഷ്ടതയോതുകൂടി അദ്ദേഹം നടത്തിയ പ്രസംഗങ്ങളും പ്രഭാഷണങ്ങളും അസാധാരണമായ ഒരു വരപ്രസാദംപോലെ അനുഭവപ്പെടുന്നവയായിരുന്നു. ഭക്തിനിർഭരമായ അദ്ദേഹത്തിന്റെ ആരാധനാനുഷ്ഠാനങ്ങൾ വിശ്വാസ സമൂഹത്തിന് ആത്മീകാനുഭൂതിയുടെ നിമിഷങ്ങളായിരുന്നു. ഗിരിശൃംഗം പോലെ ഉന്നതമായ ആ വ്യക്തിപ്രഭാവം ആദ്ധ്യാത്മികാനുഭൂതിയുടെ പ്രഭവം കൂടിയായിരുന്നു.

വൈദീകരും സന്യസ്തരുമെല്ലാം സമൂഹത്തിന് നന്മചെയ്തുകൊണ്ട് ദൈവപുത്രന്മാരെപ്പോലെ ഭൂമിയിലൂടെ സഞ്ചരിക്കേണ്ടവരാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. പരിശുദ്ധ പിതാവ് സഭാശുശ്രൂഷയുടെ പ്രഥമപടി ചവിട്ടുന്നത് ദയറാക്കാരനായിട്ടായിരുന്നു- ഓതറ ദയറായിലെ 'ഏയ്ഞ്ചൽഅച്ചൻ'. മാലാഖ തുല്യമായ ആ ജീവിതമാണ് അദ്ദേഹത്തെ വിദ്യാഭ്യാസ വിചക്ഷണനും സന്യാസിശ്രേഷ്ഠനും സാമൂഹികപ്രവർത്തകനും ഒടുവിൽ മലങ്കരസഭയുടെ പരമാദ്ധ്യക്ഷനുമാക്കി രൂപാന്തരപ്പെടുത്തിയത്. സന്യസ്ഥരും പുരോഹിതരും പ്രകാശകിരണങ്ങളെ പ്രതിഫലിപ്പിക്കേണ്ടവരാണെന്ന് വിശ്വസിച്ച 'സൂര്യതേജസ്സാ'യിരുന്നു അദ്ദേഹം - 'മലങ്കരയുടെ സൂര്യതേജസ്സ്'. 2006 ജനുവരി 26ന് ദേശാടനം പൂർത്തീകരിച്ച ആ ധന്യാത്മാവിന്റെ ഭൗതീക ശരീരം അഷ്ടമുടിക്കായലിന്റെ തീരത്തുള്ള ശാസ്താംകോട്ട മൗണ്ട്ഹോറേബ് ഏലിയാചാപ്പലിൽ അന്ത്യവിശ്രമംകൊള്ളുന്നു.

അടൂർ സെന്റ് സിറിൾസ് കോളജിൽ നടന്ന പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ ജന്മശതാബ്ദി ആഘോഷങ്ങളിൽ നിന്ന്...

എലിമിനേഷൻ...

15-ാം പേജിൽ നിന്നും...

പരമവിളിയുടെ വിരുതിനായി ലാക്കിലേക്കുള്ള ഓട്ട'മാണത് (ഫിലിപ്പ. 3:14). ശരിക്കും മാർഗ്ഗം തന്നെയാണ് ഇവിടെ ലക്ഷ്യവും! ഇത് തിന്മയോടുള്ള നിരന്തര സമരം കൂടെയാണ്. മുറിവേൽക്കാത്ത പോരാളികൾ ഇല്ല. വീണുപോകാത്ത ഓട്ടക്കാരില്ല. തളരാതെ എഴുന്നേൽക്കുവാനും മുഷിയാതെ അനുതപിപ്പാനും മടുക്കാതെ പ്രാർത്ഥിക്കാനും ആവണം. ഈ മുന്നോട്ടുള്ള ആയൽ/എഴുന്നേൽപ്പ് (ഗ്രീക്കിൽ Epekstasis) മനുഷ്യന്റെ ആദ്ധ്യാത്മിക വിളിയുടെ കാതലാണ്. ഇത് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും തുടരുന്ന പ്രക്രിയയാണ്. മനുഷ്യാസ്തിത്വത്തിന്റെ ഈ ആത്യന്തിക ഭാഗധേയം മറന്നുള്ള പെർഫോമൻസുകൾ മനുഷ്യരെ മാത്രമല്ല ദൈവത്തെക്കൂടി വല്ലാതെ ബോറടിപ്പിക്കുന്നുണ്ടാവും!

നന്മ ചെയ്ത് ജീവിച്ചാൽ പോരെ, 'ഇന്നത്തെ മതജീവിതം' അതിനൊരു അനിവാര്യതയാണോ എന്ന ചോദ്യത്തിന് എനിക്കൊന്നേ അറിയൂ. ഒരു പക്ഷേ, അതെന്റെ മാത്രം 'ശരി' ആവാം. വിയോജിപ്പുകളോട് പരിഭവവുമില്ലതാനും. ഒരുപാട് നന്മകളുണ്ടായിരുന്ന ഒരു മനുഷ്യനെ അറിയാം. നന്മ ചെയ്യുന്നതിൽ ഇത്രത്തോളം മടുപ്പില്ലാത്ത ഒരാളെ സത്യത്തിൽ അങ്ങനെ കണ്ടുമുട്ടിയിട്ടില്ല. എഴുപത്തിമൂന്നാം വയസ്സിലാണ് മരിച്ചത്. മരണനാഴികവരെയും എല്ലാ യാമനമസ്ക്കാരങ്ങളും കൃത്യസമയത്ത് നടത്തണമെന്ന നിർബന്ധമുണ്ടായിരുന്നു. എന്തുകൊണ്ടാവും നന്മയിൽ വളർന്നുകൊണ്ടിരുന്ന മാർ ഇവാനിയോസ് തന്റെ മതബോധനത്തിന്റെ ചട്ടക്കൂടുകളിൽ ഇത്രമേൽ അവസാനത്തോളം സ്വയം തളച്ചിരുന്നത്! ഹൃദയശുദ്ധീകരണത്തിന് വേണ്ടി മാത്രമായിരുന്നു ആ പ്രാർത്ഥനകളത്രയും എന്ന് നിനക്കറിയാമല്ലോ! മറ്റൊന്നും ദൈവത്തോട് ആവശ്യപ്പെടുന്നതായോ തന്റേതായ ഒരു നൊമ്പരത്തെക്കുറിച്ച് ആകുലപ്പെടുന്നതായോ കേട്ടിട്ടില്ല. ഉവ്വ്, പ്രാർത്ഥനകൾ ചിന്തയുടെ ശുദ്ധീകരണത്തിന് മാത്രമുള്ളതാവും.

ഹൃദയശുദ്ധിയുള്ള ഭാഗ്യവാന്മാർക്കല്ലേ ദൈവത്തെ കാണാൻ കഴിയൂ! എല്ലാത്തിലും എല്ലാവരിലും നന്മ മാത്രം കാണാൻ കഴിയൂ! ശരിക്കും നന്മ മാത്രം നമുക്ക് പരസ്പരം കണ്ടെടുക്കാൻ കഴിയുന്ന സുന്ദര ലോകം തന്നെയാവും സഖേ പറുദീസാ! നന്മ കാണാൻ ഹൃദയ ശുദ്ധിയില്ലാത്തപ്പോഴൊക്കെയും നാം പറുദീസയിൽ നിന്ന് തന്നെയാവും എലിമിനേറ്റ് ചെയ്യപ്പെടുന്നത്. അപ്പോൾ നിശ്ചയമായും നാം പ്രാർത്ഥനകൾ തുടരേണ്ടതുണ്ടെന്ന് ഉറപ്പല്ലേ സുഹൃത്തേ!

ഡോക്ട്രേറ്റ്

ആസ്ത്രേലിയ: മെൽബൺ ഡീക്കിൻ യൂണിവേഴ്സിറ്റിയുടെ ജീലോംഗ് കാമ്പസിൽ ഹെമ്പ് ഹർഡ്സിൽ നിന്നും ബയോഫ്യൂവൽ (ഗ്രീൻ ഫ്യൂവൽ) കണ്ടു പിടിച്ചതിന് റിനു എൽസാ എബ്രഹാമിന് ഡോക്ട്രേറ്റ് നൽകി.

ഹെമ്പിനെ ഉയർന്ന താപനിലയിൽ വിവിധ പ്രോസസിൽ ട്രീറ്റു ചെയ്തു കിട്ടിയ ഷുഗറിനെ എൻസൈമാറ്റിക് റിയാക്ഷനിലൂടെ ഫെർമന്റേഷൻ നടത്തിയാണ് ഇധനോൾ കണ്ടുപിടിച്ചത്. ഇതിന്റെ ഉന്നതമാത്രയിലുള്ള ഉൽപാദനത്തിനു വേണ്ടിയുള്ള വിവിധതരം പ്രോസസ് നടത്തിക്കൊണ്ടിരിക്കുന്നു.

ഫരീദാബാദ് സെ. മേരീസ് ഓർത്തഡോക്സ് ഇടവകാംഗമായ റ്റി. ഏബ്രഹാമിന്റേയും അന്നമ്മ ഏബ്രഹാമിന്റെയും മകളാണ്.

5-ാം ചരമ വാർഷികം, 22-02-2015



വെരി.റവ. ആൻഡ്രൂസ് എബ്രഹാം കോർഎപ്പിസ്ക്കോപ്പാ

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കുകയില്ല".
വി. യോഹ. 11:25.26

മേക്കരങ്ങാട്ട് മുള്ളൻ കുഴിയിൽ
ചുങ്കത്തറ, നിലമ്പൂർ

സന്തപ്ത കുടുംബാംഗങ്ങൾ
ഭാര്യ-മറിയാമ്മ ഏബ്രഹാം
മക്കൾ-ഫാദർ ജോർജ് പി. ജോൺ
കൊച്ചു മറിയാമ്മ
ജോൺസ്, മറിയം, സോഫിയ

21th Death Anniversary
18-2-2015

P.V. Joseph
Vattasseril Poikudiyil
Chengaroor

Inserted by:
Mr. Annamma Joseph (Wife)
Sabu Joseph & Mrs. Kunjumol
Shibu Joseph & Mrs. Beena

കൊച്ചുമക്കൾ:-
Smera, Swapna, Silpa, Narma

വേറിട്ടവഴി



വിവാഹത്തിന് ആഡംബരം ഒഴിവാക്കി മാതൃകയായി

പത്തനാപുരം: സ്വന്തം വിവാഹത്തിന് ആഡംബരമൊഴിവാക്കി നാല് നിർധന യുവതികൾക്ക് മംഗല്യത്തിന് മാർഗമൊരുക്കി മാതൃകയാകുകയാണ് ഒരു ഡോക്ടർ. വാഴത്തോപ്പ് പുത്തൻകട ജംഗ്ഷനിൽ ഇടിക്കിനേത്ത് വീട്ടിൽ പരേതനായ ഗീവർഗീസ് മേരിക്കുട്ടി ദമ്പതികളുടെ മകൻ ഡോ. സന്തോഷ് ജി. തോമസാണ് നാല് നിർധന യുവതികളുടെ ജീവിതത്തിന് വെളിച്ചം പകരുന്നത്.

ആഡംബരങ്ങളൊഴിവാക്കി അതിനാവശ്യമായ പണമാണ് മറ്റുള്ളവരുടെ വിവാഹത്തിന് നൽകിയത്. വാഴത്തോപ്പ് സെ. മേരീസ് ഓർത്തഡോക്സ് ഇടവകയിൽ വച്ച് 14നാണ് സന്തോഷിന്റെ വിവാഹം. വാഹനങ്ങൾ ഒഴിവാക്കി ദേവാലയത്തിലേക്ക് നടന്നുപോകുന്നതിനും വീഡിയോ, ഗായകസംഘം, അലങ്കാരങ്ങൾ എന്നിവയും ഒഴിവാക്കി ലളിതമായാണ് വിവാഹം നടന്നത്.

തിരുവനന്തപുരം ആത്മഹത്യാപ്രതിരോധ കേന്ദ്രം ട്രസ്റ്റ് ഓഫ് ഇന്ത്യയിലെ പ്രൊജക്ട് ഡയറക്ടറാണ് ഇദ്ദേഹം. നാഗർകോവിൽ സ്വദേശിനിയും ഐഎസ്ആർഒയിലെ ശാസ്ത്രജ്ഞയുമായ ഗിഫ്റ്റി ബഞ്ചമിനാണ് വധു.

വാഴത്തോപ്പ് സെന്റ് മേരീസ് പള്ളിയിൽ നടന്ന ചടങ്ങിൽ കെഎൽഡിസി ചെയർമാൻ ബെന്നി കക്കാട് സഹായനിധി ഉദ്ഘാടനം ചെയ്തു. കൊല്ലം ആർഡിഒ സി. സജീവ് ധനസഹായ നിധി വിതരണം ചെയ്തു. ഇടവക വികാരി ഫാ. റോയി മനക്കര അധ്യക്ഷത വഹിച്ചു.

ഇടവകയിലെ പുരോഹിതർ കാർമികത്വം വഹിച്ചു. വിവാഹം ലളിതമാക്കിയതിലൂടെ ലഭിച്ച തുകയിൽ ഒരു ലക്ഷം രൂപ നിർധനരായ നാലുപേർക്ക് വിവാഹ സഹായമായി നൽകി.

ബാക്കി തുക പെൻഷൻ ഫണ്ടിലേക്ക് നൽകാനാണു തീരുമാനം. മനഃശാസ്ത്രജ്ഞനായ സന്തോഷ് 1999 ലാണു സാമൂഹിക പ്രവർത്തനരംഗത്തേക്ക് എത്തുന്നത്. തിരുവനന്തപുരം നഗരത്തിലെ യാചകരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി അവതരിപ്പിച്ചു ശ്രദ്ധനേടി. ഭിന്നശേഷിയുള്ള കുട്ടികൾക്കും രക്ഷിതാക്കൾക്കും സൗജന്യ കൗൺസിലിംങ് നൽകുകയാണിപ്പോൾ.

ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് മാനവശക്തീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അനുമോദനത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഡോ. സന്തോഷ് ജി. തോമസിനെയും ഡോ. ഗിഫ്റ്റിയെയും പൊന്നാട അണിയിച്ച് അനുഗ്രഹിച്ചു. ■

ഒന്നാം സ്ഥാനം



സൺഡേസ്ക്കൂൾ സെൻട്രൽ സോൺ സഹപാഠ്യ മത്സരത്തിൽ, സീനിയർ വിഭാഗം സമൂഹഗാന മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ, കോട്ടയം മാർ ഏലിയാ കത്തീഡ്രൽ സൺഡേസ്ക്കൂളിലെ ടീനാ സാറാ സാജു, ജോയൽ എം. മാത്യു, അലീനാ മേരി കുരുവിള.

ഒന്നാം സ്ഥാനം

നെടുമ്പാശേരിയിൽ വച്ച് നടന്ന യുവജനപ്രസ്ഥാനം അഖില മലങ്കര കലാമേളയിൽ പ്രസംഗ മൽസരത്തിന് ഒന്നാം സ്ഥാനം ലഭിച്ച സേബാ മെറിൻ വിനോദ്. പള്ളം സെ. പോൾസ് ഇടവകയിൽ വിഴലയിൽ വിനോദിന്റെ മകൾ.

Advt.

സൺഡേസ്ക്കൂൾ പ്രവീൺ



തോമസ് കുര്യൻ

സൺഡേസ്ക്കൂൾ പ്രവീൺ ആയി തെരഞ്ഞെടുക്കപ്പെട്ടു. കുറ്റപ്പുഴ മാർ ഗ്രീഗോറിയോസ് ഇടവകാംഗമായ കരുവേലിൽ കുര്യൻ തോമസിന്റെ മകൻ.

സൺഡേസ്ക്കൂൾ വിജ്ഞാനി

അമൃത് ജോസ് ജോൺ

സൺഡേസ്ക്കൂൾ വിജ്ഞാനി ആയി തെരഞ്ഞെടുക്കപ്പെട്ടു. കായംകുളം കാദീശാ കത്തീഡ്രൽ ഇടവകാംഗമായ കളീയ്ക്കൽ കൊല്ലകയിൽ ജോസ് ജെയുടെ മകൻ.

മെഡിക്കൽ കോളജ് ആസ്പത്രിയിലെ ഡോക്ടർമാർ വൈദ്യം ചെയ്തിട്ടും സൗഖ്യമാക്കുവാൻ കഴിയാത്ത എന്റെ മാരക രോഗങ്ങൾക്കും വയറിലേയും കാലുകളിന്മേലും ഉള്ള നീരിനും അത്ഭുത സൗഖ്യം പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ നിത്യമായി ലഭിച്ചു. - നന്ദി



Inserted By:-

T.V. VARGHESE,
Rtd. Deputy Director of Education
Plot No. 74, Nehru Nagar, Thrissur-6

നോ|മ്പ്|വി|ചാ|രം

ക്രിസ്തു ശരീരം



സൃഷ്ടിച്ചെൻമേൽ
നിൻ കൈവെച്ചു
ആദിയിലാദത്തെ-
ദൈവം വെള്ളിദിനേ
മണ്ണാലുളവാക്കി -
കൽപ്പിച്ചേകുകയായ്
ജീവശ്വാസമതും -
സ്തോത്രം പാടീടുവാൻ
ഹാ....ഉഹാ....
വാക്കിൽ വൈഭവവും

(ശ്ഹീമാ നമസ്ക്കാരം
വെള്ളി സന്ധ്യ)

■ ഫാ. അലക്സ് പി. ജോർജ്
മുളന്തുരുത്തി

ശരീരദേഹികളെ പ്രത്യേകമായി ഒരുക്കുന്ന കാലമാണല്ലോ വ്രതദിനങ്ങൾ. ഈ നോമ്പിൽ മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ട യോനയുടെ ശരീരവും, വലിയ നോമ്പിൽ പീഡനമേറ്റ് ക്രൂശിക്കപ്പെട്ട് കബറിൽ അകപ്പെട്ട ക്രിസ്തുവിന്റെ ശരീരവും മനുഷ്യശരീരത്തിന്റെ പ്രാധാന്യം എന്താണെന്ന് പഠിപ്പിക്കുന്നുണ്ട്. പ്രത്യേകമായ ലക്ഷ്യത്തോടെയാണ് ദൈവം മനുഷ്യന് ശരീരം നൽകിയത്.

ശരീരം വിശുദ്ധമാണ്: ഉല്പത്തി 1:26 - "അനന്തരം ദൈവം; നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; ഉല്പത്തി 2:7-യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. മനുഷ്യനെ ദൈവം സൃഷ്ടിച്ച പ്രത്യേക രീതിയെ പരാമർശിക്കുന്ന വേദവാക്യങ്ങളാണിവ. ദൈവസ്വരൂപ സാദൃശ്യങ്ങളും, മൂക്കിൽ ഊതിയ ജീവശ്വാസവും മനുഷ്യന് മാത്രം പ്രാപ്തമായ ദൈവകൃപയാണ് ഈ ദാനങ്ങളെല്ലാം മനുഷ്യൻ സ്വീകരിച്ചിരിക്കുന്നത് സ്വന്തം ശരീരത്തിൽ കൂടിയാണ്. അതിനാൽ ദൈവീകാംശം കുടികൊള്ളുന്ന ഈ ശരീരം വിശുദ്ധമാണ്.

1 കൊരി. 3:16 "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? മനുഷ്യൻ ദൈവത്തിന്റെ മന്ദിരമാണെന്നും ദൈവത്തിന്റെ ആത്മാവ് നമ്മിൽ കുടികൊള്ളുന്നു എന്നും പൗലോസ് ശ്ലീഹാ ഈ വാക്യത്തിൽ വ്യക്തമാക്കുന്നു. മനുഷ്യൻ ശരീരവും, ആത്മാവ് പ്രാണനും ചേർന്നതാണ് (1 തെസ. 5:23) ദൈവമന്ദിരമെന്ന് മനുഷ്യനെ വിളിയ്ക്കുമ്പോൾ ശരീരവും അതിൽ ഉൾപ്പെടുന്നു. ഈ ശരീരത്തിലാണ് ദൈവാംശം കുടികൊള്ളുന്നത്.

വി. സഭയിൽ മൂറോൻ ഉപയോഗിക്കുന്നത് പള്ളികൂദാശയ്ക്കും, വി. മാമൂദീസായ്ക്കും മാത്രമാണ്. പള്ളിയും, മനുഷ്യശരീരവും ദൈവത്തിന്റെ അവാസ സ്ഥലമാണെന്നും, അതിവിശുദ്ധമാണെന്നും സഭ പഠിപ്പിക്കുന്നു.

വി. വേദപുസ്തകവും, സഭയുടെ വിശ്വാസവും പഠിയ്ക്കുമ്പോൾ മനുഷ്യശരീരത്തിന്റെ പ്രാധാന്യം എത്ര വലുതാണെന്ന് മനസ്സിലാവും. മനുഷ്യന്റെ ഉന്നതമായ നില മനസ്സിലാക്കി ശരീരത്തെ വിശുദ്ധമായി സൂക്ഷിക്കണമെന്ന വലിയ ഉത്തരവാദിത്വം നാം നിറവേറ്റണം. നല്ല വസ്ത്രങ്ങൾ ധരിക്കുന്നതോ, സ്നാനം ചെയ്യുന്നതോ മാത്രമല്ല "ശരീരവിശുദ്ധി" എന്ന പദത്തിൽ ശരീരത്തെ നശിപ്പിക്കുന്നതെന്തും ഒഴിവാക്കുക എന്നർത്ഥം.

വിശുദ്ധിയാണ് മനുഷ്യന്റെ തനിമ. ഈ തനിമയാണ് നാം നിലനിർത്തേണ്ടത്. ശരീരത്തിൽ കുടികൊള്ളുന്ന

ദൈവത്തിന്റെ തേജസ്സിനെ ആളികത്തിക്കണം. ഈ അഗ്നിയുടെ പ്രകാശത്തിലാണ് നാം സൗന്ദര്യം ഉള്ളവരാകുന്നത്. ദൈവസന്നിധിയിൽ നിന്ന് ഇറങ്ങി വന്ന മോശ ജ്വലിച്ചത് ഓർമ്മയില്ലേ! ഈ ലോക പ്രകാരം ശരീരം വിശുദ്ധമാകേണ്ടത് ആവശ്യം തന്നെ. അതിനപ്പുറമായി ശരീരം ദൈവാലയമാണ്, വിശുദ്ധമാണ് എന്ന ഓർമ്മയിൽ അശുദ്ധിയിൽ നിന്ന് ഒഴിയുക.

ശരീരം നുറക്കപ്പെടണം: എന്തിനാണ് വിശുദ്ധ ആകാരം ദൈവം മനുഷ്യന് നൽകിയത്? ഈ ശരീരം കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ളതല്ല, ഇത് ലോകത്തിന് നൽകുവാനുള്ളതാണ്. വി. യോഹ. 2:19-22 തന്റെ ശരീരമാകുന്ന മന്ദിരം തകർത്ത് മൂന്നു ദിവസം കൊണ്ട് അതിനെ പണിയുമെന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ട്. എന്താണ് ഈ വാക്യങ്ങളുടെ അർത്ഥം? തന്റെ സൃഷ്ടിയ്ക്കുവേണ്ടി എല്ലാം കൊടുത്ത് അവസാനം തന്റെ മാംസവും രക്തവും കൂടി നൽകി, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു.

മനുഷ്യൻ ഇന്ന് പലരേയും, പലതിനേയും തകർക്കുകയാണ്. എന്തിന് വേണ്ടി? സ്വയം തകരാതിരിക്കുവാൻ വേണ്ടി. സഹജീവികളുടെ മാനം, സമാധാനം, ആവാസവ്യവസ്ഥകൾ എല്ലാം തകർത്തു മുന്നേറുന്ന ഈ പോക്കിനെ നാം "പുരോഗതി", "വികസനം" എന്നൊക്കെ വിളിയ്ക്കുന്നു. നൽകുവാനുള്ള മനസ്സാണ് മനുഷ്യന് ആവശ്യം. നമ്മുക്ക് ആവശ്യമില്ലാത്തത് നൽകുവാനല്ല, മറ്റുള്ളവരുടെ ആവശ്യമെന്താണെന്നോ അത് നൽകണം. ഫിലി. 2:1-9 വാക്യങ്ങളിൽ ക്രിസ്തുവിലുള്ള ഭാവം നമ്മിലും ഉണ്ടാകണമെന്ന് പറയുന്നു. ക്രിസ്തുഭാവം സ്വീകരിക്കുമ്പോൾ മനുഷ്യൻ സ്വയം മുറിച്ച് മറ്റുള്ളവർക്ക് നൽകും. ഇതിന് ഒരുങ്ങുമ്പോൾ തിന്മ പ്രലോഭനവുമായി വരും. ക്രിസ്തുവാണ് ദൈവത്തിന്റെ വായിലെ വചനം, വചനം ജഡം ധരിച്ചതാണ് ക്രിസ്തു. ശരീരം ധരിച്ച വചനമാണ് നാം ഭക്ഷിച്ചു കൊണ്ടിരിക്കുന്നത്. നന്മ ചെയ്‌വാൻ ആഗ്രഹിച്ചിട്ടും സാധിയ്ക്കുന്നില്ല, ആഗ്രഹിക്കാത്ത തിന്മയാണ് ചെയ്യുന്നതെന്ന് പൗലോസ് ശ്ലീഹാ പറയുന്നുണ്ടല്ലോ. നന്മ ചെയ്‌വാൻ ആഗ്രഹിക്കുന്നവരെ തിന്മ പുറകിൽ നിന്ന് വലിയ്ക്കും. പ്രലോഭനങ്ങളെ തകർത്ത് മുന്നേറണം. അമർത്തി കുലുക്കി നൽകണം. ദൈവം ധാരാളമായി നൽകുന്ന ഒരു ശരീരം ക്രിസ്തു ദാനം നൽകിയപ്പോൾ, തേജസ്ക്കരിക്കപ്പെട്ട ശരീരത്തോടുകൂടിയാണ് അവൻ ഉയിർത്തെഴുന്നേറ്റത്.

ശരീരം സൃഷ്ടികർമ്മത്തിൽ

ദൈവം മനുഷ്യന് പ്രത്യേക കൃപകൾ നൽകിയതിനൊപ്പം ഉത്തരവാദിത്വങ്ങളും നൽകിയിട്ടുണ്ട്. മനുഷ്യന്റെ പ്രധാന ഉത്തരവാദിത്വം സൃഷ്ടിയുടെ പരിപാലനമാണ്. സൃഷ്ടിയെ പരിപാലിക്കുന്നതിലൂടെ മനുഷ്യനും സൃഷ്ടി കർമ്മത്തിന്റെ ഭാഗമായിരുന്നു. ഉല്പ. 1:26-31 വരെയുള്ള വേദഭാഗം മനുഷ്യനെ ദൈവം സൃഷ്ടിയുടെ തലവനായി നിയമിച്ചു എന്ന് വ്യക്തം (ഉല്പ. 2:15). ഈ ഭൂമിയിൽ അദ്ധ്വാനിച്ച്, ദൈവ സൃഷ്ടിയെ കാത്തുപരിപാലിച്ച് സൃഷ്ടി കർമ്മത്തിൽ പങ്കാളിയാകണം. നിർമ്മിക്കുക മാത്രമല്ല പരിപാലനം സ്രഷ്ടാവിന്റെ ചുമതലയാണല്ലോ! ദൈവത്തിൽ ആശ്രയിച്ച് മനുഷ്യൻ സൃഷ്ടിയെ കാത്തുസൂക്ഷിക്കണം. എന്നാൽ മനുഷ്യൻ ദൈവമാകുവാൻ ശ്രദ്ധിക്കുകയാണ്. ആദിമാതാപിതാക്കൾ നേരിട്ട പരീക്ഷണവും ഇതുതന്നെയാണ്. "നിങ്ങൾ ദൈവത്തെപ്പോലെ ആകും" എന്നും കേട്ടപ്പോൾ പ്രലോഭിതരായി.

സൃഷ്ടിയെ മുഴുവനും പരിപാലിച്ച് രക്ഷയുടെ അനുഭവത്തിലേയ്ക്ക് നയിക്കുക എന്നതാണ് നമ്മുടെ ഉത്തരവദിത്വം. ഈ ചുമതലയുടെ പ്രധാനഭാഗമായിട്ടാണ് സർവ്വചരാചരങ്ങൾക്കും വേണ്ടി ദൈവസന്നിധിയിൽ ആരാധനയർപ്പിക്കുന്നത്. സർവ്വസൃഷ്ടിയുടെയും രക്ഷയ്ക്കുവേണ്ടിയാണല്ലോ ബലി അർപ്പിക്കുന്നത്. ദനഹാപെരുന്നാളിൽ സകല ജലാശയങ്ങൾക്കും ഊശാന പ്പെരുന്നാളിൽ സകല സസ്യലതാദികൾക്കും വേണ്ടി പ്രാർത്ഥിക്കാറുണ്ട്. വി. കൂദാശകളിൽ അർപ്പിക്കുന്ന വസ്തുക്കളെല്ലാം ഈ ഭൂമിയിൽ നിന്നും ലഭിക്കുന്നതാണ്. സൃഷ്ടി മുഴുവന്റേയും പ്രതീകമായിട്ടാണ് ഇവ സമർപ്പിക്കുന്നത്.

സൂക്ഷിയ്ക്കാൻ ഏല്പിച്ച വസ്തുക്കളെ നാം മലിനമാക്കുകയാണിന്ന്. ജലം, വായു എല്ലാം നാം അശുദ്ധമാക്കി, കാലവസ്ഥമാറ്റി മറിച്ചു. അശുദ്ധ വാതകങ്ങൾ അന്തരീക്ഷണത്തിൽ നിറച്ചു. ആടുകളുടെ രക്തം ഊറ്റികുടിയ്ക്കുന്ന ഇടയൻമാരായി മനുഷ്യൻ അധഃപതിച്ചു. ഈ ഭൂമിയിൽ പുല്ലിനും, പറവയ്ക്കും, പക്ഷിയ്ക്കും, മൃഗങ്ങൾക്കും എല്ലാം മനുഷ്യനെന്നപ്പോലെ ജീവിയ്ക്കുവാൻ അവകാശമുണ്ട്. അനുയായികളെ ലക്ഷ്യത്തിലേയ്ക്ക് നയിക്കുന്നവനാണ് നല്ല നേതാവ്. മനുഷ്യൻ സൃഷ്ടിയുടെതലവനാണ്. നശിപ്പിയ്ക്കാൻ അധികാരമില്ല. രക്ഷയെന്ന പരമലക്ഷ്യത്തിലേയ്ക്ക് നയിക്കുമ്പോഴാണ് മനുഷ്യൻ നല്ല നേതാവാകുന്നത്. സഹജീവികൾക്ക് ചരമഗീതം പാടുന്ന ശൈലി നാം ഉപേക്ഷിക്കണം.

"നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമർ 12:1). മനുഷ്യശരീരവും ദൈവത്തിലുള്ള യാഗവസ്തുവാണെന്ന ബോധ്യത്തിൽ വിശുദ്ധിയോട് സൃഷ്ടിച്ച് നുറുക്കപ്പെട്ട് പരമ ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുവാൻ നമുക്ക് സാധിക്കണം. ■

നിയമിതനായി



മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസ് സെക്രട്ടറിയായി നിയമിതനായ ഫാ. ജോസഫ് കുര്യാക്കോസ്, പാമ്പാടി കണ്ടത്തിൽ.

തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് പള്ളി വികാരിയും പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകാംഗവുമാണ്.

Favours Received

Susamma Meenadom



ഒരു വിശ്വാസി

Omana Mathew & Family



ഒരു വിശ്വാസി



സ്ത്രീശക്തീകരണം: എസ്ഥേർ മാതൃക

■ ഡോ. കെ.എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പാ

ശക്തമായ തീരുമാനങ്ങൾ, പ്രചോദനത്തിന്റെ വാക്കുകൾ, യഹൂദന്മാരെ മുഴുവൻ ഉദ്ധരിക്കുന്നതിന് എസ്ഥേറിന്റെ പ്രവൃത്തികൾ മുഖാന്തിരമായി. എസ്ഥേറിന്റെ യഹൂദനാമമായ "ഹദെസ്സ" എന്ന പദം കൊഴുന്തു ചെടിയുടെ എബ്രായ പദത്തിൽ നിന്നുളവായതാണ്. ദൈവത്തിന്റെ ഉദാര സ്നേഹത്തെ കുറിക്കുന്നതിന് യെശയ്യാവ് കൊഴുന്തു ചെടിയെപ്പറ്റി പറയുന്നു. (യെശ. 41:19,55:13, സെഖ. 1:8–12) വാസനയുള്ള ഇല, സുഗന്ധമുള്ള പൂവ്. സുഗന്ധ ദ്രവ്യങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന കൊഴുന്ത്. ഉദാര സ്നേഹവും സുഗന്ധവുമാണ് സ്ത്രീ സാന്നിധ്യം. ത്യാഗത്തിലൂടെയുള്ള വീണ്ടെടുപ്പാണ് സ്ത്രീ സാന്നിധ്യം.

യഹൂദന്മാരുടെ വിടുതലിനായി രാജസന്നിധിയിൽ വാദിക്കാനുള്ള അവളുടെ ഉത്തരവാദിത്തത്തിൽ നിന്നും സ്വയം ഓടിയൊളിച്ചാൽ ദൈവം തന്റെ ജനത്തെ മറ്റേതെങ്കിലും രീതിയിൽ വിടുവിക്കുമെന്നും നശിക്കുന്നത് അവളും പിതൃഭവനവുമായിരിക്കുമെന്നും ചിറ്റപ്പനായ മൊർദ്ദേഖായി ഓർമ്മിപ്പിച്ചു. എസ്ഥേർ ഉപവസിച്ചു. ശക്തി പ്രാപിച്ചു.. വിവേകം നേടി. രാജസന്നിധിയിൽ കടന്നു ചെന്ന് തന്റെ ജനതയുടെ സുരക്ഷിതത്വവും മഹത്വവും നേടിയെടുത്തു. ദൈവത്തോടും തന്റെ ജനത്തോടുമുള്ള വിശ്വസ്ത പാലിച്ചു. സ്വയത്യാഗത്തിനു തയാറായി. അടിമയും അനാഥയും ഇല്ലായ്മകളുടെ തോഴിയുമായിരുന്ന അവൾ തക്കസമയത്ത് ഉണർന്നു പ്രവർത്തിച്ചു. അറിയിക്കേണ്ടത് അറിയിക്കേണ്ട വരെ അറിയിച്ചു.

ശൈശവ വിവാഹത്തെ എതിർത്ത പരുമല തിരുമേനി സ്ത്രീ ശക്തീകരണത്തിന്റെ വക്താവായിരുന്നു.

സ്ത്രീയും പുരുഷനും ഒരാൾ മേലാളും മറ്റേയാൾ കീഴാളുമല്ല. "സൃഷ്ടിയുടെ ആരംഭത്തിലോ ദൈവം അവരെ ആണും പെണ്ണുമായി ഉണ്ടാക്കി. (മർക്കൊ. 10:16). അവർക്ക് തുല്യസ്ഥാനമാണ്. തുല്യ ഉത്തരവാദിത്തങ്ങളാണ്. അവ യോജിച്ച് നിർവ്വഹിക്കണം. അവർ സമൂഹത്തിൽ പരസ്പര പൂരകമായി വർത്തിക്കണം. അടിമയല്ല സ്ത്രീ. തോളോടുതോൾ ചേർന്നു പ്രവർത്തിക്കണം. അന്യോന്യം ഭാരങ്ങൾ വഹിക്കണം, ഊന്നുവടികളാകണം, പ്രചോദനം നൽകണം. സ്ത്രീയുടെ പങ്കിന് ബഹുമാന്യത ഉണ്ടാകണം. സ്വാമി വിവേകാനന്ദൻ പറഞ്ഞു "ഏതു രാജ്യമാണോ ആ രാജ്യത്തെ സ്ത്രീകളേയും കുട്ടികളേയും ബഹുമാനിക്കുന്നത് ആ രാജ്യമാണ് മഹത്തായ രാജ്യം ".

സ്ത്രീകളുടെ നിയമാവകാശങ്ങളെക്കുറിച്ച് ശരിയായ ബോധവൽക്കരണം നൽകണം. സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉയർച്ച ഉണ്ടാകണം. സ്വത്തിന്റെ തുല്യാവകാശങ്ങൾ, തൊഴിൽ രംഗത്തെ അവകാശങ്ങൾ ഇവയെപ്പറ്റി അറിവുണ്ടാകണം. ക്രിസ്തു സ്ത്രീകൾക്ക് ബഹുമാനം കൊടുത്തു. മാർത്ത, മറിയ, മഗ്ദലക്കാരത്തി മറിയ, ലുദിയ, തബീഥ, പ്രിസ്ക്കില്ല തുടങ്ങിയവർ ധൈര്യവതികളും തീവ്ര ഭക്തിയുടെ പര്യായങ്ങളുമാണ്. അപ്പോസ്തോലന്മാരിലും ഉയർന്ന സ്ഥാനമാണ് സഭ കന്യകമറിയാമിന് നൽകുന്നത്.

സ്ത്രീകളുടെ അവകാശ പോരാട്ടങ്ങളുടെ ചരിത്രം പഠിക്കുകയും പഠിപ്പിക്കുകയും വേണം. ജനാധിപത്യത്തിന്റെ വിജയത്തിന് തുല്യമായ സ്ത്രീ പങ്കാളിത്തം അത്യാവശ്യമാണ്. വേതനത്തിൽ നിലനില്ക്കുന്ന അസമത്വം, ലൈംഗിക ചൂഷണങ്ങൾ, അതിക്രമങ്ങൾ, ഗർഭാവസ്ഥയിലുള്ള പെൺകുഞ്ഞുങ്ങളോടു കാട്ടുന്ന ക്രൂരത, കുഞ്ഞ് പെൺകുട്ടിയാണെന്നറിയുമ്പോഴുള്ള മ്ലാനത, പങ്കാളിയെ തെരഞ്ഞെടുക്കുന്നിൽ സ്ത്രീക്ക് വേണ്ട പങ്ക് ലഭിക്കാതിരിക്കുന്ന അവസ്ഥ ഇവ മാറണം.

സതി, ശൈശവ വിവാഹം ഇവ ഇല്ലാതാക്കാൻ മിഷനറിമാർ ചെയ്ത സേവനം നിസ്തുലമാണ്. അതിന്റെ തുടർ പ്രവർത്തനങ്ങൾ നടക്കണം, ശൈശവ വിവാഹത്തെ എതിർത്ത പരുമല തിരുമേനി സ്ത്രീ ശക്തീകരണത്തിന്റെ വക്താവായിരുന്നു. കൂനിയായ സ്ത്രീയെക്കുറിച്ച് ഇവളും അബ്രഹാമിന്റെ സന്തതി എന്നാണല്ലോ ക്രിസ്തു പ്രഖ്യാപിച്ചത്. കപ്പദോക്യൻ പിതാക്കന്മാരുടെ മാതാവായ എമ്മീലിയ, സഹോദരി മക്രീന തുടങ്ങിയവർ സഭാചരിത്രത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയിരുന്നു. അവരുടെ പിൻഗാമികൾ നിരണത്തെ പീത്തമ്മ തങ്കിയെപ്പോലെ സഭയ്ക്കുവേണ്ടി ഊർജവും ധനവും ആഭരണങ്ങളും സേവനവും നൽകി ത്യാഗം സഹിച്ച വീര വനിതകൾ ധാരാളം.

മനുഷ്യാവകാശങ്ങൾ എല്ലാവർക്കും ലഭിക്കുമ്പോഴാണ് മനുഷ്യാവകാശ പ്രഖ്യാപനങ്ങൾ അർത്ഥവത്താകുന്നത്. മാധ്യമ പരസ്യക്കച്ചവടങ്ങളിലെ അധാർമ്മികതയും അനീതിയും ചെറുക്കണം. അടിമയായും ഉപഭോഗ വസ്തുവായും മാത്രം സ്ത്രീയെ കാണരുത്. ചൈൽഡ് ഹെൽപ് ലൈൻ, സ്ത്രീ സഹായ സമിതികൾ, വനിതാ കമ്മീഷൻ, കുടുംബകോടതി ഇവയുമായി ബന്ധപ്പെട്ട് സ്ത്രീയ്ക്ക് ലഭിക്കണം. പുരുഷകേന്ദ്രീകൃത ആധുനിക ലോകം സ്ത്രീശരീരത്തെ അണിയിച്ചൊരുക്കി പരേഡുകൾ സംഘടിപ്പിച്ച് മാധ്യമശ്രദ്ധ നേടുന്നത് കച്ചവടസംസ്ക്കാരമാണ്. സഹിക്കാനും ക്ഷമിക്കാനും അനുസരിക്കാനും മാത്രമല്ല, ചോദ്യം ചെയ്യാനും തിരുത്താനും. സ്ത്രീകൾക്ക് അവകാശമുണ്ട്. ഇരകളായ സ്ത്രീകൾക്ക് ലോകം തങ്ങളോടു കാട്ടിയ അതിക്രമങ്ങളെക്കുറിച്ച് വിളിച്ചു പറയാൻ പ്രേരണ നൽകണം. മദ്യപാനികളും വൈകൃതങ്ങളിൽ അഭിരമിക്കുന്നവരുമായ പുരുഷന്മാരുടെ ശാരീരിക പീഡനങ്ങൾ സഹിക്കുന്ന സ്ത്രീകൾക്ക് കൂട്ടായ്മയും ആത്മബലവും നിയമബോധനവും നൽകണം.

അയൽക്കൂട്ടം, ഗ്രാമസഭ, കുടുംബശ്രീ, മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾ എന്നിവയിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉണ്ടാകണം. സമൂഹത്തിന്റെയും കുടുംബത്തിന്റെയും രൂപാന്തരത്തിന് മുഖാന്തിരമായിത്തീർന്ന സ്ത്രീരത്നങ്ങളെക്കുറിച്ച് ഗ്രന്ഥങ്ങൾ രചിക്കുകയും ബോധന ക്ലാസ്സുകൾ നടത്തുകയും ചെയ്യണം. ജീവനെ പരിപോഷിപ്പിക്കാനുള്ള ജാഗ്രതയാണ് സ്ത്രൈണതയുടെ മാന്യത. അതിനുവേണ്ടി സദാ ഉണർന്നിരിക്കേണ്ടവളാണ് സ്ത്രീ. തന്റെ സ്വത്വജാലകത്തിലൂടെ നോക്കിക്കണ്ട് അവൾ ബൈബിൾ പുനരാഖ്യാനം ചെയ്യണം. സ്ത്രീയുടെ ദൈവാനുഭവങ്ങൾ പരിപാകതയുടെ സുവിശേഷമാണ്. ആണിന്റെ അഹങ്കാരം സംരക്ഷിക്കുവാൻ പെണ്ണ് തന്റെ ശക്തിയെ മറച്ചുവച്ചിരിക്കുന്നുവോ? തക്ക ഇണയും തുണയും ആയിരിപ്പാനാണ് അവളുടെ വിളി. അത് അടിമത്തമല്ല.

വ്യക്തിത്വം അടിയറ വയ്ക്കാതെ ആത്മീയതയുടെ നിറവിൽ സ്ത്രീ വളരണം. ഉദാര സ്നേഹത്തോ ടൊപ്പം നിതാന്ത ജാഗ്രതയുമാണ് സ്ത്രീയുടെ സ്വത്വം. സ്ത്രീസർഗ്ഗാത്മകതയും ആത്മീയതയും പുരുഷന്റേതിനേക്കാൾ ഒട്ടും ചെറുതല്ല. പരമ്പരാഗതമായി പിന്തുടർന്നു വരുന്ന ചില കാര്യങ്ങൾ എന്നേക്കും തുടരണം എന്ന നിർബന്ധത്തിനും പുനഃപരിശോധന വേണം. പാരമ്പര്യങ്ങൾ ചലനാത്മകമാകണം.

മാതൃത്വത്തിന്റെയും സ്ത്രീ ശാക്തീകരണത്തിന്റെയും മഹത്വം സ്ത്രൈണ ആത്മീയതയുടെ ആധുനിക വ്യാഖ്യാനങ്ങൾക്കൊപ്പം നാമും പ്രഘോഷിക്കേണ്ടതാണ്. എസ്ഥേർ മാതൃക അതിന് പ്രചോദനം നൽകുന്നു. ■

ആത്മീയതയുടെ

13-ാം പേജിൽ നിന്നും...

കാലമാണിത്. നമ്മുടെ ആഘോഷങ്ങളും പെരുനാളുകളും വിശേഷങ്ങളും ആത്യന്തികമായി ഒരു മാലിന്യ കൂമ്പാരത്തെയാണ് സൃഷ്ടിക്കുന്നത്. സാമാന്യ ബുദ്ധിയോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ ഒഴിവാക്കാവുന്ന ഒട്ടനവധി വൃത്തികേടുകൾ പോലും നമ്മൾ പിന്തുടരുകയാണിന്ന്. ഓർത്തഡോക്സ് സഭ അതിപ്രാചീനകാലം മുതലേ പിന്തുടർന്നിരുന്ന ശൈലികളിലേക്ക് നമ്മുടെആഘോഷങ്ങളും പെരുനാളുകളും മാറേണ്ടതുണ്ട് നമ്മുടെ സംസ്കൃതിയെ ഓർമ്മിപ്പിക്കുന്ന എണ്ണ വിളക്കുകളും പിണ്ടി വിളക്കുകളും കുരുത്തോലകളും ഒരുപാരിസ്ഥിതിക പ്രശ്നവുമുണ്ടാക്കുന്നില്ല. നമ്മുടെ പെരുനാൾ നേർച്ചകൾ പോലും എത്രയോ സാത്വികമായിരുന്നു. എന്നാൽ പെരുനാൾ നേർച്ചകളിൽ ബ്രോയിലർ കോഴിയും മറ്റു മാംസ വിഭവങ്ങളും ഒരിക്കലും നിർബന്ധമല്ലാതിരിക്കെ അനാവശ്യ മാംസഭോജനത്തിനായി നമ്മുടെ ദേവാലയ പരിസരങ്ങൾ ഇപ്പോൾ മലിനമാക്കപ്പെടുന്നുണ്ട്.

ജൈവ അജൈവ മാലിന്യങ്ങൾ പോലെ അസഹനീയമാണ് ശബ്ദ മലിനീകരണവും ആർഭാടപൂർണ്ണമായ ആഘോഷങ്ങളും അനാവശ്യ കോൺക്രീറ്റ് നിർമ്മിതികളും. മാലിന്യവിമുക്തമായ ഒരു ഭൗതിക പരിസരം ആധ്യാത്മികതയ്ക്ക് എന്നും ആവശ്യമായിരുന്നു. ഗോഡൗണുകളിലും ഷെഡുകളിലുമിരുന്ന് ആർത്തലയ്ക്കുന്നതല്ല മറിച്ച് ധ്യാനപൂർണ്ണമായ ഏകാന്തത ആത്മീയതയുടെ യഥാർത്ഥ ഉറവിടങ്ങളാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. പ്രകൃതി കേന്ദ്രീകൃതവും പരിശുദ്ധവുമായ ഒരു പ്രാചീനതയിലേക്ക് തിരിച്ചു പോകുന്നത് വികസന വിരുദ്ധമോ പഴഞ്ചൻ ശൈലിയോ അല്ല മറിച്ച് ബുദ്ധിപരമായ ഒരു തിരിച്ചറിവാണ്. ഇതാണ് യഥാർത്ഥ ആത്മീയത.

പ്രീ–പബ്ലിക്കേഷൻ

– ഫാ. ഡോ. റ്റി. ജെ. ജോഷ്വ
(ജനറൽ എഡിറ്റർ)

പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ചരമ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് മലങ്കരസഭാ മാസികയുടെ ഉപഹാരം. മലങ്കരസഭ മാസിക പത്രാധിപ സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന പ്രൗഢമായ ഗവേഷണ ഗ്രന്ഥം. പ്രമുഖരുടെ ലേഖനങ്ങൾ, വിശകലനങ്ങൾ, അപൂർവ്വ രേഖകൾ, ചിത്രങ്ങൾ...

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായെക്കുറിച്ചുള്ള

സമഗ്രമായ ആധികാരിക ഗ്രന്ഥം

പേജ് 400, വില 350

2015 മാർച്ച് 31 വരെ പ്രീ–പബ്ലിക്കേഷൻ വില – 250 രൂപയ്ക്ക്

ബുക്കിങ്:
മാനേജിംഗ് എഡിറ്റർ
മലങ്കരസഭ മാസിക
ദേവലോകം
കോട്ടയം–686004
ഫോൺ: 04812573234

സൺഡേസ്ക്കൂൾ വാർത്തകൾ

തെരഞ്ഞെടുപ്പ്: അഞ്ചുവർഷം കഴിയുമ്പോൾ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നു വരികയാണല്ലോ. ഒട്ടേറെ അന്വേഷണങ്ങളും പരാതികളും ഉണ്ടാകുന്നിൽ ഏവരുടെയും ശ്രദ്ധക്കായി ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തട്ടെ.

1. പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ച് 12/3/2010-ൽ പ. ബാവാതിരുമേനിയുടെ കല്പനപ്രകാരം പാസ്സാക്കിയിട്ടുള്ള ഭരണഘടന അനുസരിച്ചാണ് തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്. അതിൽ നിന്ന് വ്യത്യസ്തമായി ചെയ്യുവാൻ ഒരു ഭദ്രാസനത്തിനും അനുവാദമില്ല.

2. പുതുക്കിയ ഭരണഘടനയിലെ 67-ാം വകുപ്പു പ്രകാരം നിലവിലുള്ള ഏതൊരു സ്ഥാനിക്കും രണ്ടാം പ്രാവശ്യം കൂടി തെരഞ്ഞെടുക്കപ്പെടുവാനുള്ള അർഹതയുണ്ട്. ഭരണഘടന പുതുക്കുന്നതനുസരിച്ച് ഏതെങ്കിലും സ്ഥാനം വഹിച്ചിരുന്നു എന്നത് ഇപ്പോൾ കണക്കിലെടുക്കേണ്ടതില്ല. തുടർച്ചയായി രണ്ടുപ്രാവശ്യത്തിലധികം പാടില്ല എന്നത് അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോഴേ പ്രസക്തമാവുകയുള്ളു.

3. പ്രഥമാദ്ധ്യപകരെ 5-ാം വർഷത്തിൽ മാറ്റണമെന്ന് നിർബന്ധമില്ല. യൂണിറ്റുകളിലെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമില്ലെങ്കിൽ മാത്രം വികാരിമാരുടെ അദ്ധ്യക്ഷതയിൽ സൺഡേസ്ക്കൂൾ കൗൺസിൽ കൂടി തീരുമാനം എടുക്കാവുന്നതാകുന്നു. എന്നാൽ മാറ്റത്തിനുവേണ്ടി ഒരു മാറ്റം എന്നത് അഭിലഷണീയമല്ല.

4. ദിവ്യബോധന പഠനം, സൺഡേസ്ക്കൂൾ 12-ാം ക്ലാസ്സ് പഠനം ഇവ പൂർത്തിയാക്കിയവരെ അദ്ധ്യാപക ഒഴിവുകളിൽ ഇനി നിയമിക്കണം എന്ന ധാരണയുണ്ടായിട്ടുണ്ട്. അതിന്റെ അർത്ഥം നിലവിലുള്ള എല്ലാ അദ്ധ്യാപകരേയും മാറ്റുക എന്നല്ല. ആവശ്യമില്ലാത്ത നിയമങ്ങൾ കൊണ്ടുവന്ന് പൊതുവെ ഭംഗിയായി നടന്നു വരുന്ന സൺഡേസ്ക്കൂൾ ബോധനം പ്രശ്നസങ്കീർണ്ണമാകരുതെന്ന് ബന്ധപ്പെട്ട എല്ലാവരേയും ബോധിപ്പിക്കുന്നു. ഭരണഘടനയ്ക്ക് വ്യത്യസ്തമായി ആരെങ്കിലും പ്രവർത്തിക്കുന്നു എങ്കിൽ ഭദ്രാസന മെത്രാപ്പോലീത്താമാരെ ആ കാര്യം ധരിപ്പിക്കുകയും, അവിടെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ഭരണഘടന പാസ്സാക്കി തന്ന പ. സുന്നഹദോസിനുതന്നെ അപ്പീൽ സമർപ്പിക്കുകയും ചെയ്യാവുന്നതാകുന്നു. ആ നിലയിൽ കാര്യങ്ങൾ പോവുകയില്ലെന്ന് പ്രത്യാശിക്കുന്നു.

പുതിയ പുസ്തകങ്ങൾ: നല്ല ഉദ്ദേശ്യത്തോടെ സിലബസ് പരിഷ്ക്കരിച്ചപ്പോൾ, ചില പാഠങ്ങൾ അൽപ്പം കടുപ്പമുള്ളതായി അദ്ധ്യാപകർ ചൂണ്ടിക്കാട്ടിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തീർച്ചയായും അവലഘൂകരിക്കുന്നതാണ്. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ എഴുതി അറിയിക്കുന്നതു നന്നായിരിക്കും.

കവർ പിരിവുകൾ: സൺഡേസ്ക്കൂൾ കവർ പിരിവ്, കാണിക്ക, ജീവകാരുണ്യദിന തുക ഇവയൊക്കെ അർഹമായ വിഹിതം എടുത്തതിനുശേഷം കേന്ദ്ര ഓഫീസിൽ അയയ്ക്കുന്നതിൽ ചില യൂണിറ്റുകൾ വീഴ്ച വരുത്തുന്നുണ്ട്. അത് ആത്മീയതയ്ക്കും ധാർമ്മീകതയ്ക്കും ചേർന്നതല്ല. അല്പത്തിൽ വിശ്വസ്തരായവരെ അധികത്തിന് വിചാരകനാക്കും" എന്നു കർത്തൃവചനം ഏവരും ഓർത്തിരിക്കണം. ഈ വർഷത്തെ ജീവകാരുണ്യ നിധിയിൽ നിന്നുള്ള സഹായം നാഗ്പൂർ സെ. തോമസ് ഓർത്തഡോക്സ് സെമിനാരിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന "പ്രേരണാ" സ്ക്കൂളിനായിരിക്കും. വ്യത്യസ്ത കഴിവുള്ള കുട്ടികളെ അവിടെ പരിചയിപ്പിക്കുകയം പരിശീലിപ്പിക്കുകയും ചെയ്യുന്നു.

ജൂബിലി സുവനീർ: ഔപചാരികമായ പ്രകാശനം കഴിഞ്ഞുവെങ്കിലും അത് ഒരു ചരിത്ര സ്മരണിക എന്ന നിലയിൽ കുറ്റമറ്റതായി പ്രസിദ്ധീകരിക്കുവാൻശ്രമിക്കുന്നു. അതിനാൽ യൂണിറ്റ്, ഡിസ്ട്രിക്ട്, ഭദ്രാസനതലങ്ങളിൽ ഫോട്ടോകളും, ആശംസകളും അയച്ചുതരുവാൻ കുറച്ചുകൂടി സമയം നൽകുകയാണ്. പരസ്യങ്ങളേക്കാൾ അധികം ആശംസകളിലൂടെ അതിനാവശ്യമായ ധനസമാഹരണം നടത്തുവാനാണാഗ്രഹിക്കുന്നത്. സൺഡേസ്ക്കൂൾ യൂണിറ്റുകളും ഇടവകകളിലെ സുമനസ്സുള്ളവരും ഈ കാര്യത്തിൽ സഹകരിക്കുമെന്ന് പ്രത്യാശിക്കുന്നു. വ്യക്തികളെ ഈ കാര്യം അറിയിക്കുന്നതിൽ സൺഡേസ്ക്കൂളിന്റെ വിവിധ തലങ്ങളിലുള്ള ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കണമെ. ചരിത്രപരമായി പ്രാധാന്യമുള്ള രേഖകൾ കൈവശമുള്ളവർ അയച്ചു തന്നാൽ പ്രസിദ്ധീകരിക്കുന്നതായരിക്കും.

ഭദ്രാസന സെക്രട്ടറി

അങ്കമാലി ഭദ്രാസന സെക്രട്ടറിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട ഫാ. ബോബി വർഗീസ്.

കുന്നക്കുരുടി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗവും കളമശേരി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമാണ്.

മലങ്കരസഭ മാസിക

മലങ്കര സഭ മാസികയ്ക്ക് 2014-ൽ 2500 ലധികം വരിക്കാരെ ചേർത്ത അജിത്ത് ഏബ്രഹാം, പുത്തൻപുരയ്ക്കൽ. കുറച്ചി വലിയ പള്ളി ഇടവകാംഗം. ഫോൺ: 9947315708

സൺഡേസ്ക്കൂൾ പ്രതിഭകൾ

ഈ വർഷത്തെ അഖില മലങ്കര മത്സരങ്ങളിൽ സൺഡേസ്ക്കൂൾ പ്രതിഭയായി എബിൻ ജേക്കബ് മാത്യു (സെ. ജോർജ് ചേപ്പാട്), സൺഡേസ്ക്കൂൾ ഗാനസുഗന്ധിയായി ശില്പാ ജോർജ് (സെ. ജോർജ് പെരിയാമ്പ്ര), സൺഡേസ്ക്കൂൾ പ്രവീൺ ആയി തോമസ് കുര്യൻ (മാർ ഗ്രീഗോറിയോസ് കുറ്റപ്പുഴ) സൺഡേസ്ക്കൂൾ വിജ്ഞാനിയയ അമൃത് ജോസ് ജോൺ (കാദീശാ, കായംകുളം), വേദവചനഭൂഷൺ ആയി അഫ്രേം ജോസഫ് (സെ. തോമസ് ചെമ്പുക്കാവ്) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

വിശകലനം

വിശ്വാസ വ്യാപനം തലമുറകളിലേയ്ക്ക്

Faith Families

■ **ഫാ. ഡോ. ബിജേഷ് ഫിലിപ്പ്**
പ്രിൻസിപ്പാൾ, നാഗ്പൂർ സെമിനാരി

ഒരു കുട്ടി മാതൃഭാഷ പഠിക്കുന്നത് നിരന്തരം ബന്ധപ്പെ ടുന്ന കുടുംബാംഗങ്ങളിൽ നിന്നും കേട്ടാണ്. സ്കൂളിൽ ചേരുന്നതിനു മുമ്പേ കുഞ്ഞ് മാതൃഭാഷ സംസാരിച്ചു തുടങ്ങും. കുടുംബത്തിൽ നിന്നും സഭയിൽ നിന്നുമൊക്കെ കുഞ്ഞുങ്ങൾ കാഴ്ച്ചയിലൂടെയും കേൾവിയിലൂടെയും വിശ്വാസം സ്വായത്തമാക്കുന്നതും ഈ വിധത്തിലാണെന്നു പറയാം. ഇത്ര ആയാസരഹിതമായി സമൃദ്ധമായ ജീവനിലേക്കു നയിക്കുന്ന വിശ്വാസം സ്വായത്തമാക്കാൻ പററുന്ന അന്തരീക്ഷത്തിലാണോ കുഞ്ഞുങ്ങൾ ഇന്ന് വളരുന്നതെന്ന് ചോദിക്കേണ്ടിയിരിക്കുന്നു. സ്വാർത്ഥതയിലേക്കും വർദ്ധിച്ച ഉപഭോഗത്തിലേയ്ക്കും നയിക്കുന്ന വിശ്വാസവിരുദ്ധമായ ലോകവീക്ഷണവും മൂല്യങ്ങളും നിരന്തരം കേട്ടും കണ്ടും വളരുവാൻ നവമാധ്യമങ്ങളും മറ്റും കൂടുതൽ അവസരം ഒരുക്കിക്കൊണ്ടിരിക്കുകയാണല്ലോ. സഭ മുഴുവനും, സൺഡേസ്കൂൾ തുടങ്ങിയ ആത്മീയസംഘടനകളും, പ്രത്യേകിച്ച് കുടുംബങ്ങളും സമർപ്പണബുദ്ധ്യാ ശ്രമിച്ചാലേ സത്യ വിശ്വാസം തലമുറകളിലേയ്ക്ക് അർത്ഥവത്തായി കൈമാറുവാൻ കഴിയുകയുള്ളു.

ക്രിസ്തു ജനിച്ചുവളർന്ന യഹൂദമത പശ്ചാത്തലത്തിൽ മക്കളെ വിശ്വാസത്തിൽ ബോദ്ധ്യപ്പെടുത്തി വളർത്തുക എന്നത് മാതാപിതാക്കളുടെ പരമപ്രധാനമായ ചുമതലയായിരുന്നു. ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുകയും ദൈവിക കൽപനകൾ ഹൃദയത്തിൽ സദാ സൂക്ഷിക്കുകയും അത് മക്കൾക്ക് സദാ ഉപദേശിച്ചുകൊടുക്കുകയും ചെയ്യണമെന്ന ദൈവിക ആഹ്വാനം (ആവർത്തനം 6: 5-7) എല്ലാ കാലത്തേയ്ക്കും പ്രസക്തമായിട്ടുള്ളതാണ്. "നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴിനടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം" എന്ന സന്ദേശം വീണുകിട്ടുന്ന എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തി വിശ്വാസമൂല്യങ്ങൾ കൈമാറുവാനുള്ള ആഹ്വാനമാണ്. ബന്ധുമിത്രാദികളുടെ മാമോദീസാ, വിവാഹം മരണംതുടങ്ങിയ സംഭവങ്ങളോടും മാറാനായ പെരുന്നാളുകളോടുമൊക്കെ ബന്ധപ്പെട്ട ചർച്ചകൾ ഈ വിധത്തിൽ സഹായകരമാകും. മാമ്മോദീസായുടെ ദിവസം എല്ലാ വർഷവും ആത്മീയജന്മദിനമായി ക്രമീകരിക്കുന്നതും സാത്താനെ ഉപേക്ഷിച്ച് മ്ശിഹായിൽ വളരുവാനുള്ള കരുത്ത് വർദ്ധിപ്പിക്കുവാൻ സഹായകരമാകും. പള്ളിയിൽ കേൾക്കുന്ന പ്രസംഗങ്ങളിൽ നിന്നും സൺഡേസ്കൂളിൽ നിന്നും ലഭിക്കുന്ന ബോധത്തിൽ നിന്നും ധ്യാനാത്മകമായ തുടർ ചർച്ചകൾ കുടുംബങ്ങളിൽ നടക്കേണ്ടതാണ്.

പഠിപ്പിക്കുന്നത് കേട്ടു മനസ്സിലാക്കുന്നതിലും അധികമായി കുഞ്ഞുങ്ങൾ വിശ്വാസം പഠിക്കുന്നത് മാതാപിതാക്കളുടെ വിശ്വാസജീവിതവും, മുൻഗണനകളും ത്യാഗപൂർവ്വമായ പ്രവർത്തനങ്ങളും നിരീക്ഷിച്ചാണ്. മാതാപിതാക്കളുടെ ദൈവ സ്നേഹവും ക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ പ്രാവർത്തികമാക്കാനുള്ള ത്യാഗവും മക്കളിൽ ദൈവബോധം വളർത്തുന്നതിൽ നിർണ്ണായക മായ സ്വാധീനം ചെലുത്തും. അനേകമനേകം വിശ്വാസവീരന്മാരുടെ ആത്മകഥയിലെ അംശമാണിത്. ആർഭാടത്തിനും പൊങ്ങച്ചത്തിനും സത്യവിരുദ്ധമായ കുറുക്കുവഴികൾക്കും അധാർമ്മികമായ സുഖലോലുപതയ്ക്കും മുൻഗണന നൽകുന്ന കുടുംബങ്ങൾ കുഞ്ഞുങ്ങളുടെ മനസ്സിൽ വളർന്നു തുടങ്ങുന്ന ക്രിസ്തീയ മൂല്യങ്ങളെ ഞെരുക്കുന്ന മുള്ളുകൾ വർദ്ധിപ്പിക്കുകയാണ് (മത്തായി 13:22).

ഉത്തമ വിശ്വാസ ജീവിതം നയിച്ചവരുടെ ജീവിതങ്ങളെ മക്കൾക്കു പരിചയപ്പെടുത്തുവാനും വിശുദ്ധരുടെ ജീവിതകഥകൾ പറഞ്ഞുകൊടുക്കുവാനും ശ്രമിക്കുന്നത് കുഞ്ഞുങ്ങളിൽ വിശ്വാസം ബോദ്ധ്യപ്പെടുത്തു വാൻ സഹായകരമാകും. വലിയ മാർ ബസ്സേലിയോസ്, പ. പരുമല തിരുമേനി, പ. പാമ്പാടി തിരുമേനി, പത്രോസ് മാർ ഓസ്താത്തിയോസ് തിരുമേനി, മദർ തെരേസാ, ആൽബർട്ട് ഷ്വൈറ്റ്സർ തുടങ്ങിയവരുടെ ജീവിത കഥകൾ പ്രചോദനമാകും. അഭി. പൗലോസ് മാർഗ്രിഗോറിയോസ് തിരുമേനിയുടെ 'സ്നേഹത്തിന്റെ സ്വാതന്ത്ര്യം' പോലുള്ള ആത്മകഥകൾ യുവാക്കൾക്ക് വിശ്വാസത്തിന്റെയും വിശാലതയുടെയും ആഴവും വ്യാപനവും വർദ്ധിപ്പിക്കുവാൻ സഹായിക്കും.

രണ്ടുമക്കളുള്ള ഒരു കുടുംബത്തിൽ ഒരു പെൺകുഞ്ഞു മരിച്ചു കഴിഞ്ഞപ്പോൾ മാതാപിതാക്കൾ വീടിന്റെ തിണ്ണയിൽ ഇയ്യോബിന്റെ പുസ്തകത്തിൽ നിന്നുള്ള 'യഹോവ തന്നു യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ' എന്ന വാചകം എഴുതി വച്ചരിക്കുന്നത് ഒരിക്കൽ

കാണുവാനിടയായി. വിശ്വാസം കഷ്ടനഷ്ടങ്ങൾക്കിടയിൽ ധൈര്യവും സുരക്ഷിതത്വവും പ്രത്യാശയും നൽകുന്നു എന്നത് മുതിർന്നവരിൽ നിന്ന് തലമുറകൾ കണ്ടു പഠിക്കേണ്ടതാണ്. കഷ്ടതകളെയും എങ്ങനെ ദൈവനാമ മഹത്വത്തിനാക്കാമെന്നു ചിന്തിച്ചു പ്രവർത്തിക്കുന്നവർ തലമുറകളിലേക്ക് വിശ്വാസവ്യാപനം സുഗമമാക്കും.

ബോദ്ധ്യപ്പെടുത്തുന്നതോടൊപ്പം നിയന്ത്രണങ്ങൾ വച്ച് മക്കളെ വളർത്തുന്നതും പ്രധാനമാണ്. അല്പം ഉപദേശം നൽകിയിരുന്നെങ്കിലും ഏലി പുരോഹിതൻ ശക്തമായ നിയന്ത്രണങ്ങൾ വച്ചു വളർത്താത്തതുകൊണ്ട് മക്കളായ ഹൊഫ്നിയും, ഫിനെഹാസും നശിക്കുകയും ആ കുടുംബം തന്നെ തകരുകയും ചെയ്തു (1 ശാമുവേൽ 2) ഇതിനെ സംബന്ധിച്ച് പറയുമ്പോൾ നാലാം നൂറ്റാണ്ടിൽ പ. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് ഏലിയെ വിമർശിച്ചു പറയുന്ന പ്രയോഗം "കുറ്റകരമായ സൗമ്യത" എന്നാണ്. ഇന്ന് ഫോണിനും, ഇന്റർനെറ്റിനും, ടി.വിക്കു മൊക്കെ നിയന്ത്രണം വയ്ക്കാതെ മക്കളെ വളർത്തുന്ന മാതാപിതാക്കളുടെ "കുറ്റകരമായ സൗമ്യത" തിരുത്തപ്പെടേണ്ടതാണ്. Cyber Addiction വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ നവ മാധ്യമങ്ങളുടെയും, ഫോണിന്റെയു മൊക്കെ ഉത്തരവാദിത്ത പൂർണ്ണമായ ഉപയോഗത്തിനായി നിയന്ത്രണം വച്ചില്ലെങ്കിൽ വിശ്വാസത്തിന്റെ വിത്തുകൾ മുളയിലെ മുരടിച്ചുപോകും. നോമ്പിൽ നിയന്ത്രിക്കുകയും വർജ്ജിക്കുകയും ചെയ്യുന്ന കാര്യങ്ങളുടെ പട്ടികയിൽ ഇവയും എങ്ങനെ ഉൾപ്പെടുത്തണമെന്ന് ഒരു ധാരണയുണ്ടാകുന്നതും നന്നാകും. ഉപകരണങ്ങളുടെ ഉപയോഗത്തിൽ മാത്രമല്ല വിവിധ തലങ്ങളിൽ നിയന്ത്രണ നിയമങ്ങൾ മുന്നമേ തന്നെ വീട്ടിൽ പറഞ്ഞ് മക്കളെ മനസ്സിലാക്കുയും അവ ലംഘിക്കുമ്പോൾ മുൻ ധാരണയനുസരിച്ച് ചെറു ശിക്ഷകൾ നടപ്പാക്കുകയും ചെയ്യുവാനും മുതിർന്നവരുടെ ഭാഗത്ത് നിന്നും ശ്രദ്ധയാവശ്യമാണ്. നന്മയെ അഭിനന്ദിക്കുവാനും അംഗീകരിക്കുവാനും കൂടി ഈ ജാഗ്രത ആവശ്യമാണ്.

നന്മയിൽ നിലനിൽക്കുവാനും വളരുവാനും സഹായിക്കുന്ന പ്രാർത്ഥനയിലും ആരാധനയിലും ചെറുപ്പം മുതലേ മക്കളെ പങ്കെടുപ്പിക്കുന്നത് അനുഗ്രഹകരമാണ്. ബുദ്ധിവികാസമില്ലെങ്കിലും നന്നേ ശിശുക്കളായിരിക്കുമ്പോൾ തന്നെ മാമോദീസായും, മൂറോനഭിഷേകവും വി.കുർബ്ബാനയും കുഞ്ഞുങ്ങൾക്ക് നാം നൽകുന്നു. ക്രമേണ കൂദാശയിലും പ്രാർത്ഥനയിലും ബോധപൂർവ്വം പങ്കുകൊള്ളുവാൻ തക്കവിധം വളരുമ്പോഴേക്കും ഏറ്റവും സന്തോഷകരമായ അനുഭവമായിത്തീരത്തക്കവിധം ആരാധനയുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ മുതിർന്നവർക്കും ചുമതലയുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പെഴുതപ്പെട്ട പ്രാർത്ഥനകൾ ഇന്നും ഉപയോഗിക്കുമ്പോഴും സ്വന്തം പ്രാർത്ഥനപോലെ പ്രാർത്ഥിക്കുവാൻ ഉള്ള പരിശീലനം ഭവനങ്ങളിലാണ് ആദ്യം ലഭിക്കേണ്ടത്. ഉദ്ദിഷ്ടകാര്യ സാധ്യത്തേക്കാളും ഭൗതിക നേട്ടങ്ങളേക്കാളുമുപരി ക്രിസ്തുവിന്റെ സ്വഭാവത്തിലേയ്ക്കുള്ള വളർച്ചയാണ് പ്രാർത്ഥനയുടെ പ്രധാന ലക്ഷ്യമെന്ന ബോദ്ധ്യം പ്രാർത്ഥനാ ജീവിതം കൂടുതൽ അർത്ഥവത്താക്കും. മക്കൾക്കു വേണ്ടിയും, മക്കളോടൊപ്പവും നിത്യേന പ്രാർത്ഥിക്കുകയും അനുസ്യൂതമുള്ള രഹസ്യ പ്രാർത്ഥനകൾ അവരെ പഠിപ്പിച്ചും വിശ്വാസവളർച്ച ഉറപ്പുവരുത്താം.

മുൻ കാലങ്ങളിൽ ഒരു നാടു മുഴുവനും കൂട്ടുകുടുംബത്തിലെ അംഗങ്ങളിൽ മിക്കവരും ഒരോ കുഞ്ഞിന്റെയും സ്വഭാവ രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ചിരുന്നു. ഇന്ന് ജോലിക്കുപോകുന്ന അണുകുടുംബങ്ങളിലെ മാതാപിതാക്കൾക്ക് മാത്രമായി രക്ഷാകർതൃ പദ്ധതിയിൽ എത്ര ശ്രദ്ധിക്കാനാകും? ഒരോ പ്രദേശത്തും ഇടവകയെന്ന വലിയ വിശ്വാസ കുടുംബം ആ ഇടവകയിലെ ഒരോ കുഞ്ഞിന്റെയും വിശ്വാസ രൂപീകരണ ത്തിൽ സുപ്രധാന പങ്ക് വഹിക്കുവാനുള്ള നിയോഗം നിർവ്വഹിക്കുന്നെങ്കിൽ മാതാപിതാക്കൾക്ക് വലിയ ആശ്വാസമാകും. ഈ ഇടവകക്കുടുംബത്തിലും സഭാ ഗാത്രത്തിലും ഉണ്ടാകുന്ന വിഭാഗീയതകളും മൂല്യച്യുതിയും കുഞ്ഞുങ്ങളെ സഭയിൽ നിന്നും വിശ്വാസത്തിൽ നിന്നും അകറ്റുവാൻ ഇടയാക്കും.

സച്ചിൻ തെൻഡുൽക്കറുടെ Playing It My Own Way എന്ന ആത്മകഥയുടെ ആരംഭത്തിൽ തന്നെ തന്റെ പിതാവിന്റെ തന്നെ സംബന്ധിച്ച് ചെറുപ്പത്തിലേ നൽകിയിരുന്ന ഉപദേശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ആ പിതാവിന്റെ ഒരു സ്വപ്നം ഇങ്ങനെയാണ് : 'എന്റെ മകൻ ഒരു വലിയ ക്രിക്കറ്റർ എന്ന് മറ്റുള്ളവർ പറഞ്ഞ് കേൾക്കുന്നതിലുമധികമായി താൻ കേൾക്കുവാൻ ആഗ്രഹിക്കുന്നത് സച്ചിൻ ഒരു നല്ല മനുഷ്യൻ ആണെന്ന് പറഞ്ഞുകേൾക്കുവാനാണ്.' പിതാവിന്റെ ഈ സ്വപ്നം സച്ചിന്റെ ജീവിത്തെ വളരെയധികം സാധീനിച്ചതായി ആത്മകഥ വെളിപ്പെടുത്തുന്നു.

മക്കളുടെ ആരോഗ്യം, വിദ്യാഭ്യാസം, ജോലി, ദാമ്പത്യം, സമ്പത്ത്, തുടങ്ങിയവയെക്കുറിച്ച് നല്ല സ്വപ്നങ്ങളില്ലാത്ത മാതാപിതാക്കൾ കാണുകയില്ല. എന്നാൽ അതൊടൊപ്പമോ അതിലധികമോ ആയ ഒരു സ്വപ്നം മക്കളുടെയും കൊച്ചുമക്കളുടെയുംമൊക്ക വിശ്വാസ ജീവിതം സംബന്ധിച്ച് ഉണ്ടാകേണ്ടിയിരിക്കുന്നു. കേവലം തിന്മകളിൽ നിന്നൊഴിഞ്ഞിരിക്കണമെന്ന സ്വപ്നം മാത്രമല്ല അത്.

ക്രിസ്തു ശിഷ്യത്വം ഉൾക്കൊണ്ട് ദൈവാശ്രയത്തിലും ഭക്തിയിലും പരസ്പര സ്നേഹത്തിലും ലാളിത്യത്തിലും, വിനയത്തിലും, ദീനാനുകമ്പയിലും പ്രകാശിക്കുന്ന തലമുറകളെ സംബന്ധിച്ച സ്വപ്നമാകട്ടെ അത്. ■

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

കോട്ടയം:- പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 81-ാം ഓർമ്മ ഫെബ്രു.-23-ന് കോട്ടയം പഴയ സെമിനാരിയിൽ.

മാവേലിക്കര:- ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 2-ാം ഓർമ്മ ഫെബ്രു.-16-ന് മാവേലിക്കര സെ. പോൾസ് ചാപ്പലിൽ.

ദേവലോകം:- തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 6-ാം ഓർമ്മ ഫെബ്രു.-23-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ.

അങ്കമാലി:- അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 123-ാം ഓർമ്മ മാർച്ച് 9-ന് അങ്കമാലി ചെറിയ പള്ളിയിൽ.

പരീക്ഷയ്ക്ക് തയ്യാറെടുക്കുമ്പോൾ

■ ഫാ. തോംസൺ ഗ്രേസ്, കുണ്ടറ

ഇനിയുള്ള ദിവസങ്ങളിൽ കുട്ടികൾ ശാന്തതയുള്ളവരും, സമാധാനമുള്ളവരും, ധൃതിയില്ലാത്തവരുമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാകുന്നു. ഏതു കാര്യത്തെയും തിടുക്കം കാട്ടാതെ, സമചിത്തതയോടെ സമീപിക്കുവാൻ കഴിയണം. പരീക്ഷയുടെ തലേദിവസം പുതിയ പാഠഭാഗങ്ങൾ പഠിക്കുന്നത് കഴിവതും ഒഴിവാക്കുക. മുൻപു നന്നായി പഠിച്ചുകഴിഞ്ഞപ്പോൾ തയ്യാറാക്കിവച്ചിരിക്കുന്ന ചുരുക്കക്കുറിപ്പുകളോ, ചോദ്യങ്ങളോ മാത്രം ഉപയോഗിച്ച് റിവിഷൻ നടത്തുക. ചോദ്യങ്ങൾ ഓരോന്നായി വായിച്ച്, അതിന്റെ ഉത്തരം മുഴുവൻ ക്ലാസ്സിലെ ബോർഡിൽ എഴുതുന്നതുപോലെ, മനസ്സിൽ എഴുതുക. അവ മുൻപ് പഠിച്ചപ്പോൾ, തെറ്റുവന്നിരുന്ന ഭാഗങ്ങളെ കൂടുതൽ ശ്രദ്ധിക്കണം. പൂർണ്ണമായി ഓർമ്മയിൽ വരുന്നില്ലെങ്കിൽ, ആയത് പേപ്പറിൽ എഴുതിനോക്കി ഓർക്കാം. അപ്പോഴും എഴുതുവാൻ കഴിയുന്നില്ലെങ്കിൽ, ആ ഭാഗം പഠിക്കുവാനായി ഉപയോഗിച്ച നോട്ട് എടുത്ത്, ഒന്നുകൂടി മനസ്സിലാക്കിയ ശേഷം എഴുതിനോക്കണം.

പഠിച്ചു വച്ചിരിക്കുന്ന എല്ലാ കാര്യങ്ങളും, ഇപ്രകാരം റിവിഷൻ ചെയ്തെടുക്കുക. പ്രത്യേകം ശ്രദ്ധിക്കേണ്ട മറ്റൊരുകാര്യം നന്നായി പഠിച്ചുകഴിഞ്ഞ ഭാഗങ്ങൾ പരീക്ഷയ്ക്ക് ചോദിച്ചാൽ പൂർണ്ണമായും ശരിയായി എഴുതുവാൻ കഴിയണം. അങ്ങനെ പഠിച്ചുവച്ചിരിക്കുന്ന പാഠഭാഗങ്ങളിൽ, പൂർണ്ണമായി ആധിപത്യം പുലർത്തിയിട്ടുമതി പുതിയ കാര്യങ്ങൾ പഠിക്കുവാൻ. പെട്ടെന്നു മനസ്സിലാക്കുവാൻ കഴിയാത്തതാണെങ്കിൽ പുതിയ ഭാഗങ്ങൾ പഠിക്കുവാൻ ശ്രമിക്കേണ്ടതില്ല. പുതിയ ഭാഗങ്ങൾ പഠിക്കുവാൻ കഴിയാത്തതിലുള്ള പ്രയാസം മൂലം, പഠിച്ച ഭാഗങ്ങൾ മറന്നു പോകുവാൻ ഇടയാകരുത്.

ദഹനത്തിനു പ്രയാസം തോന്നാവുന്ന ആഹാരങ്ങൾ ഒഴിവാക്കാം. മാംസാഹാരങ്ങൾ ഒഴിവാക്കുന്നത് നന്ന്. അമിതാഹാരം ഒഴിവാക്കുക, തിളപ്പിച്ചാറ്റിയവെള്ളം കൂടുതൽ കുടിക്കുക, പാനീയങ്ങൾ ഒഴിവാക്കുക. സാധാരണ കഴിക്കുന്ന ആഹാരങ്ങൾ മതിയെന്ന് വയ്ക്കുക.

ഏകദേശം എട്ടുമണിക്കൂർ ഉറങ്ങണം. ഉറക്കക്ഷീണം തോന്നിയാൽ പഠിക്കരുത്, ഉറക്കം വരാതിരിക്കുവാൻ, പ്രത്യേകിച്ച് ഒന്നു ചെയ്യുകയുമരുത്. ഉറക്കത്തിൽ ശല്യമുണ്ടാകാതിരിപ്പാൻ, സ്വന്തമായും കൂടെയുള്ളവരും പ്രത്യേകം ശ്രദ്ധിക്കണം. ഉറങ്ങുന്ന സാഹചര്യം സാധാരണ പോലെ മതി, പുതിയ സാഹചര്യം ഒഴിവാക്കണം. മനുഷ്യ ശരീരം ഒരു മെഷീൻ പോലെ തന്നെയാണ്. ഏതു മെഷീനും നന്നായി പ്രവർത്തിക്കുവാൻ ഇടവേള ആവശ്യം ആണെന്നതു പോലെ തന്നെ. പരീക്ഷ എഴുതുന്നതിന് ഉപകരിക്കാത്ത യാതൊരു കാര്യങ്ങൾക്കും, അല്പം സമയം പോലും ചെലവഴിക്കരുത്. സമയത്തെക്കുറിച്ച്, അതീവ ബോദ്ധ്യം ഉണ്ടായിരിക്കണം. **ടെലിവിഷൻ കാണുന്നത് ഒഴിവാക്കണം. മൊബൈൽ ഫോണും, കമ്പ്യൂട്ടർ ഉപയോഗവും ആവശ്യത്തിനു മാത്രം,** ഭവനത്തിലുള്ളവരും ഇതിൽ സഹകരിക്കണം. ടെലിവിഷൻ കാണുന്നതും മറ്റും വിശ്രമമായി ചിന്തിക്കരുത്, അനന്തരഫലം മറിച്ചാകും. ആവശ്യമെങ്കിൽ പാട്ടുകൾ കേൾക്കാം. പ്രാർത്ഥനയും ധ്യാനനിമിഷങ്ങളും ഏറെ ഗുണം ചെയ്യും. എല്ലാ സമയത്തും ഒരേ സ്ഥാനത്തു തന്നെ ഇരുന്ന് പഠിച്ചേ ഒക്കുകയുള്ളു എന്ന് കരുതേണ്ട. വിശ്രമവും, പാഠഭാഗങ്ങൾ ഓർത്തുനോക്കുന്നതും ഒന്നിച്ചു ചെയ്യുവാൻ സാധിച്ചാൽ വളരെ മെച്ചം. അത്യാവശ്യമില്ലാത്ത സംസാരങ്ങൾ ഒഴിവാക്കണം.

ഉറങ്ങുവാൻ പോകുമ്പാൾ തന്നെ എത്ര സമയം ഉറങ്ങണമെന്നും

എപ്പോൾ എഴുന്നേൽക്കണമെന്നും തലേച്ചോറിനു നിർദ്ദേശം കൊടുക്കണം. (ഉദാഹരണമായി ഉല്ലാസയാത്രകൾ പോകുമ്പോൾ നാം എഴുന്നേൽക്കുവാൻ ശ്രദ്ധിക്കാറുള്ളതുപോലെ). ആ സമയക്രമം നമുക്ക് പാലിക്കുന്നതിന് കഴിയുന്നില്ലെങ്കിൽ അക്കാര്യം ശ്രദ്ധിക്കുവാൻ ഭവനത്തിലുള്ള മറ്റ് ആളുകളെ ഓർമ്മിപ്പിക്കണം. രാവിലെ എഴുന്നേറ്റു കഴിഞ്ഞാൽ പ്രഭാതകൃത്യങ്ങൾ സാധാരണപോലെ മതി. പഴയ കുറിപ്പുകളും എഴുതിയ ചോദ്യങ്ങളും ഉപയോഗിച്ച് പാഠഭാഗങ്ങൾ ഓർക്കുവാൻ ശ്രമിക്കണം. സർവ്വശക്തനെ ധ്യാനിച്ചുകൊണ്ട് വീട്ടിൽ നിന്ന് പുറപ്പെടാം. സാധാരണപോലെ പോകുന്നതാണ് നല്ലത്. അവസാന സമയങ്ങളിൽ യാതൊരു കാരണവശാലും നോട്ടുബുക്കുകളോ, പുസ്തകങ്ങളോ മുഴുവനായി മറിച്ചു നോക്കുന്ന രീതി അവലംബിക്കരുത്. സുഹൃത്തുക്കളുമായി അമിതമായ സംഭാഷണങ്ങളോ, അമിതമായ ഉല്ലാസമോ നല്ലതല്ല. മറ്റുള്ളവർ എത്രമാത്രം പഠിച്ചു എന്ന് മനസ്സിലാക്കുവാനും, നാം പഠിച്ചതുമായി താരതമ്യം ചെയ്യുവാനും, ശ്രമിക്കാതിരിക്കണം. ആത്മവിശ്വാസത്തോടെ, നാം പഠിച്ചതിന്റെ മാർക്ക് നമുക്ക് കിട്ടുമെന്നും, അത്രമാത്രം മതിയെന്നും മനസ്സുറച്ച്. പരീക്ഷാ ഹാളിലേക്ക്, നിർദ്ദിഷ്ട സമയത്തിന്, ഏകദേശം പതിനഞ്ചു മിനിട്ടു നേരത്തെ പ്രവേശിക്കുക. പരീക്ഷ എഴുതുന്നതിന് ആവശ്യമായ, എല്ലാ സാമഗ്രികളും നാം തന്നെ കരുതിയിരിക്കണം, മറ്റൊരാളെ ആശ്രയിക്കുവാനോ, ശല്യപ്പെടുത്തുവാനോ ഇടവരരുത്. ഒരുവന്റെ ആവശ്യം, മറ്റൊരുവന് ഉത്തരം എഴുതുന്നതിന് തടസ്സം ആകുവാൻ പാടില്ല എന്നതുതന്നെ കാരണം. ചോദ്യപേപ്പർ കിട്ടുന്നതു വരെ ധ്യാനാത്മകമായി ശാന്തതയോടെ ഇരിക്കുക.

പരീക്ഷാഹാളിൽ പുമതലയുള്ള അദ്ധ്യാപകൻ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് സഹകരിക്കണം. ചോദ്യപേപ്പർ കിട്ടി കഴിഞ്ഞാൽ അനുവദിച്ചിരിക്കുന്ന സമയം ചോദ്യങ്ങൾ ശ്രദ്ധയോടെ വായിക്കണം. എന്ത് ഉത്തരമാണ് ചോദ്യ കർത്താവ് പ്രതീക്ഷിക്കുന്നതെന്ന്, നന്നായി തിരിച്ചറിയുക. പൂർണ്ണമായി ഉത്തരം അറിയാവുന്നവ തിരിച്ചറിയുക. പൂർണ്ണമായി ഉത്തരം അറിഞ്ഞുകൂടാത്ത ചോദ്യങ്ങളുടെ ഉത്തരം പൂർണ്ണമായി ഓർമ്മിച്ചെടുക്കുവാൻ ശ്രമിക്കുക. അത് സാധിക്കുന്നില്ലെങ്കിൽ തൽക്കാലം അത് ഉപേക്ഷിക്കുക. പിന്നീട് എപ്പോഴെങ്കിലും അതിന്റെ ഉത്തരം ഓർമ്മയിൽ വന്നുകൊള്ളും.

അനുവദിച്ചിരിക്കുന്ന സമയമനുസരിച്ച്, ഉത്തരങ്ങൾ എഴുതിതുടങ്ങുക. ഒരു മാർക്കിന്റെ ഉത്തരം എഴുതുവാൻ എത്ര സമയം അനുവദിച്ചിട്ടുണ്ടെന്നും ഓർമ്മ വേണം (ഉദാ: രണ്ട് മണിക്കൂർ കൊണ്ട് 60 മാർക്കിന്റെ പരീക്ഷ എഴുതുകയാണെങ്കിൽ ഒരു മാർക്കിന് 2 മിനിറ്റ് സമയം അനുവദിച്ചിരിക്കുന്നു എന്ന് കാണാം). വാച്ച് ഉപയോഗിക്കാം പൂർണ്ണമായി അറിയാവുന്ന ഉത്തരങ്ങൾ ആദ്യമാദ്യം എഴുതിത്തീർക്കുക. വളരെ ആകർഷണീയമായിരിക്കത്തക്കതുപോലെ, ഭംഗിയായി അടുക്കോടും ചിട്ടയോടും കൂടെ എഴുതണം. ഉത്തരകടലാസ് കാണുമ്പോൾ, മൂല്യ നിർണ്ണയം ചെയ്യുന്ന അദ്ധ്യാപകന്, താല്പര്യം കുറയാതിരിക്കുവാൻ ഇതുപകരിക്കും. മറ്റ് ഉത്തരങ്ങൾ അതിനുശേഷവും എഴുതുക. ഏതെങ്കിലും ഉത്തരം എഴുതിവരുമ്പോൾ തുടർച്ച കിട്ടാതെ വന്നാൽ, അതിനെക്കുറിച്ച് അല്പ സമയം ഓർത്തുനോക്കുക. വീണ്ടും ഓർമ്മകിട്ടാതെ വന്നാൽ, തൽക്കാലം അതിന്റെ ബാക്കി എഴുതുന്നതിനുള്ള സ്ഥലം വിട്ടതിനുശേഷം, അടുത്ത ഉത്തരം എഴുതിത്തുടങ്ങുക. അങ്ങനെ തുടർന്നുള്ള ഉത്തരങ്ങൾ എഴുതുക. ഏതെങ്കിലും ഉത്തരം എഴുതിക്കൊണ്ടിരിക്കുമ്പോൾ, മറ്റേതെങ്കിലും ചോദ്യത്തിന്റെ ഓർമ്മ കിട്ടാതിരുന്ന ഉത്തരം ഓർമ്മയിൽ വന്നാൽ, അത് ഒരു പേപ്പറിൽ കുറിച്ചുവയ്ക്കുവാൻ ശ്രദ്ധിക്കണം, അതല്ലെങ്കിൽ അത് പെട്ടെന്ന് മറന്നുപോകുകയും, പിന്നീട് ഓർമ്മ കിട്ടാതിരിക്കയും ചെയ്യും. ഈ കുറിപ്പ് ഉപയോഗിച്ച് മറ്റ് ഉത്തരങ്ങൾ പൂർണ്ണമായി എഴുതാം. അറിയാവുന്ന എല്ലാ ഉത്തരങ്ങളും എഴുതി കഴിഞ്ഞശേഷം അല്പവും ഉത്തരം അറിഞ്ഞുകൂടാത്ത ചോദ്യങ്ങളിലേക്ക് ശ്രദ്ധിക്കാം. അങ്ങനെയുള്ള ഓരോ ചോദ്യവും വായിച്ചു നോക്കിയതിനു ശേഷം ആ വിഷയം പഠിപ്പിച്ച ദിവസത്തെ ക്ലാസ്സിൽ ആ അദ്ധ്യാപകൻ പറഞ്ഞതും ചെയ്തതുമായ കാര്യങ്ങളെ ഓർത്തെടുക്കുവാൻ ശ്രമിക്കുക. അത് ചുരുക്കമായി എഴുതുക. അതും ഓർമ്മയിലേക്ക് വരുന്നില്ലെങ്കിൽ, ആ ചോദ്യത്തിൽ ഉള്ളതായ പ്രധാനപ്പെട്ട വാക്കുകളെ കുറിച്ചോ വാക്യങ്ങളെക്കുറിച്ചോ അറിയാവുന്നത്ര കാര്യമാത്ര പ്രസക്തമായ വിവരങ്ങൾ എഴുതിവയ്ക്കുക. ആവശ്യമില്ലാത്തതൊന്നും എഴുതാതിരിക്കുക. പൂർണ്ണമായി അറിയാവുന്ന ഉത്തരമെഴുതിയ താത്പര്യത്തോടെ തന്നെ ഇതും എഴുതുവാൻ ശ്രദ്ധിക്കണം.അല്പം പോലും ഉത്തരമെഴുതാതെ ചോദ്യങ്ങൾ പൂർണ്ണമായി ഉപേക്ഷിക്കുന്നത് നല്ലതല്ല.

യാതൊരു കാരണവശാലും നമ്മൾ മൂലം പരീക്ഷാഹാളിലെ മറ്റുള്ളവർക്ക് ശല്യമുണ്ടാക്കാതെ നോക്കേണ്ടതാകുന്നു.പരീക്ഷാ ചുമതലയുമായി ഹാളിലുള്ള അദ്ധ്യാപകനെ യാതൊരു കാരണവശാലും മുഷിപ്പിക്കുവാനിടയാകരുത്.അങ്ങനെ എന്തെങ്കിലുമുണ്ടായാൽ നമ്മുടെ മാനസിക നില ഇളകിമറിയും. ഏകദേശം പത്ത് മിനിറ്റ് മുമ്പ് പേപ്പർ കെട്ടിയതിനു ശേഷം ബാക്കി എഴുതുന്നതാണ് നല്ലത്. അഞ്ച് മിനിറ്റ് മുമ്പെങ്കിലും ഉത്തരം എഴുതിക്കഴിയുന്നത് ഏറ്റവും നല്ലതാണ്. പുതിയ ഷീറ്റുകളിൽ എഴുതിത്തുടങ്ങുമ്പോൾ അതിൽ പേജ് നമ്പർ എഴുതുവാൻ ഓർക്കണം. അല്ലെങ്കിൽ അവസാനം പേപ്പർ കെട്ടിവയ്ക്കുമ്പോൾ ക്രമം തെറ്റി പോകുവാൻ സാദ്ധ്യതയുണ്ട്.

പരീക്ഷ എഴുതിക്കഴിഞ്ഞാൽ അല്പസമയം ശാന്തമായിരിക്കുക, നാമെഴുതിയതിന്റെ മാർക്ക് കിട്ടും എന്ന പ്രത്യാശയോടെ ഹാളിലുള്ള അദ്ധ്യാപകനെ ആദരിച്ച ശേഷം പുറത്തേക്ക് പോവുക. പ്രതീക്ഷിച്ചതുപോലെ ഉത്തരമെഴുതുവാൻ കഴിഞ്ഞില്ല എന്ന മനോവിഷമത്തോടെ വീട്ടിലേക്ക് പോകുവാൻ പാടില്ല,കാരണം അത് അടുത്ത പരീക്ഷയുടെ പഠനത്തെ ബാധിക്കും. നേരെ മറിച്ച് കഴിഞ്ഞുപോയ പരീക്ഷയിൽ എഴുതുവാൻ കഴിയാത്തതിനെക്കുറിച്ച് നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്ന തിരിച്ചറിവ് സ്വായത്തമാക്കി, അതിൽ കുറവ് വരാവുന്ന മാർക്ക്, അടുത്ത പരീക്ഷകളിൽ നേടണമെന്ന പ്രത്യാശയോടും ആത്മവിശ്വാസത്തോടും കൂടെ പഠിച്ചുതുടങ്ങുക. പരീക്ഷകളുടെ ഇടയിൽ ഒഴിവായി അധിക ദിവസങ്ങൾ വന്നാൽ, അവസാനം പരീക്ഷ വരുന്ന വിഷയങ്ങൾ അപ്രകാരം ഉള്ള ദിവസങ്ങളുടെ ആദ്യദിവസങ്ങളിൽ പഠിക്കുക. എന്തു തന്നെ ആയിരുന്നാലും പരീക്ഷയുടെ തലേ ദിവസം ബന്ധപ്പെട്ട വിഷയം തന്നെ പഠിക്കണം. ഉന്നതമായ വിജയത്തിൽ ശുഭ പ്രതീക്ഷ അർപ്പിച്ച് നമുക്ക് പരീക്ഷാ ഹാളിലേക്ക് പോകാം. ■

WANTED PRINCIPAL

A Presigious English medium Senior Secondary Co-educational School in Delhi affiliated to CBSE established in 1967 requires Principal.

The candidate should be a post graduate with B.Ed and minimum five years experience as Principal/seven years experience as Vice Principal of a govt. recognized CBSE affiliated school or Junior College. Preferably an inspired educationist with good academic background and outstanding administrative abilities, strongly motivated to inculate the values of education in students, bring about their all round development and lead the entire team of staff and students to greater levels of achievement.

Salary: Commensurate with qualification and experience.

Candidates may apply within 7 days to:

"The Chairman,
The Delhi Orthodox Syrian Church Society,
C-3, SDA, Hauz Khas,
New Delhi 110016".
Email: chairmandoscs@gmail.com

marriage

നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകയിൽ വാഴൂർ വടക്കേക്കര ഡോ. വി. ഐ. ജോർജിന്റെയും ഡോ. സിജി ജോർജിന്റേയും മകൾ അന്നാ മെറിൻ ജോർജും (Assistant Professor, M.I.T. Manipal) **ബാംഗ്ലൂർ, മാർ ഗ്രിഗോറിയോസ് ഇടവകയിൽ, പൂഴിക്കാട്ട് വിളയിൽ എം. തോമസുകുട്ടിയുടെയും, സൂസമ്മ തോമസ്സിന്റേയും മകൻ റ്റിജോ തോമസ്സും** (Mechanical Engineer S.K.F. Bangalore) **തമ്മിലുള്ള വിവാഹം ഡോ. സഖറിയ മാർ തെയോഫിലോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, വെരി.റവ. കുര്യാക്കോസ് കോർഎപ്പിസ്ക്കോപ്പാ എന്നിവരുടെയും മറ്റു വൈദികരുടേയും കാർമ്മികത്വത്തിൽ മാക്കാം കുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ പള്ളിയിൽ വച്ച് 12-01-2015 ൽ നടത്തി.**

കുടുംബ ശിഥിലീകരണം

■ സോളി ജി. ഫിലിപ്പ്
(കൗൺസലർ, കുടുംബകോടതി, തിരുവല്ല)

മനുഷ്യൻ തന്റെ ശക്തിയിലും ബുദ്ധിയിലും സാങ്കേതികതയിലും അമിതമായി വിശ്വസിച്ച് അവന്റെ പങ്കാളിയെ വെറുക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കുടുംബശിഥിലീകരണം കൂടികൊണ്ടിരിക്കുന്നു. കഴിഞ്ഞ പത്തുവർഷം കുടുംബകോടതയിലെത്തിയിട്ടുള്ള കണക്കുകൾ വിരൽ ചൂണ്ടുന്നത് അതിലേക്കാണ്. 2003-2010 കാലഘട്ടങ്ങളിൽ ഒരു മാസം മുതൽ രണ്ടുവർഷത്തിനിടയിലുള്ള യുവ ദമ്പതികളുടെ വിവാഹമോചന അപേക്ഷകൾ ആയിരുന്നെങ്കിൽ ഇപ്പോൾ യൗവന പ്രായത്തിലെ മക്കളുള്ള മാതാപിതാക്കളുടെ വിവാഹമോചന കേസുകളാണ് കൂടുതലും കാണുന്നത്. അതുപോലെ ഒരു പരിധിവരെ യുവ ദമ്പതികളുടെ ദാമ്പത്യ ജീവിതത്തിലെ തകർച്ചകൾക്ക് കാരണക്കാരും അവരുടെ മാതാപിതാക്കൾ തന്നെയാണെന്നതാണ്. പലരുടെയും മാതാപിതാക്കൾ മാനസികമായി അകന്നു താമസിക്കുന്നവരോ അല്ലെങ്കിൽ പിരിഞ്ഞു താമസിക്കുന്നവരോ ആണ്.

പ്രത്യക്ഷത്തിൽ കുറ്റക്കാരായി നാം കാണുന്ന യുവ ദമ്പതിമാർക്ക് അവരുടെ കുടുംബ ജീവിതത്തിൽ നിന്നും നീറുന്ന അനുഭവങ്ങളാണ് കിട്ടിയിട്ടുള്ളത്. ഉദാഹരണമായി അഞ്ചു വർഷത്തെ ഇണപരിയാത്ത പ്രേമത്തിന് ശേഷം വീട്ടുകാരിൽ നിന്നും ഒളിച്ചോടി വിവാഹം രജിസ്റ്റർ ചെയ്തു ജീവിതം

> **ഭർത്താവ് തന്നെ കേൾക്കുന്നില്ല എന്ന വാശിയിൽ മൊബൈൽ ഫോണിൽ വന്ന 'മിസ്സ് കോൾ' വഴി ചാറ്റിംഗ് തുടങ്ങി. ആരോടും സംസാരിക്കാൻ ഇല്ലാതെയിരുന്നപ്പോൾ തോന്നിയ ഒരു വിനോദം പക്ഷേ വിവാഹമോചനം വരെ എത്തിച്ചു. സ്ത്രീകൾ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഇങ്ങനെ മറന്നാൽ വിദൂരമല്ലാത്ത ഭാവിയിൽ 'കുടുംബം' എന്ന സ്ഥാപനം തന്നെ ഇല്ലാതായി തീരും.**

ആരംഭിച്ച രണ്ടുപേർ അധികം കഴിയുന്നതിനു മുമ്പ് അവർക്ക് തമ്മിൽ പൊരുത്തപ്പെട്ടു പോകാൻ കഴിയാതെ കോടതിയിൽ വന്നു. കൗൺസലിംഗ് വേളയിൽ മാതാപിതാക്കളെപ്പറ്റി ചോദിച്ചപ്പോൾ, അവളുടെ ചെറുപ്രായത്തിൽ കലഹിച്ചു ജീവിച്ചവരും, ഇപ്പോൾ അകന്നു ജീവിക്കുന്നവരുമാണ്. ഒരു അന്യതാ ബോധം അവളുടെ കൗമാര പ്രായത്തിൽ തന്നെ വളരുകയും അത് അവളുടെ മനസ്സിനെ വല്ലാതെ ബാധിക്കുകയും ചെയ്തു. തൽഫലമായി സ്ഥിരമായി ഒന്നിൽ ഉറച്ച് നിൽക്കുവാനുള്ള മാനസിക അവസ്ഥ അവളിൽ നഷ്ടമായി. ഇങ്ങനെയുള്ള മാനസിക സമ്മർദ്ദങ്ങളിൽ കൂടിപോകുന്നവരാണ് ഇപ്പോൾ കാണുന്ന കൂടുതൽ പേരും. ഈ കൂട്ടർ ഇപ്പോഴുള്ള ബന്ധം ഉപേക്ഷിച്ച് മറ്റൊന്നു സ്വീകരിച്ചാൽ ശരിയാകുമോ?

ഇന്നു കാണുന്ന മറ്റൊരു പ്രതിഭാസമാണ് രണ്ടാം വിവാഹിതരുടെ വിവാഹമോചന കേസുകൾ കൂടിവരുന്നത്. ഇതിന്റെ ഫലമായി "എന്റേത്", "നിന്റേത്", "ഞങ്ങളുടേത്" എന്ന അവസ്ഥയിൽ ഞെരിഞ്ഞമരുന്ന മുന്നു കുരുന്നു മനസ്സുകൾ നാളെയുടെ ശിഥിലമായ വ്യക്തികൾ ആണെന്നതാണ് സത്യം. ഇവർ മാതൃത്വത്തിന് എന്തു വില കൊടുക്കും. മദ്ധ്യവയസ്ക്കരായ ദാമ്പതികളുടെ ദാമ്പത്യ തകർച്ച ഏറ്റവും അധികം ബാധിക്കുന്നത് യുവതലമുറയെയാണ്.

2010 മുതലുള്ള കേസുകൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, 45 വയസ്സിന് മുകളിലുള്ള ദമ്പതികൾക്ക് suppressed feelings കൂടുതലാണെന്നാണ്. Ventilation ന് അവർക്ക് അവസരം കിട്ടുന്നില്ല, അതുകൊണ്ട് തന്നെ ഈ പ്രായത്തിൽ depression ഉള്ളവരും കൂടുതലായിട്ട് ഉണ്ട്. 45 വയസ്സിന് മുകളിൽ പ്രായമുള്ള ഒരുവീട്ടമ്മ തന്റെ തളം കെട്ടി നിന്നിരുന്ന വികാരങ്ങൾ ഒന്നൊന്നായി കൗൺസലിംഗ് വേളയിൽ അഴിച്ചുവച്ചു. 25 വർഷത്തെ അടിച്ചമർത്തപ്പെട്ട വികാരം അണപൊട്ടി ഒഴുകി. അവസാനം പറഞ്ഞു ഒരു വലിയ ഭാരം തലയിൽ നിന്ന് ഇറക്കി വച്ചതുപോലെയാണ്. ഇവിടെയാണ് നാം ശ്രദ്ധിക്കേണ്ടത് ഏതു പ്രായത്തിലും അവരുടെ ഉള്ളിലെ വികാരങ്ങൾ പങ്കുവെക്കുവാൻ കുടുംബത്തിലെ അംഗങ്ങൾ എല്ലാവരും ഒരുപോലെ ശ്രദ്ധിക്കണം. സ്ത്രീകൾക്ക് അവരുടെ വികാരങ്ങൾ പങ്കുവയ്ക്കുവാനും, തുറന്ന് സംസാരിക്കുവാനും പറ്റിയ സ്നേമുള്ള ഹൃദയത്തോടെ ഭർത്താക്കന്മാർ പെരുമാറണം (എഫെ. 5:28,29, 1 പത്രോസ് 3:7).

മറ്റൊരു കേസിൽ 53 വയസ്സുള്ള ഒരു വീട്ടമ്മ പറയുന്നു, ഭർത്താവ് തന്നെ കേൾക്കുന്നില്ല എന്ന വാശിയിൽ മൊബൈൽ ഫോണിൽ വന്ന 'മിസ്സ് കോൾ' വഴി ചാറ്റിംഗ് തുടങ്ങി. ആരോടും സംസാരിക്കാൻ ഇല്ലാതെയിരുന്നപ്പോൾ തോന്നിയ ഒരു വിനോദം പക്ഷേ വിവാഹമോചനം വരെ എത്തിച്ചു. സ്ത്രീകൾ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഇങ്ങനെ മറന്നാൽ വിദൂരമല്ലാത്ത ഭാവിയിൽ 'കുടുംബം' എന്ന സ്ഥാപനം തന്നെ ഇല്ലാതായി തീരും. (എഫെ. 5:22, 1 പത്രോ.3:3,4).

■

അനുസ്മരണം



അവഗണിക്കപ്പെട്ടവരുടെ മെത്രാപ്പോലീത്താ

■ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ

അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. ഈ നാമ ശ്രവണം ക്ഷീണിതനെ ഉന്മേഷകനും, ചെവികളെ കൂർമ്മതയുള്ളതും, മനസ്സുകളെ ഒരുക്കമുള്ളതും, വ്യക്തികളെ ഉണർവ്വുള്ളവനും, സാധാരണക്കാരനെ ആകാംക്ഷയാൽ ആവേശിതനും, ധനവാനെ അസ്വസ്ഥനും, ചിന്താശീലനെ ശ്രദ്ധാലുവും, വ്യക്തിഗതക്കാരനെ സാമൂഹ്യബോധവാനും എല്ലാവരെയും ക്രിസ്തുഭക്തന്മാരായും രൂപാന്തരപ്പെടുത്തും. വൈരുദ്ധ്യവും വൈവിദ്ധ്യവും നിറഞ്ഞ ഒരു ജീവിത പാരമ്പര്യത്തിന്റെ ഉടമയാണ് തിരുമേനി.

ക്രിസ്തീയ ജീവിതത്തിൽ വേദപുസ്തകത്തിന്റെ സ്ഥാനവും സ്വാധീനവും രുചിച്ചറിഞ്ഞ ഒരു ദൈവപൈതലായി അദ്ദേഹം വളർന്നുവന്നു. പല വലിയ മഹാന്മാരെപ്പോലെ ജീവിതത്തിന്റെ പരുപരുത്ത അനുഭവങ്ങളും, യാഥാർത്ഥ്യങ്ങളും അദ്ദേഹത്തിന്റെ അനുഭവസമ്പത്ത് വിപുലമാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തു.

ഭാരത സ്വാതന്ത്ര്യ സമയത്ത് വടക്കേ ഇന്ത്യയിൽ ഉണ്ടായ കൂട്ടക്കൊലയിൽ അഭയാർത്ഥികളുടെ സേവനത്തിനും പുനരധിവാസത്തിനുമായി കേരളത്തിൽനിന്ന് ധീരതയോടു രംഗത്തിറങ്ങിയ യുവജനസംഘത്തിലെ ഒരു സേനാനിയായിരുന്നു ശ്രീമാൻ എം. വി. ജോർജ്.

വേദപുസ്തക വ്യാഖ്യാനത്തിലും, സാമൂഹ്യദോഷങ്ങളെ വെല്ലുവിളിക്കുന്നതിനും, നീതിയിൽ അധിഷ്ഠിതമായ സമൂഹരൂപാന്തരത്തിൽ ജനങ്ങളെ സജ്ജമാക്കുന്നതിനും, ദരിദ്രരുടെ അവകാശങ്ങളെപ്പറ്റി സഭയെ പ്രബുദ്ധമാക്കുന്നതിനും എം. വി. ജോർജ് അച്ചന്റെ പ്രസംഗങ്ങൾ വളരെ സഹായമായിരുന്നു. ആയതിനാൽ സഭാ വ്യത്യാസമില്ലാതെ എല്ലാവരും അച്ചനെ ക്ഷണിച്ചിരുന്നു. ആളുകളെ കൂട്ടുന്നതിനും, കർമ്മനിരതരാക്കുന്നതിനും അച്ചന് ദൈവം കൃപ നൽകിയിരുന്നു. പല നല്ല ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സ്ത്രീകളുടെ ആഭരണങ്ങൾ സംഭാവനയായി അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. 'ജോർജ് അച്ചന് ആഡംബരം ഇഷ്ടമല്ല. അതിനാൽ നീ യോഗത്തിനു പോകുമ്പോൾ ആഭരണം ഒന്നും ഇടേണ്ട' എന്ന് ചില ഭർത്താക്കന്മാർ ഭാര്യമാരോടു പറയുമായിരുന്നു. അച്ചന്റെ പ്രസംഗ ആവേശത്തിൽ മതിമറന്ന് ഇവർ ആഭരണം ഊരി സ്തോത്രകാഴ്ച സഞ്ചിയിൽ ഇടുമോ എന്ന് ഇവർ ഭയന്നിരുന്നു.

'സുവിശേഷത്തിൽ വിശ്വസിപ്പിൻ' എന്ന ക്രിസ്തു സന്ദേശം വളരെ ഗൗരവമായി മനസ്സിലാക്കുകയും ജീവിത ദൗത്യമായി സ്വീകരിക്കുകയും ചെയ്തിട്ടുള്ള ഒരു ക്രിസ്തു ഭക്തനും, സുവിശേഷ സേനാനിയുമായിരുന്നു തിരുമേനി. മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ സുവിശേഷഘോഷണം



സഭയുടെ സ്വഭാവത്തിലും, ദൗത്യത്തിലും പ്രസ്പഷ്ടമാകുന്നതിന് സഹായമായവിധം സഭാജീവിതത്തെ തിരുമേനി രൂപാന്തരപ്പെടുത്തി എന്ന് ഞാൻ വിശ്വസിക്കുന്നു. സുവിശേഷ പരിശീലന ക്ലാസ്സുകൾ, സുവിശേഷ വേലസ്ഥലങ്ങൾ, സുവിശേഷകർ ഇവരെ സജ്ജമാക്കുന്നതിന് തിരുമേനി ശ്രദ്ധാലുവായിരുന്നു. സുവിശേഷത്തെ അതിന്റെ കുടുസ്സായ മാനത്തിലല്ല വിശാലമായ അർത്ഥത്തിൽ തിരുമേനി മനസ്സിലാക്കുകയും മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്തു. വ്യക്തിയെ മനുഷ്യനാക്കുന്ന ദൈവിക പ്രക്രിയയിലുള്ള മനുഷ്യപങ്കാളിത്തത്തെ സുവിശേഷഘോഷണമായി തിരുമേനി കരുതിയിരുന്നു.

സമൂഹത്തിലെ അവഗണിക്കപ്പെട്ട വിഭാഗത്തെ സമൂഹത്തിന്റെ അന്തർധാരയിലേക്ക് ആനയിക്കുന്ന പ്രവർത്തനം തിരുമേനിയുടെ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായിരുന്നു. അവഗണിക്കപ്പെട്ടവരെ ദൈവജനമായി കാണുന്നതിനും അവർക്ക് സ്ഥാനവും, അവകാശങ്ങളും, ജീവിത സൗകര്യങ്ങളും ലഭിക്കുന്നതിനുള്ള ബോധവൽക്കരണ പ്രക്രിയ തിരുമേനിയുടെ തീരാ ദാഹമാണ്. ഈ സ്വഭാവമാണ് അദ്ദേഹത്തിന് "ദരിദ്രരുടെ ബിഷപ്പ്" എന്ന ബഹുമതി സമ്പാദിച്ചു കൊടുത്തത്. ദരിദ്രൻ ദരിദ്രനായിരിക്കുന്നത് ധനവാന്റെ പാപം മൂലമാണ് എന്നത് അദ്ദേഹത്തിന്റെ പല്ലവി ആണ്.

അനാഥ കുട്ടികൾക്ക് ബാലമന്ദിരം, അനാഥർക്കും വിധവമാർക്കും സങ്കേതം, വിവാഹത്തിന് പണം ഇല്ലാതെ വിഷമിക്കുന്ന പെൺകുട്ടികൾക്ക് സഹായനിധി, ധനവ്യയമുള്ള ചികിത്സയ്ക്ക് ക്രമീകരണം, അന്ധർ, ചെകിടർ ഇവർക്ക് ആശ്രയസ്ഥാനം - ഇവയെല്ലാം തിരുമേനിയുടെ പ്രവർത്തനസരണിയിൽ ഉൾപ്പെട്ടിരുന്നു. ഈ ആവശ്യങ്ങൾക്ക് പണം സ്വീകരിക്കുക മാത്രമല്ല ഈ പ്രവർത്തനങ്ങൾക്ക് മനുഷ്യ മനസാക്ഷിയെ അദ്ദേഹം വെല്ലുവിളിച്ചിരുന്നു.

അമിതമായ ധനസമ്പാദനം, ആഡംബരഭ്രമം, അനീതിപരമായ സാമൂഹ്യ വ്യവസ്ഥിതി ഇങ്ങനെയുള്ള വ്യവസ്ഥാപിത ദോഷങ്ങളെ ധീരതയോടെ അദ്ദേഹം ചോദ്യം ചെയ്യുന്നുണ്ട്. 'Classless Society' എന്ന അദ്ദേഹത്തിന്റെ പുസ്തകം ഈ ദോഷങ്ങളെപ്പറ്റിയുള്ള ഒരു പഠനവും അവലോകനവുമാണ്. ഭിന്നതകളും വേർപാടുകളും ദൈവ വിരുദ്ധം എന്നു വിശ്വസിച്ച അദ്ദേഹം ഒരു എക്യുമെനിക്കൽ വിശ്വാസിയാണ്. സഭയുടെയും, സമൂഹത്തിന്റെയും, മതങ്ങളുടെയും, പ്രകൃതിയുടെയും ദൈവഹിതപ്രകാരമുള്ള ബന്ധം ക്രിസ്തീയ വിശ്വാസത്തിന്റെ ഭാഗമായി അദ്ദേഹം കരുതി. ഈ സത്യത്തിന്റെ സാക്ഷിയായി തിരുമേനി അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ഈ സ്വഭാവ വിശേഷം സ്വന്തം സഭയിലുള്ള വിശ്വാസവും, അഭിമാനവും ഒരു തരത്തിലും ക്ഷതപ്പെടുത്തിയിട്ടില്ല. മറ്റുള്ളവരെ സഭയുടെ സത്യം അറിയിക്കുന്നതിന് ഈദൃശവേദികൾ പരോക്ഷമായി അദ്ദേഹം ഉപയോഗിച്ചിരുന്നു.

ദൈവശാസ്ത്രം അദ്ദേഹത്തിന് ഹരമാണ്. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ (ഈ കാര്യത്തിൽ ഒരു സന്താന നിയന്ത്രണവും പാലിച്ചിട്ടില്ല) ദൈവശാസ്ത്രം സാധാരണ ജീവിതത്തിലേക്കു പൊരുൾ തിരിക്കുന്നവയാണ്. ത്രിത്വ ഉപദേശത്തിലാണ് തിരുമേനി സകല സംഭവങ്ങളും, സിദ്ധാന്തങ്ങളും മനസ്സിലാക്കിയതും വിലയിരുത്തിയതും. ഇത് വളരെ ശാസ്ത്രീയമായ ഒരു അവതരണ രീതിയാണ്. വലിയ *Catching phrases* അദ്ദേഹത്തിന്റെ അവതരണ രീതിയിലുണ്ട് - 'മാഫിയാ, സോഫിയാ, ഗ്ലോറിയാ.' ഓർത്തഡോക്സ് സഭകളുടെയും, ലോക സഭാ കൗൺസിലിന്റെയും പല യോഗങ്ങളിലും അദ്ദേഹം ശക്തമായ ഭാഷയിൽ ദൈവശാസ്ത്ര ഉൾക്കാഴ്ചയോടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നു.

വ്യക്തിബന്ധങ്ങൾ വിലമതിക്കുകയും, പുലർത്തുകയും ചെയ്യുന്നത് തിരുമേനിയുടെ പ്രത്യേക കഴിവ് ആയിരുന്നു. ആരോടും വ്യക്തി വൈരാഗ്യം ഇല്ല. എല്ലാവരെയും പരമാർത്ഥമായി സ്നേഹിക്കുന്നു. സ്ഥാനമാനങ്ങൾക്കായി വെമ്പൽ കൊണ്ടില്ല. മറ്റുള്ളവരുടെ ഉയർച്ചയ്ക്കും, വളർച്ചയിലും ബദ്ധശ്രദ്ധനായിരുന്നു. മുയലിന് കൊമ്പില്ല അത് ചെവി മാത്രമാണ് എന്ന് അദ്ദേഹം തന്നോടും മറ്റുള്ളവരോടും പ്രസ്പഷ്ടമായി പറഞ്ഞിരുന്നു.



തന്മൂലം അന്യ അഭിപ്രായ ബഹുമാനം അദ്ദേഹം വളർത്തിയെടുത്തു. ലളിത ജീവിതം അദ്ദേഹത്തിന്റെ ജീവിതശൈലിയായിരുന്നു.

തിരുമേനിയുമായുള്ള ദീർഘകാല ബന്ധം ഒരു ദൈവിക അനുഗ്രഹമായി ഞാൻ കരുതുന്നു. പ്രസംഗവേദിയിലും, ചർച്ചാ സമ്മേളനങ്ങളിലുമാണ് ഞങ്ങൾ ധാരാളമായി കണ്ടുമുട്ടിയിരുന്നത്. ഞങ്ങളുടെ സ്നേഹബന്ധം പുതുക്കുന്നതിന് ഇത് സഹായകമായി തീർന്നു. മാർത്തോമ്മാ സഭാംഗങ്ങൾക്കും, പട്ടക്കാർക്കും തിരുമേനി ഒരു സുഹൃത്തായിരുന്നു.

മാതാപിതാക്കളിൽ കൂടി ലഭിച്ച പങ്കിടീലിന്റെ ആദ്യ പാഠങ്ങളും, 7-ാം തരത്തിൽ പഠനം വഴിമുട്ടിയ സാഹചര്യവും, പിന്നീട് ഗവേഷണ പഠനം പൂർത്തിയാക്കുവാനും അര നൂറ്റാണ്ടിലധികം ഓർത്തഡോക്സ് സെമിനാരിയിൽ പഠിപ്പിക്കുവാനും ലഭിച്ച അവസരങ്ങൾ തിരുമേനി നന്ദിപൂർവ്വം സ്മരിക്കുന്നു.

സാധാരണഗതിയിൽ, അക്കാദമിക്ക് പാണ്ഡിത്യം ഉള്ളവർ സാധാരണക്കാരുടെ ജീവിതാനുഭവങ്ങളിൽ നിന്നും അകലെയായിരിക്കും വസിക്കുന്നത്. എന്നാൽ തിരുമേനിയുടെ പാണ്ഡിത്യം എളിയവരുമായി കണ്ണിചേരുവാനാണ് സഹായകരമായത്.

Communion in the Body of Christ; Theology of a Classless society; Sin of Being Rich in a Poor World, Sharing God and a Sharing World, One Religion of Love തുടങ്ങി രചിച്ച ഗ്രന്ഥങ്ങളും, തിരുമേനി സ്ഥാപിച്ച ബാലഭവനങ്ങൾ, കാരുണ്യാ ഗൈഡൻസ് സെന്റർ, വിശ്രാന്തി ഭവനം മുതലായ സ്ഥാപനങ്ങളും തിരുമേനിയുടെ സാമൂഹ്യ ദർശനത്തിന്റെ നിദാനങ്ങളായി നിലകൊള്ളുന്നു.

തനിക്കുണ്ടായ ഹൃദ്രോഗം തന്നെ മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായി ഭവിച്ചതിന്റെ തെളിവാണ് 'Save a Heart Foundation.' എന്റെ ജീവിതം എന്റെ സന്ദേശമാണെന്ന് ധൈര്യമായി സാക്ഷിച്ച മഹത് വ്യക്തികളുടെ ഗണത്തിലേക്ക് തിരുമേനിയും പ്രവേശിച്ചതിനാൽ നമുക്കും അഭിമാനിക്കാം. ■

ഓർമ്മപ്പെരുന്നാൾ

മാവേലിക്കര: ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ മൂന്നാം ഓർമ്മ ഫെബ്രുവരി 15 മുതൽ 21 വരെ മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രയിനിംഗ് സെന്ററിൽ നടത്തും.

15-ന് ഡോ. യൂഹാനോൻ മാർ തേവോദോറോസ് കൊടിയേറ്റും. 17-ന് സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കുള്ള മത്സരങ്ങൾ. 18-ന് രാവിലെ 10 മുതലുള്ള ധ്യായനയോഗത്തിന് ഡോ. ജോഷ്വാ മാർ നിക്കോദിമോസ് അധ്യക്ഷത വഹിക്കും. റവ. ഉമ്മൻ വി. വർക്കി (മാർത്തോമ്മാ സഭ), ഫാ. ഡോ. റെജി മാത്യു എന്നിവർ പ്രസംഗിക്കും. വൈകിട്ട് ഏഴിന് ഡോ. സഖറിയാസ് മാർ അപ്രേം 'മാർ ഒസ്താത്തിയോസ് അനുസ്മരണ പ്രഭാഷണം നടത്തും.'

21-ന് ശനിയാഴ്ച ഓർമ്മപ്പെരുനാളിന് പ. കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബ്ബാന. 10-ന് ആശിർവാദവും സ്നേഹവിരുന്നും നടക്കുമെന്ന് എം.റ്റി.സി. മാനേജർ ഫാ. പി.കെ. ജോൺസൺ പറഞ്ഞു.

മുഖാമുഖം

ചീഫ് സെക്രട്ടറി
ജിജി തോംസൺ മനസു തുറക്കുന്നു...



രാഷ്ട്രീയ ഗോദാ യിൽ നിന്നും സിവിൽ സർവ്വീസിലെത്തിയ ജിജി തോംസന്റെ ജീവിത കഥ നിശ്ചയ ദാർഢ്യത്തിന്റെയും ദൈവ വിശ്വാസത്തിന്റേ തുമാണ്. കേരളത്തിന്റെ പുതിയ ചീഫ് സെക്രട്ടറി യായി നിയമിതനായ മലങ്കര ഓർത്ത ഡോക്സ് സഭാംഗമായ ജിജി തോംസൺ ഐ.എ.എസ്. ഹൃദയം തുറക്കുന്നു

ഔദ്യോഗിക ജീവിതത്തിൽ മന സാക്ഷിയുമായി സംഘട്ടനത്തിലായ സംഭവങ്ങൾ ഉണ്ടോ?

1991 നവം. 15-ന് സിവിൽ സപ്ലൈസ് കോർപറേഷൻ എം.ഡി. ആയി നിയമനം ലഭിച്ചു. മൂന്ന് ദിവസം കഴിഞ്ഞ് തിരുവനന്തപുരത്തേയ്ക്ക് വരണം എന്ന് അന്നത്തെ അഡീ. ചീഫ് സെക്രട്ടറി പറഞ്ഞതിൻ പ്രകാരം അവിടെ ചെന്നു. മലേഷ്യയിൽ നിന്ന് 15,000 ടൺ പാമോലിൻ ഇറക്കുമതി ചെയ്യുവാൻ നടപടി എടുക്കണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ടെൻഡർ വിളിക്കാതെ അത് ചെയ്യുവാൻ സാധ്യ മല്ല എന്ന് ഞാൻ പറഞ്ഞു, കാരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ എം.ഡി. ആയിരുന്നവരിൽ മിക്കവാറും എല്ലാവരും ഒന്നുകിൽ സസ്പൻഷൻ/ വിജിലൻസ് എൻക്വയറി നേരിട്ടവ രാണ്/നേരിടുന്നവരാണ്. അത് എനിക്ക് താത്പര്യം ഇല്ലായിരുന്നു. എന്നാൽ ക്യാബിനറ്റ് തീരുമാനം രേഖാമൂലം അറിയിച്ചാൽ ചെയ്യാം എന്ന് പറഞ്ഞു. അപ്പോഴും അക്കാര്യത്തിൽ സംശയം ഉണ്ടായിരുന്നു. എന്നാൽ ഞാൻ ഫയ ലിന്റെ ഒന്നാം പേജിൽ തന്നെ വിശദ മായി എന്റെ വിയോജനക്കുറിപ്പ് എഴുതി ചേർത്തു. ഇത് വിവാദമായി. ഈ വിയോജനക്കുറിപ്പിന്റെ കാരണം കൊണ്ട് അന്നത്തെ മുഖ്യമന്ത്രി ഒരു പാട് വഴക്ക് പറഞ്ഞു. പിന്നിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ അന്ന് അത് നടപ്പാക്കാതിരുന്നിരുന്നു എങ്കിൽ കഴിഞ്ഞ 25 വർഷമായി ഞാൻ അനു ഭവിക്കുന്ന മനോവേദന അനുഭവി ക്കേണ്ടി വരില്ലായിരുന്നു. എന്നാൽ അന്ന് അത് നടപ്പാക്കിയില്ലായിരുന്നു എങ്കിൽ സസ്പൻഷൻ ഉറപ്പായിരുന്നു. ഇത് മനസാക്ഷിയുമായി സംഘട്ടനത്തി ലായ ഒരു പ്രധാന സംഭവമാണ്.

'എല്ലാ ഞായറാഴ്ചയും വി. കുർബാനയിൽ സംബന്ധിക്കുന്ന ചീഫ് സെക്രട്ടറി...'

പ്രതിസന്ധികളിൽ ഓർത്ത ഡോക്സ് വിശ്വാസവും ആരാധ നയും എത്രമാത്രം സഹായിച്ചു.

എന്റെ വിശ്വാസം അചഞ്ചലമാണ്. അതിന് ഒരു പോറൽ പോലും ഏൽക്കില്ല. മാതാപിതാക്കൾ ഓർത്ത ഡോക്സ് വിശ്വാസം പഠിപ്പിച്ചത് കൊണ്ട് മാത്രമല്ല. 'എന്ത് കൊണ്ട് ഞാൻ ഒരു ഓർത്തഡോക്സ് ക്രിസ്ത്യാനിയാവണം?' ഇത് ഞാൻ സസൂക്ഷ്മം പരിശോധിക്കുകയും, മന സ്സിലാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ വെളിച്ചത്തിലാണ് ഞാൻ ഉറ ച്ചു നിൽക്കുന്നത്. പ്രശ്നങ്ങൾ ഉണ്ടാ വുമ്പോൾ കൂട്ടുകാർ എന്നോട് പല തവണ ചോദിച്ചിട്ടുണ്ട് "എങ്ങനെ കൂസ ലില്ലാതെ നടക്കുന്നു". ഞാൻ മറുപടി പറയും. അത് എന്റെ ദൈവ വിശ്വാസം കൊണ്ടാണ്. എന്ത് സംഭവിച്ചാലും അത് ദൈവം അറിയാതെ നടക്കുന്നില്ല പൗലൂസിന്റെ പ്രാർത്ഥന ജഡത്തിലെ ശൂലം നീങ്ങിപ്പോകുവാനാണ്. മറുപടി ലഭിക്കുന്നത് 'എന്റെ കൃപ നിനക്ക് മതി' എന്നാണ്. എന്ത് പ്രശ്നമുണ്ടെ ങ്കിലും ദൈവത്തിന്റെ കൃപയുണ്ടെ ങ്കിൽ അതെല്ലാം അതിജീവിക്കാൻ സാധിക്കും. 25 വർഷമായി ഞാൻ അനുഭവിക്കുന്ന വേദനയെപ്പറ്റി ആലോചിക്കുമ്പോഴും ജീവിതത്തിൽ ദൈവം തന്ന അനുഗ്രഹങ്ങൾ നോക്കു മ്പോൾ ഈ കഷ്ടതയും പ്രയാസവും കാര്യമുള്ളതായി തോന്നുന്നില്ല. ദൈവ ത്തോട് പരാതി പറയാൻ ഒരു സാഹ ചര്യവും ഇല്ല. 'പള്ളിയിൽ പോവുക, പ്രാർത്ഥിക്കുക' എന്നുള്ളത് ജീവിത ത്തിന്റെ ഭാഗമാണ്. അത് ഒരിക്കലും മാറ്റിവെക്കാവുന്നതല്ല. 'നിന്റെ പ്രാകാ രങ്ങളിൽ പാർക്കുന്ന ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമ മല്ലോ' എന്നത് ഞാൻ അനുഭവിച്ചറി ഞ്ഞിട്ടുള്ളതാണ്.

'സിവിൽ സർവ്വീസ് വേണ്ട, രാഷ്ട്രീയം മതി' എന്ന് തോന്നിയി ട്ടുണ്ടോ?

ചെറുപ്പത്തിൽ 'ഒരു മന്ത്രി' ആവുക എന്നതായിരുന്നു എന്റെ ലക്ഷ്യം. ബാലജന സംഖ്യം സംസ്ഥാന ഭാരവാഹിയാവുക, പിന്നീട് അതിന്റെ പ്രസിഡന്റാവുക, വിദ്യാ ർത്ഥി രാഷ്ട്രീയത്തിൽ അംഗമാവുക അതിന്റെ തലപ്പത്തെത്തുക, യുവജന സംഘടനയിൽ അംഗമാവുക, എം. എൽ.എ. ആവുക, മന്ത്രി ആവുക ഇ ങ്ങനെയായിരുന്നു ആഗ്രഹം. ഏഴാം ക്ലാസ്സിൽ വച്ചാണ് ഐ.എ.എസിനെ പറ്റി ആദ്യം കേൾക്കുന്നത്. എന്നാൽ അത് വലിയ വീടുകളിലെ കുഞ്ഞു ങ്ങൾക്ക് പറഞ്ഞിട്ടുള്ളതാണ് എന്നാണ് പറഞ്ഞ് പഠിപ്പിച്ചത്. അപ്പോൾ വാശി യായി. അങ്ങനെ പഠിക്കുകയും ദൈവാ നുഗ്രഹത്താൽ ഈ നിലയിൽ എത്തു കയും ചെയ്തു.

എന്താണ് ജീവിതത്തെ നയി ക്കുന്ന ഫിലോസഫി?

എന്റെ കർത്താവിന്റെ വ്യക്തിത്വ ത്തിന്റെ ഒരംശമെങ്കിലും എന്റെ ജീവി

"എന്റെ കർത്താവിന്റെ വ്യക്തിത്വത്തിന്റെ ഒരംശമെങ്കിലും എന്റെ ജീവിതത്തിലൂടെ പ്രതിഫലിപ്പിക്കുക എന്നതാണ് എന്റെ ഫിലോസഫി."

തത്തിലൂടെ പ്രതിഫലിപ്പിക്കുക എന്നതാണ് എന്റെ ഫിലോസഫി. ക്രിസ്തുവിനെ ജീവിതത്തിലൂടെ പ്രതിഫലിപ്പിക്കുക എന്നതാണ് ഓരോ ക്രിസ്ത്യാനിയും ചെയ്യേണ്ടത്. ഇത് ഒരു നിരന്തര ശ്രമമാണ്.

1987-ൽ ദേശീയ ഗെയിംസ് കേരളത്തിൽ നടന്നപ്പോൾ മുഖ്യമന്ത്രി കെ. കരുണാകരൻ താങ്കളെ അതിന്റെ പ്രധാന സംഘാടകനായി നിയമിച്ചു. ഇത്തവണ ഗെയിംസ് കേരളത്തിൽ നടക്കുമ്പോൾ എന്തൊക്കെ ഓർമ്മകളാണ് മനസ്സിൽ ഓടി എത്തുന്നത്.

അന്നത്തെ ദേശീയ ഗെയിംസിൽ പരിമിതികൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഓഫീസില്ല, വാഹനമില്ല, പണമില്ല, ഈ സാഹചര്യത്തിൽ നിന്നാണ് വേണ്ടതെല്ലാം കെട്ടി ഉയർത്തിയത്. ഒരു നല്ല ടീമായി ഇക്കാര്യങ്ങൾ എല്ലാം ചെയ്തു. പരിമിതികളെപറ്റി പരാതി ആർക്കും ഇല്ലായിരുന്നു. എല്ലാവർക്കും ഒറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. എങ്ങനെയും ഇത് നടത്തിയെടുക്കണം. അതേ സമയം തന്നെ ആർക്കും വ്യക്തിപരമായി പേരെടുക്കണം എന്ന ആഗ്രഹവും ഇല്ലായിരുന്നു. അവരുടെ ക്യാപ്റ്റനായി എനിക്ക് പ്രവർത്തിക്കാനായി എന്നത് ഒരു ഭാഗ്യം തന്നെ ആയിരുന്നു. ഇന്ന് പണം ധാരാളം ഉണ്ട്. 660 കോടി രൂപയുടെ പദ്ധതിയാണ്. കഷ്ടപ്പെടാതെ പണം ലഭിക്കുന്നതുകൊണ്ടുള്ള ചില കുഴപ്പങ്ങൾ കാണാൻ കഴിയും. ഞങ്ങൾ അവസാന ദിവസം മുതൽ പിറകിലേക്കാണ് നോക്കിയത്.

കായികരംഗത്ത് 'ഫെഡറേഷനുകൾ' പലപ്പോഴും വില്ലൻ സ്വഭാവം കാണിക്കുന്നതായി കായിക താരങ്ങൾ തന്നെ പരാതി പറയുന്നു. എന്താണ് അഭിപ്രായം.

സ്പോർട്ട്സിന് നേതൃത്വം കൊടുക്കുന്നത് സ്പോർട്ട്സ് ഫെഡറേഷനുകളാണ്. പലപ്പോഴും ഇങ്ങനെയുള്ള ഫെഡറേഷന്റെ തലപ്പത്ത് വർഷങ്ങൾ ഇരുന്ന് തങ്ങളുടെ കോക്കസ് സ്ഥാപനമാക്കി മാറ്റി ഫെഡറേഷനെ നശിപ്പിക്കുന്ന പ്രവണതയുണ്ട്. ലോകത്ത് സ്പോർട്സ് വികസനത്തിന് ഫെഡറേഷനുകൾക്ക് ഏറ്റവും കൂടുതൽ തുക കൊടുക്കുന്ന രാജ്യം ഇന്ത്യയാണ്. ഈ തുക കൊണ്ട് സൂപ്പർ ലീഗ് പോലെയൊന്ന് നടത്തി അവർ സംതൃപ്തി അടയുന്നു. വിദേശത്ത് നിന്ന് വിരമിച്ച ഫുട്ബോൾ കളിക്കാരെ ഇറക്കി ഫുട്ബോൾ വളരെ വികസിക്കുന്നു എന്ന രീതിയിൽ പ്രചാരണം നടത്തുന്നു. ഏത് കായിക ഇനവും വളരണമെങ്കിൽ താഴെ തട്ടിൽ നിന്ന്, കുട്ടികൾ ആയിരിക്കുമ്പോൾ കണ്ടെത്തി പരിശീലിപ്പിച്ചെങ്കിൽ മാത്രമേ സാധ്യമാവൂ. ആളുകളുടെ താത്പര്യം വർദ്ധിക്കുന്നു എന്ന് വാദത്തിന് വേണ്ടി മാത്രം പറയാം.

കായിക രംഗത്തിന്റെ ഉയർച്ചയ്ക്ക് കായിക മത്സര രംഗത്ത് കഴിവു തെളിയിച്ചവർ, മന്ത്രാലയത്തിന്റെ തലപ്പത്ത് വരുന്നതിനെപ്പറ്റിയുള്ള അഭിപ്രായം എന്താണ്.

നല്ല കായിക താരം നല്ല ഭരണാധികാരി ആവണം എന്നില്ല. കെ. കരുണാകരൻ എന്നെ സ്പോർട്സ് ഡയറക്ടറായി നിയമിച്ചു എന്ന വാർത്ത വന്ന ദിവസം എന്റെ ഓഫീസിന് മുൻപിൽ പ്രകടനം നടന്നു. പി.റ്റി. ഉഷയെ ഡയറക്ടറാക്കണം എന്നായിരുന്നു ആവശ്യം. കണ്ണിറുക്കി ചിരിച്ചുകൊണ്ട് കെ. കരുണാകരൻ പറഞ്ഞു 'ഉഷ ഓടട്ടെ, ജിജി ഭരിക്കട്ടെ'. എന്നാൽ ഫെഡറേഷന്റെ തലപ്പത്ത് കായിക താരങ്ങൾ വരുന്നതാണ് നല്ലത്.

യുവജനോത്സവത്തിൽ മലയാളം പ്രസംഗ മത്സരത്തിൽ ജേതാവായിരുന്നു. ഇപ്പോഴത്തെ യുവജനോത്സവങ്ങളെ എങ്ങനെ കാണുന്നു.

ഇപ്പോഴത്തെ സ്ഥിതി പരിതാപകരമാണ്. ഏത് വിധത്തിലും സമ്മാനം വാങ്ങുക എന്നതാണ് ലക്ഷ്യം. പരാതികൾ 1500-ൽ അധികം എന്ന് കാണുന്നത് ദുഃഖകരമാണ്. പണ്ട്, പങ്കെടുക്കുക എന്നതായിരുന്നു ഉദ്ദേശം. ഇന്ന് അത് മാറി. അപ്പീലുകൾ നിരോധിക്കേണ്ടതാണ്. പങ്കെടുക്കുന്നിൽ ആനന്ദം കണ്ടെത്തണം. ഇപ്പോഴുള്ള രീതി ഒരു ധാർമ്മികതയുടെ പ്രശ്നമായി കൂടിയാണ് കാണുന്നത്.

ജിജി തോംസൺ IAS



തിരുവനന്തപുരം: ചീഫ് സെക്രട്ടറിയായി ജിജി തോംസൺ ഐ.എ.എസ്. ചുമതലയേറ്റു. മാവേലിക്കര കുറ്റിവിളയിൽ കുടുംബാംഗമായ ജിജി തോംസൺ തിരുവനന്തപുരം ഗവ. മോഡൽ ഹൈസ്ക്കൂൾ, തിരുവനന്തപുരം ആർട്സ് കോളജ്, മാർ ഈവാനിയോസ് കോളജ് എന്നിവിടങ്ങളിൽ പഠിച്ചു. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദത്തിനു ശേഷം കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാംപസിൽ എം.എഫിൽ ചെയ്യുമ്പോൾ ഐഎഎസ് ലഭിച്ചു. 1980 ബാച്ചിലെ ഐഎഎസ് ഉദ്യോഗസ്ഥനാണ്. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായ്) ഡയറക്ടർ ജനറൽ ആയിരിക്കെയാണു സംസ്ഥാനത്ത് അഡീഷണൽ ചീഫ് സെക്രട്ടറി പദവിയിലേക്കു മടങ്ങിയെത്തിയത്. ആദ്യമായാണ് ഒരു മലയാളി സായ് ഡയറക്ടർ ജനറൽ ആകുന്നത്.

2015-ലെ പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ അവാർഡ് ലഭിച്ചു.

കേരളത്തിന്റെ ചീഫ് സെക്രട്ടറി ആയി മടങ്ങി വന്നിരിക്കുന്നു. എന്താണ് മുൻപിലുള്ള ലക്ഷ്യങ്ങൾ?

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിൽ ശ്രദ്ധവയ്ക്കുക എന്നതാണ് ലക്ഷ്യം. ഉത്തരവാദിത്തത്തോടെ സേവനം ചെയ്യുവാൻ ഉദ്യോഗസ്ഥരെ പ്രേരിപ്പിക്കുക എന്ന ആഗ്രഹവും മനസ്സിൽ ഉണ്ട്.

- ഫാ. ദീപു ഫിലിപ്പ്
deepu.ellalayil@gmail.com

വേദമൊഴികൾ

ഫാ. ഫിലിപ്പ് തരകൻ തേവലക്കര, 9633519075

Breaking The Word

2015 ഫെബ്രുവരി 15

കൊത്ത്നെ ഞായർ

വി: യോഹ. 2:1-11

കാനായിലെ കല്യാണത്തിന് പച്ചവെള്ളം വീഞ്ഞാക്കി മാറ്റിയ സംഭവം കർത്താവ് ചെയ്ത ആദ്യത്തെ അടയാളമാണ്. 'കാനാ' എന്നതിന് സുറിയാനി തർജ്ജമയിൽ കൊത്ത്നെ എന്നാണ്. നസ്രേത്തിൽ നിന്ന് ഏകദേശം പത്ത് കിലോമീറ്റർ അകലത്തായിട്ടാണ് കാനാ സ്ഥിതി ചെയ്യുന്നത്. വിവാഹത്തോടനുബന്ധിച്ച് ഏഴ് ദിവസത്തെ ആഘോഷങ്ങൾ യഹൂദാപാരമ്പര്യത്തിൽ ഉണ്ടായിരുന്നു. പ്രസ്തുത ആഘോഷങ്ങളിൽ വീഞ്ഞ് അവിഭാജ്യ വസ്തുവായിരുന്നു. യഹൂദൻമാരുടെ വീക്ഷണത്തിൽ വീഞ്ഞ് മശിഹായുഗത്തിന്റെ സന്തോഷത്തേയും സമൃദ്ധിയേയും കുറിക്കുന്നതായിരുന്നു. 'അന്നാളിൽ പർവ്വതങ്ങൾ പുതുവീഞ്ഞ് പൊഴിക്കും' (യോവേൽ 3:18) പ്രസ്തുത ആശയത്തെ സാധൂകരിക്കുന്നതാണ്. കർത്താവ് വെള്ളം വീഞ്ഞാക്കുമ്പോൾ പഴയയുഗം മാറി മശിഹായുടെ പുതിയ യുഗം ആരംഭിച്ചു എന്നതിന്റെ സൂചനകൂടിയാണ്.

1. ക്രിസ്തു സാന്നിദ്ധ്യം ഉറപ്പാക്കുന്ന ഭവനം

'മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിനെയും ശിഷ്യന്മാരേയും കല്യാണത്തിന് ക്ഷണിച്ചിരുന്നു', (വി യോഹന്നാൻ 2:12) സന്തോഷത്തിന്റെയും സന്താപത്തിന്റെയും നടുവിൽ ക്രിസ്തുസാന്നിദ്ധ്യം ഉറപ്പാക്കുന്ന ഭവനം അനുഗ്രഹിക്കപ്പെടും. ആർഭാടമായി കൊണ്ടാടുന്ന കല്യാണത്തിന്റെ നടുവിൽ ക്രിസ്തു സാന്നിദ്ധ്യം ഉറപ്പിക്കുന്ന ഗൃഹനാഥൻ പുതിയകാലത്തിന് മാതൃകയാണ്. ഇന്ന് ആഘോഷങ്ങൾക്ക് നടുവിൽ നഷ്ടപ്പെടുന്നത് ഈശ്വരസാന്നിദ്ധ്യമാണ്. സമൃദ്ധിക്ക് നടുവിൽ സക്കായി ഒരു നിമിഷം പരിഭ്രാന്തനാകുന്നത് ക്രിസ്തു സാന്നിദ്ധ്യമില്ലാത്ത ഭവനത്തെ ഓർത്താണ്.

'യഹോവയായ കർത്താവേ നീ എന്റെ പ്രത്യാശയാകുന്നു. ബാല്യം മുതൽ നീ എന്റെ ആശ്രയം തന്നേ' (സങ്കീ. 71:5). ആഴമായ ദൈവയാശ്രയത്തെപ്പറ്റിയാണ് സങ്കീർത്തനക്കാരൻ പാടുന്നത്. കളിമണ്ണുകൊണ്ട് മനുഷ്യനെ ദൈവം സൃഷ്ടിച്ചു. എന്നാൽ അവൻ മനുഷ്യനായത് ദൈവശ്വാസം അവനിൽ നിറച്ചപ്പോഴാണ്. ഒരു ഭവനം ചൈതന്യമുള്ളതായിത്തീരുന്നത് ദൈവസാന്നിദ്ധ്യം നിലനിർത്തുന്നതിലാണ്. ഓരോ ഭവനവും അതിനുവേണ്ടി ഒരുങ്ങണം. ജീവിതത്തിന്റെ സമസ്തമേഖലകളിലും ക്രിസ്തു സാന്നിദ്ധ്യം ഉറപ്പാക്കാൻ കാനാവിലെ ഭവനം ആഹ്വാനം ചെയ്യുന്നു. യേശുവിന്റെ സാന്നിദ്ധ്യമുള്ളയിടങ്ങളിൽ സ്നേഹത്തിന്റെ ഉറവുകൾ പൊട്ടും. 'ഒരാൾക്ക് സ്നേഹം കൊടുക്കുമ്പോൾ അത് സ്നേഹമാകുന്നത് ഒന്നും തിരിച്ചുകിട്ടാൻവേണ്ടിയല്ലാതെ കൊടുക്കുമ്പോൾ ആണ്. എന്നാൽ നിങ്ങൾ പുസ്തകം കടംകൊടുക്കുന്നത് എന്നെങ്കിലും അത് തിരിച്ചുകിട്ടും എന്ന മനുഷ്യനിലുള്ള വിശ്വാസം കൊണ്ടാണ്'. (ഐ. ഷൺമുഖദാസ്:- പുസ്തകത്തിന്റെ താളുകൾ) ക്രിസ്തു ഏറെ പകർന്നത് തിരിച്ച് പ്രതീക്ഷിക്കാത്ത സ്നേഹത്തിന്റെ നീർച്ചോലകളായിരുന്നു. സ്നേഹം ആഗ്രഹിക്കാത്തവർ ആരുമില്ല. ആയതിനാൽ ഭവനങ്ങൾക്ക് നടുവിൽ ക്രിസ്തുസാന്നിദ്ധ്യം ഉറപ്പാക്കണം.

2. സുവിശേഷ ഘോഷണത്തിന് വേദിയാകുന്ന ഭവനം

സുവിശേഷമെന്നാൽ നല്ല വാർത്തയാണ്. നല്ല വാർത്ത കേൾക്കാൻ ഇഷ്ടപ്പെടാത്തവർ ആരുണ്ട്. വീഞ്ഞ് തീർന്നതിനാൽ വിളിച്ചുവരുത്തിയ അതിഥികൾക്ക് മുമ്പിൽ അപഹാസ്യനായി മാറേണ്ടി വരുന്ന ഗൃഹനാഥൻ ന്യായമായും വീഞ്ഞിന്റെ ലഭ്യതയെപ്പറ്റിയുള്ള ശുഭകരമായ വാർത്ത കേൾക്കാൻ ആഗ്രഹിക്കും. വി. മറിയാമാണ് ആ വാർത്തയ്ക്ക് വഴിയൊരുക്കുന്നത്. ക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്ന സമൂഹത്തിന്റെ ഉത്തരവാദിത്തമാണ് നല്ല വാർത്തകൾക്ക് വഴിയൊരുക്കുക എന്നത്. റൺ കേരള റൺ ദേശീയ ഗെയിംസിന്റെ അവബോധം ലോകമെങ്ങും എത്തിക്കാൻ വഴിയൊരുക്കി. സുവിശേഷത്തിന്റെ വഴിയൊരുക്കലിൽ യേശുവും അമ്മയും ശിഷ്യൻമാരും മാത്രമല്ല, കാനാവിലെ വീട്ടുജോലിക്കാർവരെ പങ്കാളിയാവുകയാണ്.

'അവർ എന്തെങ്കിലും നിങ്ങളോട് കൽപ്പിച്ചാൽ അത് ചെയ്‌വിൻ'(യോഹന്നാൻ 2:5)' വിശുദ്ധമറിയം ജോലിക്കാരോട് ആഹ്വാനം ചെയ്യുകയാണ്. ഇതൊരു സുവിശേഷ പ്രസംഗമാണ്. എല്ലാ സുവിശേഷപ്രസംഗങ്ങളുടെയും അർത്ഥം 'കർത്താവ് പറഞ്ഞതുപോലെ ചെയ്യുക' എന്നതാണ്. സുവിശേഷത്തിന് വേദി തുറക്കുന്നിടത്താണ് വിമോചനം സാധ്യമാകുന്നത്. ഗബ്രിയേൽ ദൂതന്റെ സദ്‌വാർത്തക്ക് മറിയം ചെവികൊടുത്തപ്പോഴാണ് മനുഷ്യവർഗ്ഗത്തിന്റെ വിമോചനം സാധ്യമാകുന്നത്. വി മറിയമിന്റെ വാക്കുകൾക്ക് വീട്ടുജോലിക്കാർ ചെവികൊടുത്തപ്പോൾ കാനാവിലെ ഗൃഹനാഥൻ പ്രതിസന്ധിയെ തരണം ചെയ്യുന്നു. കുടുംബങ്ങളും വ്യക്തിജീവിതങ്ങളും നേരിടുന്ന പ്രതിസന്ധിയുടെ പരിഹാരം സുവിശേഷത്തിന് ഇടം കൊടുക്കുക എന്നതാണ്. അവതാളങ്ങളെ താളമാക്കിമാറ്റാൻ സുവിശേഷത്തിന് കഴിയും. സുമനസ്സുകളെ സൃഷ്ടിക്കുക എന്നതാണ് സുവിശേഷ ലക്ഷ്യം. പൂവിന് സുമനസ്സ് എന്ന പര്യായം കൂടിയുണ്ട്. സുമനസ്സാണ് മനുഷ്യനെങ്കിൽ ആ ജീവിതം പൂവിനെപ്പോലെ വർണ്ണമനോഹരവും സുരഭിലവുമായിത്തീരും. പൂവിന്റെ ഭംഗി പൂവി

നുവേണ്ടിയല്ല അന്യർക്കുവേണ്ടിയാണ്. വിവേകമതികളുടെ ജീവിതം പൂവുപോലെയാണ്. ക്രിസ്തുവും മറിയമും വീട്ടുവേലക്കാരും സുവിശേഷത്തിന്റെ നിറവിൽ സുമനസ്സുകളായിത്തീരുന്നു.

3. അമ്മസൃഷ്ടിക്കുന്ന ധന്യനിമിഷങ്ങൾ

അമ്മ നന്മയാണെന്ന് കവി മുല്ലനേഴി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവിടെ യേശുവിന്റെ അമ്മ നന്മയായി നിറഞ്ഞൊഴുകുകയാണ്. പച്ചവെള്ളത്തിന്റെ പരിവർത്തനത്തിൽ അമ്മയുടെ സ്നേഹം നിറഞ്ഞുനിൽക്കുന്നു. ഓരോ മനുഷ്യന്റെയും പരിവർത്തനത്തിൽ അമ്മയുടെ സ്നേഹം നിറഞ്ഞൊഴുകുന്നു എന്ന് ഓർക്കണം. ഗർഭപാത്രത്തിൽ നമ്മെ ചുമന്നത്, ചുമട്ടുകൂലിയും നോക്കി വളർത്തിയതിന്, നോക്കുകൂലിയും ആവശ്യപ്പെടാത്ത നന്മയാണ് അമ്മ. സ്ത്രീ സ്വാതന്ത്ര്യത്തിന് പരിമിതി ഏർപ്പെടുത്തിയ യഹൂദചിന്തകൾക്ക് നടുവിൽ അന്തഃപുരത്തിൽനിന്ന് അമ്മ അരങ്ങത്തേയ്ക്ക് വരുന്നത് ഗൃഹനാഥന്റെ പ്രതിസന്ധി വിവേകത്തിന്റെ കണ്ണുകളാൽ തിരിച്ചറിഞ്ഞതുകൊണ്ടാണ്. 'സ്ത്രീയെ എനിക്കും നിനക്കും തമ്മിൽ എന്ത് ' (വി. യോഹ 2:4) എന്ന് ഉയർത്തിക്കാട്ടി അമ്മയുടെ മൂല്യം ഇടിച്ചുകാണിക്കാൻ നടത്തുന്ന ശ്രമം ആത്യന്തികമായ അർത്ഥം മനസ്സിലാകാതെ പോകുന്നതുകൊണ്ടാണ്. 'സ്ത്രീ' എന്ന പദം ബഹുമാനസൂചകമാണ് . ഇംഗ്ലീഷിൽ lady, madam എന്നീ പദങ്ങൾക്ക് തുല്യമാണ്. മൂലഭാഷയിൽ 'തമ്മിൽ' എന്ന പദം ഇല്ല. നമുക്ക് വീഞ്ഞ് തീർന്നതിൽ കാര്യമെന്ത് എന്ന രീതിയിലാണ് ഈ പ്രയോഗം ഇവിടെ നിർവ്വഹിക്കുന്നത്. അരമായ ഭാഷയിലെ സംഭാഷണ ശൈലിയുമാണിത്. കാനാവിലെ പ്രതിസന്ധിയെ അതിജീവിക്കാൻ ആ ഭവനത്തിൽ അമ്മ നടത്തുന്ന ആസൂത്രണം പ്രത്യേകം പ്രസ്താവ്യമാണ്. അമ്മ സൃഷ്ടിക്കുന്ന ധന്യനിമിഷങ്ങൾ മറ്റേത് വിരുന്നുഭവനങ്ങളേക്കാളും കാനാവിലെ വിരുന്നിനെ ശ്രേഷ്ഠമാക്കുകയാണ്.

2015 ഫെബ്രുവരി 22

നോമ്പിലെ രണ്ടാം ഞായർ

വി: ലൂക്കോസ് 5:12-16, 4:40-41

യേശുവിന്റെ കാലത്ത്, കുഷ്ഠരോഗികളുടെ അവസ്ഥ ദാരുണമായിരുന്നു. കുഷ്ഠരോഗികളുടെ അശുദ്ധിയെപ്പറ്റിയും ശുദ്ധീകരണ നിയമങ്ങളെപ്പറ്റിയും ലേവ്യപുസ്തകം 13, 14 അദ്ധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. കുഷ്ഠരോഗിയെ തൊടുന്നയാളെപ്പോഴും അശുദ്ധനായി കാണുന്ന സാമൂഹ്യ വ്യവസ്ഥിതിയായിരുന്നു അത്. കുഷ്ഠരോഗിയെ സ്പർശിച്ച് സൗഖ്യമാക്കുക വഴി ക്രിസ്തു സാമൂഹ്യവിപ്ലവത്തിന് വഴി തെളിയിക്കുകയാണ്. സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾക്കെതിരെ പ്രവർത്തിക്കുവാൻ ക്രിസ്തു ഈ സംഭവത്തിലൂടെ ആഹ്വാനം ചെയ്യുന്നു.

1. ഉൾക്കാഴ്ച നഷ്ടപ്പെടാത്ത മനുഷ്യൻ

'അവൻ ഒരു പട്ടണത്തിൽ ഇരിക്കുമ്പോൾ കുഷ്ഠം നിറഞ്ഞൊരു മനുഷ്യൻ യേശുവിനെക്കണ്ട് കവിണ്ണുവീണു' കർത്താവേ നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്ന് അവനോട് അപേക്ഷിച്ചു. (വി ലൂക്കോസ് 5:12, വി. മത്തായി 8:1-4).

കുഷ്ഠരോഗത്താൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് ആട്ടിപ്പായിക്കപ്പെട്ടവനായിരുന്നു അവൻ. ശരീരം നിറഞ്ഞിരിക്കുന്ന കുഷ്ഠം അവനെ വിരൂപനാക്കിയിരുന്നു. അനുദിനം മരിച്ചുകൊണ്ടിരിക്കുന്ന കോശങ്ങൾ സൃഷ്ടിക്കുന്ന ദുർഗന്ധം അവനെ ഏറെ വേദനിപ്പിച്ചു. എന്നാൽ ഈ വേദനകൾക്കു നടുവിൽ യേശുവിലൂടെ സംജാതമാകുന്ന രക്ഷയെക്കുറിച്ച് തിരിച്ചറിയുവാനുള്ള കാഴ്ച അവനുണ്ടായിരുന്നു. അന്നത്തെ പരീശന്മാർക്കും ശാസ്ത്രിമാർക്കും നഷ്ടപ്പെട്ട കാഴ്ച കുഷ്ഠം രോഗിക്കുണ്ടായിരുന്നു. വിവേകമുള്ള മനുഷ്യൻ ഓരോ ദിവസവും ഒരു പുതിയ ജീവിതം ആരംഭിക്കുകയാണ്. കഴിഞ്ഞുപോയ ദുരനുഭവങ്ങൾ മറന്ന് ശോഭനമായ ഭാവിയിലേക്ക് താൻ കാൽ വയ്ക്കുകയാണെന്ന ബോധം ഓരോരുവനും ഉണ്ടാകണം. (കെ പി കേശവമേനോൻ). ഇവിടെ കുഷ്ഠരോഗി തന്റെ ദുരനുഭവങ്ങളെ മറക്കുകയാണ്. ക്രിസ്തുവിൽ ഒരു പുതിയ ജീവിതവും ശോഭനമായ ഭാവിയും അവൻ കാണുന്നു. ഓരോ പ്രഭാതത്തിലും യേശുവിന്റെ കാലിൽ വീഴുവാൻ നമുക്ക് കഴിയണം. നമ്മളെ നിത്യമരണത്തിലേക്ക് നയിക്കുന്ന പാപമായ കുഷ്ഠത്തെ അകറ്റി നിർത്തുവാൻ അത് അനിവാര്യമാണ്. ലോകം എങ്ങനെയാണ് എന്നല്ല കുഷ്ഠരോഗി ചിന്തിക്കുന്നത്. താൻ എങ്ങനെ ആയിരിക്കണം എന്നാണ്. എന്നാൽ ഇന്ന് ലോകം എങ്ങനെയായിരിക്കണമെന്ന് നാം ചിന്തിക്കുന്നു. നാം എങ്ങനെയായിരിക്കണമെന്ന് മറന്നുപോകുന്നു. ചുറ്റുവട്ടങ്ങളിൽ വിളക്കുകളുണ്ട്. അവ കാണുവാൻ ഉൾക്കാഴ്ച നഷ്ടപ്പെട്ടുപോകുന്നതാണ് പ്രശ്നം. ജൂലിയൻ ഹക്സിലി പറഞ്ഞ രണ്ട് ചോദ്യങ്ങൾ വളരെ പ്രസക്തമാണ്. നാം ജീവിക്കുന്ന ലോകം എങ്ങനെയുള്ളതാണ്? നാം ജീവിക്കാൻ ആഗ്രഹിക്കുന്ന ലോകം എങ്ങനെയുള്ളതാണ്? ജീവിക്കുന്ന ലോകത്തുനിന്ന് ജീവിക്കാൻ ആഗ്രഹിക്കുന്ന ലോകത്തേയ്ക്കാണ് കുഷ്ഠരോഗി വരുന്നത്. ഓരോ ഭക്തന്റെയും ആഗ്രഹം ക്രിസ്തുവുമൊത്തുള്ള ഒരു ലോകമായിരിക്കണം.

2. സാന്ത്വന സ്പർശമാകുന്ന ക്രിസ്തുവിന്റെ കരം

തൊട്ടവൻ അശുദ്ധമാക്കപ്പെടുന്ന നിയമസംഹിത ഒരു വശത്ത്. കുഷ്ഠരോഗിയോടുള്ള അടങ്ങാത്ത സ്നേഹം മറുവശത്ത്. ക്രിസ്തുവിന്റെ മുമ്പിലുള്ള സാധ്യതയെ സുവിശേഷകൻ കുറിച്ചിടുന്നതിങ്ങനെയാണ്: 'യേശു കൈനീട്ടി അവനെ തൊട്ടു, എനിക്ക് മനസ്സുണ്ട്, ശുദ്ധമാക്കുക എന്ന് പറഞ്ഞു' (വി ലൂക്കോസ് 5:13). ആരും സ്പർശിക്കാത്തവനെ യേശു ശ്പർശിച്ചു. സ്പർശനത്തിലൂടെ നീ എന്റെതാണ്. നിന്റെ വേദനയും എന്റേതാണെന്ന് ക്രിസ്തു വെളിപ്പെടുത്തി. വേദനയൊതുക്കി കഴിയുന്ന എത്രയോ പേരുണ്ട്. രോഗക്കിടക്കയിൽ കഴിയുന്നവർ, മാതാപിതാക്കളുടെ തിരക്കേറിയ ജീവിതത്തിന് നടുവിൽ അവരുടെ സ്പർശനം ആഗ്രഹിക്കുന്ന മക്കൾ, സമൂഹത്തിൽനിന്ന് പിൻതള്ളപ്പെട്ടുപോയവർ, ഇവരെയൊക്കെ സ്പർശിക്കുന്നവനാണ് ക്രിസ്തു. അതിനുവേണ്ടിയുള്ള മനസ്സാണ് യേശു ഇവിടെ പ്രഖ്യാപിക്കുന്നത്. സുഖസൗകര്യങ്ങൾ ഇന്ന് ഏറെ വർദ്ധിച്ചു. പക്ഷേ, സ്വസ്ഥത കുറഞ്ഞു. അറബിക്കഥയിലെ ഭൂതങ്ങളേക്കാൾ വിനയത്തോടെ മനുഷ്യനുവേണ്ടി വേലചെയ്യാൻ ആധുനിക ഉപകരണങ്ങൾ നിൽക്കുമ്പോഴും മനുഷ്യന് സ്വസ്ഥത കുറയുകയോ?. അതെ, ക്രിസ്തു കുഷ്ഠരോഗിക്ക് നൽകിയ സാന്ത്വന സ്പർശത്തിനായി

ഇന്നത്തെ ലോകം ആർത്തിയോടെ കാത്തിരിക്കുകുയാണ്. ക്രിസ്തുവിന്റെ കരങ്ങളായി ക്രിസ്ത്യാനിയുടെ കരങ്ങൾ മാറണം. ക്രിസ്ത്യാനിയിൽനിന്ന് ലോകം പ്രതീക്ഷിക്കുന്നത് ഈ സാന്ത്വന സ്പർശമാണ്. അതുകൊടുക്കാൻ നമുക്ക് മനസ്സുണ്ടോ എന്ന് ആരായുകയാണ് ക്രിസ്തു. ഈ ദൈവിക വാഗ്ദാനങ്ങളെ തിരിച്ചറിഞ്ഞ സങ്കീർത്തനക്കാരൻ പാടുന്നത് ഇപ്രകാരമാണ്.

'നമ്മുടെ രക്ഷയാകുന്ന ദൈവമായി, നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ'. (സങ്കീ. 68:19)

3. പ്രശസ്തി ആഗ്രഹിക്കാത്ത കർത്താവ്

കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ശേഷം കർത്താവ് നിർജ്ജനപ്രദേശത്തുപോയി പ്രാർത്ഥിച്ചു. ഈ മാതൃക എത്ര ഉദാത്തമാണ്. വിലകുറഞ്ഞ മാർഗ്ഗങ്ങളിലൂടെ പൊങ്ങച്ചം ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്ന പൊതുപ്രവർത്തകർ യേശുവിനെ മാതൃകയാക്കണം. ജനക്കൂട്ടത്തിന്റെ പ്രശംസയ്ക്ക് നടുവിൽ നിൽക്കാൻ ക്രിസ്തു ആഗ്രഹിച്ചില്ല. അടയാളം കാണിക്കാൻ ഹെരോദാവ് പറഞ്ഞപ്പോൾ ക്രിസ്തു മൗനിയായി. ഹോശന്നാ പാടിയവർ ബറബാസിനെ വേണമെന്ന് ഉച്ചത്തിൽ പറയുമ്പോൾ മണിക്കൂറുകളുടെ ആയുസ്സേ ലോകത്തിന്റെ പ്രശംസയ്ക്കുള്ളൂ എന്ന് നമ്മെ പഠിപ്പിക്കുന്നു. നെഞ്ചോട് ചേർത്ത് നിന്നവൻ ഒറ്റികൊടുക്കുമെന്നായപ്പോൾ കൂടെ കൊണ്ടുനടന്നവൻ തള്ളിപ്പറയുമെന്നായപ്പോൾ ക്രിസ്തുവിന് പ്രാർത്ഥിക്കാൻ ഗത്സമന ഉണ്ടായിരുന്നു. പ്രശംസയ്ക്കും വേദനയ്ക്കും നടുവിൽ പ്രാർത്ഥനയുടെ ഇടങ്ങൾ തീർക്കുവാൻ ക്രിസ്തുവിന് കഴിഞ്ഞു. എല്ലാനേട്ടങ്ങളുടേയും കോട്ടങ്ങളുടേയും നടുവിൽ പ്രാർത്ഥനയുടെ ഇടങ്ങൾ തീർക്കുന്നവരാകണം വിശ്വാസികൾ. മനുഷ്യന്റെ മനസ്സിനെ തോട്ടത്തോടുപമിക്കാം. വേണ്ട പ്രകാരം കൃഷിചെയ്താൽ അതിനെ ഭംഗിയുള്ളതാക്കാം. പുല്ലുകളെ പറിക്കാതെ കാടാക്കുവാൻ അനുവദിച്ചാൽ അത് പാഴായിപ്പോകും. അഹംഭാവത്തിന്റെ പുല്ലുകളേക്കാൾ ദൈവസമർപ്പണത്തിന്റെ കൃഷിത്തോട്ടങ്ങളായി നമ്മൾ തീരണം.

2015 മാർച്ച് 1

നോമ്പിലെ മൂന്നാം ഞായർ

വി: മർക്കോസ് 2:1–12

പക്ഷവാതരോഗിയെ സൗഖ്യമാക്കുന്ന സംഭവമാണ് ഇതിവൃത്തം. നാലുപേർ ചേർന്ന് പക്ഷവാതരോഗിയെ യേശുവിന്റെ സന്നിധിയിൽ എത്തിക്കുന്നു. പുരയുടെ മട്ടുപ്പാവ് നീക്കി രോഗിയെ ഇറക്കുന്നത് അസംഭ്യമായി തോന്നാം. എന്നാൽ പാലസ്തീനിലെ വീടുകളുടെ നിർമ്മാണരീതിയിൽ അടിയന്തരഘട്ടങ്ങളിൽ മട്ടുപ്പാവ് നീക്കാൻ സൗകര്യമുണ്ട്. സൗഖ്യം നൽകുവാൻ യേശു പക്ഷവാതക്കാരനോട് 'നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്ന് പറഞ്ഞു'. യഹൂദ ചിന്താഗതിയിൽ രോഗത്തിന് കാരണം പാപം എന്നായിരുന്നു. പഴയനിയമത്തിൽ പലയിടത്തും സൗഖ്യമാക്കുന്ന പ്രഖ്യാപനത്തോടൊപ്പം പാപക്ഷമയുടെ വാഗ്ദാനം നൽകുന്നു. (യിരമാവ് 30:17, 31:34). ജന്മനാ അന്ധനായിരുന്നവന് സൗഖ്യം നൽകുമ്പോൾ (യോഹ 9:2) പാപവും രോഗവും തമ്മിലുള്ള ബന്ധം പരാമർശിക്കുന്നുണ്ട്. തന്റെ അധികാരം ദൈവത്തിൽ നിന്നാണെന്ന് ജനത്തെ ബോധ്യപ്പെടുത്തുവാൻ യേശുക്രിസ്തു പ്രസ്താവന ഉപയോഗിച്ചു എന്ന് മനസ്സിലാക്കാം.

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

1. യേശുവിന്റെ പേരിൽ അറിയപ്പെടുന്ന ഭവനം

കഫർന്നഹൂമിലെ ഭവനം സജീവമാകുന്നത് യേശുവിന്റെ സാന്നിദ്ധ്യത്തിലാണ്. അതുവരെ ആ ഭവനം സജീവമല്ലായിരുന്നു. ദൈവസാന്നിദ്ധ്യമാണ് ഒരു ഭവനത്തെ പുരോഗമനാത്മകമായ നിലയിൽ സജീവമാക്കുന്നത്. 'അവൻ വീട്ടിൽ ഉണ്ടെന്ന് ശ്രുതിയായി. ഉടനെ വാതിൽക്കൽപ്പോലും ഇടമില്ലാത്തവണ്ണം പലരും വന്നുകൂടി' (വി മർക്കോസ് 2:1-2). മനുഷ്യശരീരത്തേയും ദൈവമന്ദിരമായിട്ടാണ് വി പൗലോസ് ശ്ലീഹാ വിലയിരുത്തുന്നത്. മനുഷ്യനെ മണ്ണുകൊണ്ട് ദൈവം സൃഷ്ടിച്ചു. എന്നാൽ മണ്ണുകൊണ്ട് രൂപമുണ്ടായപ്പോൾ അത് മനുഷ്യനായില്ല. ദൈവ ശ്വാസം വീണപ്പോഴാണ് മനുഷ്യനായത്. ചൈതന്യമുള്ളതായി തീർന്നത്. ഭവനങ്ങളും രൂപംകൊണ്ട് ഭവനമാകില്ല, ക്രിസ്തു സാന്നിദ്ധ്യമാണ് ഭവനത്തെ ചൈതന്യമുള്ളതും സജീവവുമാക്കി തീർക്കുന്നത്. ശ്വാസം നഷ്ടപ്പെട്ട ശരീരം ജീർണ്ണിക്കാൻ തുടങ്ങും. ജീർണ്ണിക്കുന്ന ശരീരത്തെ ഭക്ഷിക്കാനാണ് ജീവികൾ എത്തുന്നത്. ക്രിസ്തുവില്ലാത്ത ഭവനങ്ങൾ ജീർണ്ണിക്കും. എന്നാൽ ദൈവസാന്നിദ്ധ്യമുള്ള ഭവനങ്ങൾ അനേകർക്ക് ആശ്രയമായിത്തീരും. ദൈവമക്കൾക്കുവേണ്ടി മട്ടുപ്പാവുരെ തുറന്നുകൊടുക്കുന്ന ഭവനമായി അത് രൂപാന്തരപ്പെട്ടു. ഇന്ന് വീടുകൾ അറിയപ്പെടുന്നതും നാലുപേരൊരുമിച്ച് കൂടുന്നതും എന്തിന്റെ പേരിലാണ്? നിരവധി ഭവനങ്ങൾ മദ്യശാലകളായി മാറുന്ന കാലം. പ്രാർത്ഥനാമുറിയേക്കാൾ ബാർ കൗണ്ടറുകൾ ഭവനങ്ങളുടെ അവിഭാജ്യഘടകമായി മാറുന്നു. ക്രിസ്തുവിന് തിരുവചനം പങ്ക് വയ്ക്കാനുള്ള വേദിയായി കഫർന്നഹൂമിലെ ഭവനം രൂപപ്പെടുന്നു.

2. നിസ്സഹായന്റെ നിലവിളിക്ക് ചെവികൊടുക്കുന്നവരാകുക

പക്ഷവാതക്കാരന് സഞ്ചരിക്കാൻ കഴിയില്ല. അവന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കേണ്ട വേദിയിൽ അവതരിപ്പിക്കാൻ കൊണ്ടുവന്നവർക്ക് സാധിക്കുന്നു. ജനക്കൂട്ടമോ, തിരക്കോ മേൽക്കൂരയോ അവരുടെ സഹായഹസ്തം പൻവലിക്കുന്നതിന് കാരണാകുന്നില്ല. മറ്റുള്ളവരെ സഹായിക്കാൻ ലഭിക്കുന്ന അവസരം ഉചിതമായി വിനിയോഗിക്കണം. മനുഷ്യജീവിതം ഹൃദ്യമാകുന്നത് ഹൃദയവിശാലതകൊണ്ടാണ്. അതുകൊണ്ടാണ് മനുഷ്യന്റെ മാഹാത്മ്യം മനസ്സിന്റെ മാഹാത്മ്യം എന്ന് പറയുന്നത്. ദയാലുവായ മനുഷ്യൻ ദൈവത്തിന്റെ ഓമനസന്താനമാണ്. ക്രിസ്തുവിനോടുള്ള സ്നേഹവും ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസവും കൊണ്ടാണ് നാൽവർസംഘം പക്ഷവാതക്കാരന്റെ സഹായികളായിത്തീരുന്നത്.

കാലില്ലാത്തവന്റെ കാലായി നാൽവർസംഘം മാറുന്നു. ഇന്ന് നാലുപേർ ഒരുമിച്ച് കൂടിയാൽ ആരുടെയെങ്കിലും കാലോ, തലയോ നഷ്ടമാകുന്ന കാലമാണിത്. സഹായത്തിന് എപ്പോഴും പ്രതിഫലമുണ്ടാകില്ല. സഹായം ചെയ്തുകൊടുക്കുന്നതിൽ നമുക്കുണ്ടാകുന്ന സന്തോഷം തന്നെയാണ് അതിന്റെ പ്രതിഫലം. പണമല്ല അധികം ആളുകൾക്കും ആവശ്യം. അനുഭാവം, ദയ, നല്ലവാക്ക്, സഹായിക്കാനുള്ള മനസ്സ്

എന്നിവയാണ് ആവശ്യം. സേവനത്തിനുള്ള അവസരം എവിടെയും എപ്പോഴും കാണാം. അത് പ്രയോജനപ്പെടുത്തുന്ന നാൽവർസംഘത്തിൽ ഓരോരുത്തരും അംഗമാകാൻ ശ്രമിക്കണം. മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ (വി. മത്തായി 7:12)

3. നന്മയെ അംഗീകരിക്കുന്നവരാകുക

പക്ഷവാതക്കാരന്റെ സൗഖ്യമല്ല, ശാസ്ത്രിമാരുടെ വിഷയം. ക്രിസ്തുവിന്റെ പാപമോചന അധികാരത്തെ ചോദ്യം ചെയ്തുകൊണ്ട് വ്യവസ്ഥിതികളെ ഉയർത്തിപ്പിടിക്കാനും ക്രിസ്തുവിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യാനും ശ്രമിക്കുകയാണ്. നന്മ കണ്ടെത്താനും അതിനെ പരിപോഷിപ്പിക്കാനും ശ്രമിക്കുന്നവരാണ് നല്ല മനുഷ്യർ. നല്ല വാക്കുകൾ നമ്മളിൽ കുറയുന്ന കാലമാണ്. വിമർശനങ്ങൾ കുറയുന്നുമില്ല. ഭവനത്തിൽ ഭാര്യയുടെ പാചകത്തിൽ ഉപ്പ് കൂടിയാൽ കുറ്റപ്പെടുത്തലിന്റെ പ്രവാഹം. നല്ല പാചകം ചെയ്താൽ മൗനം. സമൂഹത്തിലെ നന്മ കാണാൻ ശ്രമിക്കണം. പൂവിലെ പുഴുക്കുത്തിനേക്കാൾ അതിന്റെ സൗരഭ്യവും സൗന്ദര്യവും ആസ്വദിക്കാൻ സാധിക്കണം. പക്ഷവാതക്കാരനെ ചുമന്നവരിലെ നന്മ ശാസ്ത്രിമാരിലില്ല. ആദരിക്കേണ്ടവരെ ആദരിച്ചില്ലെങ്കിൽ അത് ശ്രേയസ്സിന് ഹാനികരമായി ഭവിക്കും.

പ്രതിബദ്ധനാതിഹിശ്രേയഃ പൂജ്യപൂജാവ്യതി ക്രമഃ എന്നാണ് മഹാകവി കാളിദാസൻ ഇതേക്കുറിച്ച് പറയുന്നത്. അതായത് പൂജ്യന്മാരായവരെ പൂജിക്കുന്നതിൽ നാം വീഴ്ചവരുത്തിയാൽ അത് ഉത്കർഷത്തിന് പ്രതിബന്ധമായി തീരും. സമയവും തക്കവും കിട്ടുമ്പോൾ ശാസ്ത്രിമാരും പരീശന്മാരും അനാവശ്യമായി ക്രിസ്തുവിനെ വിമർശിക്കാൻ ശ്രമിച്ച് അപകർഷകരായി തീരുന്നു. വ്യവസ്ഥിതികളേക്കാൾ മനുഷ്യ വേദനകൾ പരിഹരിക്കാനുള്ള ഉത്തരവാദിത്തമാണ് ക്രിസ്തു നിർവ്വഹിക്കുന്നത്. കിടക്കയുമെടുത്ത് നടന്നു നീങ്ങുന്ന പക്ഷവാതക്കാരൻ ശാസ്ത്രിമാർക്ക് ക്രിസ്തു കൊടുത്ത മറുപടിയാണ്. നന്മ കണ്ടെത്തുക അതാണ് ഉത്തമ ജീവിത ധർമ്മം.

2015 മാർച്ച് 8

നോമ്പിലെ നാലാം ഞായർ (കന്യാസ്ത്രീ)

വി: മത്തായി 15:21– 31

സോർ, സീദോൻ പ്രദേശങ്ങളിലേക്ക് പോയ യേശു അവിടെ വച്ചാണ് കനാന്യസ്ത്രീയെ കാണുന്നത്. സോർ, സീദോൻ പ്രദേശങ്ങൾ ദക്ഷിണ ഫിനീഷ്യയിലെ തുറമുഖ പട്ടണങ്ങൾ ആയിരുന്നു. യഹൂദരല്ലാത്തവർ പാർക്കുന്ന സ്ഥലമാണ്. കനാന്യർ യഹൂദന്മാരുടെ വലിയ ശത്രുക്കൾ ആയിരുന്നു. യഹൂദ്യർ അവരെ ആക്ഷേപിച്ചു വിളിച്ചുപോന്നിരുന്നത് 'നായ്ക്കൾ' എന്നായിരുന്നു. യഹൂദ മതനേതാക്കളുടെ അവിശ്വാസത്തെ കനാന്യസ്ത്രീയുടെ വിശ്വാസവുമായി ചേർത്ത് താരതമ്യം ചെയ്യുവാൻ കഴിയും. ക്രൈസ്തവേതര വിഭാഗങ്ങൾക്കും യേശു തന്റെ നന്മ പകർന്നു നൽകുന്നു. 'എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിന് ഞാൻ നിന്നെ ജാതികൾക്ക് പ്രകാശമായി വച്ചിരിക്കുന്നു' യെശ 49:6 പ്രസക്തമാണ്.

1. വിശ്വാസത്തിന്റെ ആഴം

ആഴത്തിലുള്ള വേരോട്ടം വൃക്ഷങ്ങളുടെ നിലനിൽപ്പിന് ആധാരമാണ്. വിശ്വാസത്തിന്റെ ആഴമാണ് ഭക്ത ജീവിതത്തിന്റെ നിലനിൽപ്പ് നിർണ്ണയിക്കുന്നത്. വിശ്വാസത്തിന്റെ മർമ്മങ്ങൾ അറിയാവുന്നവർ അതിന്റെ നന്മയെ സംശയിക്കുന്നു. അവിടെയാണ് കനാന്യ സ്ത്രീ വിശ്വാസത്തിന്റെ അർത്ഥമെന്താണെന്ന് ബോധ്യപ്പെടുത്തി തരുന്നത്. ആഴത്തിൽ വേരോടാത്ത വൃക്ഷങ്ങൾ വേഗം കടപുഴകുന്നതുപോലെ വിശ്വാസത്തിൽ വേരോടാത്ത ജനങ്ങൾ നൈരാശ്യത്തിന്റെ ചുഴിയിൽ അകപ്പെട്ടുപോകും. കർത്താവേ, ദാവീദുപുത്രാ എന്നോട് കരുണതോന്നേണമേ എന്ന് നിലവിളിക്കുന്ന അവളെ ആദ്യം യേശുതമ്പുരാൻ ശ്രദ്ധിക്കുന്നില്ല. എന്നാൽ അവൾ അവന്റെ പിന്നാലെ നിലവിളിച്ചുകൊണ്ട് ചെല്ലുകയാണ്. ഒരു നിലവിളിയിൽ അവളുടെ വിശ്വാസം അവസാനിക്കുന്നില്ല. വിശ്വാസജീവിതം ഒരു തുടർച്ചയാണ്. ഇത് പൂർവ്വികന്മാരിൽനിന്ന് ആർജ്ജിച്ചതും ജീവിതത്തിൽ നേടിയതും വരുന്ന തലമുറയ്ക്ക് കൈമാറുന്നതുമാണ് ഒരു പ്രത്യേക നിമിഷത്തിലോ സംഭവത്തിലോ അവസാനിക്കേണ്ടതല്ല വിശ്വാസം. അത് ഒഴുകുന്ന നദിയെപ്പോലെ തുടർച്ചയാണ്. നദി കടലിൽ ചേരുന്നതുപോലെ വിശ്വാസം ദൈവമാകുന്ന കടലിലിൽ ചേരുവോളമുള്ള ഒഴുക്കാണ്. വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ വിശ്വാസത്തിന്റെ തുടർച്ച നമുക്ക് കണ്ടെത്താം. നിലയ്ക്കാത്ത വിശ്വാസത്തിന്റെ പ്രതീകമായി കനാന്യസ്ത്രീ മാറുമ്പോൾ അബ്രഹാമിന്റെ മകളായി തുടർച്ചയായി അവൾ രൂപപ്പെടുകയാണ്. ക്രിസ്തുവിന്റെ മൗനത്തേക്കാൾ അവളുടെ വിശ്വാസം വാചാലമാകുന്നു. 'ഉറപ്പായിരിക്കുക' എന്നർത്ഥമുള്ള 'ഹെഎമീൻ' എന്ന വാക്കാണ് 'വിശ്വസിക്കുക' എന്ന് പഴയ നിയമത്തിൽ വിവർത്തനം ചെയ്യുന്നത്. സ്വയം ഉറപ്പിക്കുക എന്നാണ് അർത്ഥം. വിശ്വസിക്കുക എന്നാൽ ദൈവത്തിൽ ഉറപ്പിക്കുക എന്നാണ്. കനാന്യക്കാരി സ്ത്രീ യേശുവിൽ അവളെയും കുടുംബത്തേയും ഉറപ്പിക്കുകയാണ്. ഈ ഉറപ്പിക്കലാണ് ഇന്നിന്റെ ആവശ്യം. ശുഭാപ്തി വിശ്വാസം പുലർത്തുന്നവളായി കനാന്യ സ്ത്രീ മാറുന്നത് വിശ്വാസത്തിന്റെ കരുത്തുള്ളതുകൊണ്ടാണ്. ഇന്ന് നമുക്ക് നടുവിൽ കൈമോശം വരുന്നത് ഈ സമൃദ്ധിയാണ്. 'പ്രാക്ടിക്കൽ വിസ്ഡം' എന്ന ഗ്രന്ഥത്തിൽ ശുഭാപ്തിവിശ്വാസത്തെപ്പറ്റി സൂചിപ്പിക്കാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി സൂചിപ്പിക്കുന്ന സംഭവമുണ്ട്. ഒരു റെഫ്രിജറേറ്റർ മെക്കാനിക്ക്, അകത്തു കയറുന്ന തരം ഒരു ഫ്രീസർ നന്നാക്കുകയാണ്. ടൺ കണക്കിന് മാംസവും മത്സ്യവുമൊക്കെ സൂക്ഷിക്കാവുന്ന മൈനസ് മുപ്പത് ഡിഗ്രി വരെ തണുപ്പ് സൂക്ഷിക്കുന്ന വലിയ ഫ്രീസറാണ്. പ്രധാന കുഴപ്പങ്ങളെല്ലാം മാറ്റി ഫ്രീസർ പ്രവർത്തിപ്പിക്കാൻ സജ്ജമാക്കി. ദൗർഭാഗ്യവശാൽ ഫ്രീസറിന്റെ വാതിൽ താനേ അടഞ്ഞുപോയി. അയാൾ അതിനകത്ത് പെട്ടു. ഫ്രീസറിന്റെ വാതിലടഞ്ഞാൽ അതിന്റെ പ്രവർത്തനം തുടങ്ങുമെന്നും തണുപ്പ് കയറിത്തുടങ്ങുമെന്നും അനുഭവ സമ്പന്നനായ അയാൾക്ക് അറിയാമായി

9–ാം ചരമ വാർഷികം, 07–02–2015

സാറാമ്മ ഏബ്രഹാം
(കുഞ്ഞമ്മ)

പുത്തൻപുരയ്ക്കൽ,
ചിങ്ങവനം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

എന്ന്,
സന്തപ്ത കുടുംബാംഗങ്ങൾ

രുന്നു. അകത്തുനിന്ന് ആർക്കും വാതിൽ തുറക്കാനാകില്ല. വിളിച്ചാൽ പുറത്ത് കേൾക്കില്ല. അശുഭാപ്തി വിശ്വാസി ആയതുകൊണ്ട് തന്റെ ജീവിതാവസാനമടുത്തു എന്ന് തീർച്ചപ്പെടുത്തി. ശരീരത്തിൽ തണിപ്പടിക്കുന്നതായും മരവിക്കുന്നതായും അനുഭവപ്പെട്ട് അയാൾ മരിച്ചു. ജോലിക്കാർ വന്ന് വാതിൽ തുറന്നപ്പോൾ മെക്കാനിക്കിന്റെ ജീവനറ്റ ശരീരം കണ്ടു. അപ്പോഴാണ് എല്ലാവരേയും അത്ഭുതപ്പെടുത്തിയ സംഭവം ഫ്രീസറിന് വൈദ്യുതി ബന്ധം അറ്റുകിടക്കുകയായിരുന്നു. സത്യത്തിൽ അത് പ്രവർത്തിക്കുന്നതേയില്ല. പുറത്തെ താപനില തന്നെയായിരുന്നു അകത്തും. യഥാർത്ഥത്തിൽ അയാൾ മരിച്ചത് ഭയംകൊണ്ടായിരുന്നു. അശുഭചിന്തകൾ ജീവിതത്തിലെ സാധ്യതകളെ അടച്ചുകളയും. എന്നാൽ കനാന്യസ്ത്രീ വിശ്വാസത്തിന്റെ കരുത്തിൽ സാധ്യതകളിലേക്ക് സഞ്ചരിക്കുകയായിരുന്നു. യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകൾക്കുവേണ്ടിയാണ് താൻ വന്നതെന്ന് ക്രിസ്തു പറയുമ്പോൾ കർത്താവെ എന്നെ സഹായിക്കണമേ എന്ന അവളുടെ വാക്കുകൾ വിശ്വാസത്തിന്റെ തീക്ഷ്ണതയാണ് വെളിപ്പെടുത്തുന്നത്. മേശയിൽനിന്ന് വീഴുന്ന അപ്പക്കഷണങ്ങൾ നായ്ക്കുട്ടികളുടെ വിശപ്പകറ്റുന്ന കാര്യം വെളിപ്പെടുത്തിയ അവളോട് ക്രിസ്തു പറയുന്നു. 'നിന്റെ വിശ്വാസം വലിയത്' അവിടെയാണ് മകൾക്ക് സൗഖ്യം ലഭിക്കുന്നത്. മാതാപിതാക്കളുടെ വിശ്വാസജീവിതം തലമുറകളുടെ പ്രതിസന്ധിക്കുള്ള ഒറ്റമൂലികൂടിയാണ്.

2. ശ്രദ്ധ ക്ഷണിക്കുന്ന ശിഷ്യസമൂഹം

'അവന്റെ ശിഷ്യന്മാർ അടുക്കെവന്ന് അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടുവരുന്നു. അവളെ പറഞ്ഞയക്കേണമേ എന്ന് അപേക്ഷിച്ചു' (വി മത്തായി 15:23) സമൂഹത്തിന്റെ വേദനകളെ അനുഭാവപൂർവ്വം കാണുകയും അവയെ എത്തേണ്ട സ്ഥാനത്ത് എത്തിക്കുകയും ചെയ്യുവാനുള്ള ഉത്തരവാദിത്വം ക്രൈസ്തവ വിശ്വാസികൾക്കുണ്ട്. നിയമസഭയിലും മറ്റും ശ്രദ്ധക്ഷണിക്കൽ നടത്താറുണ്ട്. എന്നാൽ അർഹിക്കുന്ന എത്രയോ നിലവിളികൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. കനാന്യസ്ത്രീ പുറജാതി. യഹൂദൻമാരുടെ വൈരികളും. ഇത് രണ്ടുമല്ല ശിഷ്യഗണം ശ്രദ്ധിക്കുന്നത്. അവളുടെ നിലവിളിയെപ്പറ്റിയുള്ള പരിഗണനയാണ് അവരുടെ മനസ്സിൽ ഉണർത്തുന്നത്. ഒരു ചെറുപ്പക്കാരൻ അപകടത്തിൽ മരിച്ചപ്പോൾ സങ്കടത്തിന്റെ അലയടികൾക്ക് നടുവിലും ആ അപ്പൻ ശ്രദ്ധിച്ചത് പ്രസ്തുത ആശുപത്രിയിൽ അവയവത്തിനായി കാത്തുകിടക്കുന്ന അഞ്ചുപേരെ ആയിരുന്നു. തന്റെ മകന്റെ ഹൃദയവും കരളും കണ്ണും കിഡ്നിയും പറിച്ച് അഞ്ചുപേർക്ക് വിഭവിച്ചുകൊടുത്ത് അവരുടെ ജീവൻ നിലനിർത്തിയ അപ്പൻ 'ശ്രദ്ധ ക്ഷണിക്കലിന്റെ' നല്ല പ്രതീകമായി മാറുകയായിരുന്നു. അൾത്താരയിലെ തിരുശരീരം രക്തവിഭജനംപോലെ വിശുദ്ധമായിരുന്നു. ആ പങ്കുവയ്ക്കലും പുത്രന്റെ വിരഹവേദനയ്ക്ക് നടുവിൽ പ്രാണനുവേണ്ടി പിടയുന്നവരിലേക്കുള്ള ദയാദൃഷ്ടിയും. നമ്മുടെ പണത്തേക്കാൾ നമ്മുടെ കരുതലും സ്പർശവും ദയവോടെയുള്ള നോട്ടവും ആഗ്രഹിക്കുന്ന എത്ര പേർ നമ്മുടെ ചുറ്റുവട്ടങ്ങളിലുണ്ട്. അത് നൽകുവാൻ നമുക്ക് കഴിയുന്നുണ്ടോ. അവഗണന ദൈവസ്വഭാമല്ല, പരിഗണന ദൈവസ്വഭാവത്തിലേക്കുള്ള വളർച്ചയാണ്. ബന്ധങ്ങൾക്കിടയിലെ ആത്മീയത വീണ്ടെടുക്കാൻ ഇത്തരം ശ്രദ്ധ ക്ഷണിക്കൽ മുഖാന്തിരമാകുന്നു. മുഖം തിരിക്കുന്നവരല്ല മുഖം ഉള്ളവരും മുഖം കൊടുക്കുന്നവരുമായി തീരാൻ ശിഷ്യന്മാർ നമ്മെ ആഹ്വാനം ചെയ്യുന്നു. ■

വിവാഹിതരായി



മല്ലപ്പള്ളി ആനിക്കാട് നെല്ലിക്കാപ്പള്ളിൽ എ.ൻ.വി. തോമസിന്റെയും പരേതയായ അന്നമ്മ തോമസിന്റെയും മകൻ **ജോബിൻ ഈപ്പൻ തോമസും** കൈപ്പറ്റ ആലങ്കുൽ വീട്ടിൽ മത്തായി വർഗീസിന്റെയും ഏലിയാമ്മ മാത്യുവിന്റെയും മകൾ **ജോയിസ് മാത്യുവും** തമ്മിലുള്ള വിവാഹം 2015 ജനുവരി 5-ന് മല്ലപ്പള്ളി പാതിക്കാട് സെ. പീറ്റേഴ്സ് & സെ.പോൾസ് പള്ളിയിൽ വന്ദ്യ ജോസഫ് റമ്പാച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

31st Death Anniversary, 27-02-2015



Kannamathu Kolfe
Koduvila, East Kallada,
Kollam

REV. FR. K. V. KOSHY

25th DEATH ANNIVERSARY
26-02-2015

K.M. KUNJUKOSHY MUTHALALY
O.S.S.A.E DIRECTOR KOCHI DIOCESE
(1986 - 1990)
KALLOT, ERNAKULAM

40–ാം ചരമ ദിനം
04–02–2015

Annamma Alexander
Tambaram, Madras

എന്റെ പ്രിയ ഭാര്യയുടെ വേർപാടിൽ ഞങ്ങളെ സമാശ്വസിപ്പിക്കുകയും, പ്രാർത്ഥിക്കുകയും, ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കുകയും ചെയ്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് തിരുമേനി, ഇടവക വികാരി വെരി.റവ. ജോസഫ് തളിയാംപറമ്പിൽ കോർ എപ്പിസ്ക്കോപ്പാ, ഭദ്രാസന സെക്രട്ടറി ഫാ. ജിജി മാത്യു വാകത്താനം, വൈദിക സംഘം സെക്രട്ടറി ഫാ. അജി കെ. വർഗ്ഗീസ്, മറ്റു വൈദികർ, ഇൻഡ്യയിലും വിദേശത്തുമുള്ള ഇടവകകൾ, ആത്മീയ സംഘടനകൾ, സ്ഥാപനങ്ങൾ, സാമൂഹ്യ പ്രവർത്തകർ, ബന്ധു മിത്രാദികൾ എന്നിവരോടുള്ള ഹൃദയംഗമായ നന്ദി അറിയിച്ചു കൊള്ളുന്നു.

സന്തപ്ത കുടുംബാംഗങ്ങൾ

Very. Rev. Mathew Alexander Cor-Episcopa Kuttikkandathil
Rev. Fr. Alex K. Mathew-Mini Mathew
Merina Daniel - Regi Daniel
Kevin, Serina, Reeba, Ryan, Ruby
USA

CORPORATE MANAGEMENT OF M.O.C. COLLEGES,
DEVALOKAM, KOTTAYAM – 686 004

No.R(T)/4404/2015 **Phone: 0481-2573533**

WANTED

Applications are invited in the prescribed form for appointment to the post of ***Assistant Professors*** in colleges under the Corporate Management of Malankara Orthodox Syrian Church Colleges in the following ***existing substantive*** and anticipated vacancies in both Open Merit and Community Merit.

MALAYALAM	:	1	PHYSICS	:	6
HINDI	:	1	ZOOLOGY	:	3
MATHEMATICS	:	1	HISTORY	:	5

Age, Scale of Pay and Qualifications - As prescribed by the Govt./UGC/M.G. University rules. All appointments are subject to the approval of the Govt. of Kerala and the Mahatma Gandhi University. **Those who applied for the above posts as per our advertisement dated 16.07.2014 need not apply again.**

Application forms can be had from the undersigned on payment of Rs. 500/- in person and Rs. 550/- by post. Filled in applications should reach the Secretary, M.O.C. Colleges, Devalokam P.O., Kottayam – 686 004 within 30 days from the date of publication of this notification in the dailies.

SECRETARY

SGF

St. George Fabricators

ISO 9001:2008 QMS CERTIFIED

We Undertake All Kinds of
Fabrication, Machinery, Erection,
Maintenance, Civil Works,
Ship Repairing Transport,
Earth Moving & Crane Service Etc.

Kasaliya Indra Nagar, Tisk,
Usgao-Goa, Pin: 403 406
Tel.: Offi.: 2345116, 9823546632, 9423308065
Res.: 2344115, Fax:2345116
E-mail: st.georgefabricators@gmail.com

ആനപ്പാപ്പി : ചട്ടമ്പിയോ
തികഞ്ഞ സഭാ സ്നേഹിയോ?

ചരിത്രപഠന ഗവേഷണങ്ങൾ എന്തു പറയുന്നു?

ഗ്രന്ഥകർത്താക്കൾ:
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
കെ.വി. മാമ്മൻ കോട്ടയ്ക്കൽ

പ്രസിദ്ധീകരണം: 2015 മാർച്ച് 29-ന്, വില: 150 രൂപ (പ്രീ പബ്ലിക്കേഷൻസ് വില 99 രൂപ) 10 കോപ്പിക്കു 900 രൂപ. മാർച്ച് 20 വരെ) വിതരണം: ഓർത്തഡോക്സ് ബുക്ക് സെന്റർ, എം.ഡി. കൊമേഴ്സ്യൽ സെന്റർ, കോട്ടയം-1.

പണവും ചെക്കുകളും പ്രസാധകനായ കെ.വി. മാമ്മൻ കോട്ടയ്ക്കൽ പി.ബി. 10, മാങ്ങാനം പി.ഒ. കോട്ടയം-18, (ഫോൺ: 0481-2578936) എന്ന വിലാസത്തിൽ അയയ്ക്കുക.

പള്ളികൾ മനോഹരമാക്കൂ

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

എം.എ. കയർ ഹൗസ്
ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

പസഫിക് ദ്വീപിലും ഭാസുര സ്പന്ദനം

ദ്വീപുകളിൽ കുടിയിരിക്കുന്നവരുടെ ദൈവ സ്തുതികൾ സാക്ഷാത്ക്കാരം നേടുന്നു. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ന്യൂസിലാൻഡിൽ ആദ്യ ദേവാലയം ഉയരുന്നു.

ഉപജീവനാർത്ഥവും ഉപരിപഠനാർത്ഥവും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യ പാദം മുതൽ ന്യൂസിലാൻഡിലേക്ക് കുടിയേറി വന്ന മലങ്കര സഭയുടെ മക്കൾ ഒരു ദശാബ്ദം മുമ്പ് ആരാധനക്കായി കൊളുത്തിയ തിരി നാളം അണയാതെ കാത്ത് മനോഹരമായ ഒരു ദേവാലയമായി വളർന്നരിക്കുന്നു. അംഗുലീ പരിമിതമായ അംഗബലം മാത്രം കൈമുതലായിരുന്ന ഒരു കൊച്ചു സമൂഹത്തിന്റെ ഹൃദയം നിറഞ്ഞ പ്രാർത്ഥനകളും സമർപ്പണവുമാണ് ഈ വലിയ നേട്ടത്തിനു മുഖാന്തിരമായത്. ഏകദേശം 1.3 മില്ല്യൻ ഡോളർ (6 കോടി രൂപ) ചിലവിൽ പണി കഴിപ്പിച്ചിരിക്കുന്ന ഈ ദേവാലയം 2015 ഫെബ്രുവരി മാസം 13, 14 തീയതികളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ കൈകളാൽ സമർപ്പിക്കപ്പെടുന്നു. മദ്രാസ് ഭദ്രാസനത്തിന്റെ ഭാഗമായ ന്യൂസിലാണ്ടിൽ പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയുടെ നാമധേയത്തിലുള്ള ഈ മാതൃ ദേവാലയവും Hamilton, Wellington, Palmerston North, Christ Church എന്നീ സ്ഥലങ്ങളിൽ സ്വതന്ത്ര ദേവാലയങ്ങളും ഉണ്ട്. മദ്രാസ് ഭദ്രാസനത്തിന്റെ മുമ്പ് അധിപനായിരുന്ന ഡോ. യാക്കോബ് മാർ ഐറേനിയോസ് വിത്തു പാകിയ ഈ സംരംഭം അഭി. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ കരപരിലാളനയിൽ സ്വന്തമായ ഒരു ആരാധനാലയം എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിലെത്തിയിരിക്കുന്നു. കാലാകാലങ്ങളിൽ ആരാധനയുടെ തിരിമങ്ങാത്ത കാത്ത വൈദീക ശ്രേഷ്ഠരുടെ നിസ്വാർത്ഥമായ സേവനം ഈ ദേവാലയത്തിന്റെ തായ്‌വേരാണ്.

ഫാ. ബിജു മാത്യു, പുളിക്കൽ
(വികാരി)

വിജയികൾ

സൺഡേ സ്ക്കൂൾ സെൻട്രൽ സോൺ ജൂണിയർ വിഭാഗത്തിൽ പ്രസംഗ മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ കരിഷ്മ ഇ. ഗീവർഗ്ഗീസ്. മുണ്ടുകുഴി സെന്റ് കുറിയാക്കോസ് ഇടവകാംഗം. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അധ്യാപകൻ ഡോ. ഗീവർഗീസ് എം. തോമസിന്റെ മകൾ.

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

സമഗ്ര് ദർശനം

മരുഭൂമിയിൽ വ്യത്യസ്തമായ യാത്ര നടത്തുന്ന ഒരു മനുഷ്യൻ. അയാൾ തനിയെ പ്രവർത്തിക്കുന്ന ഒരു കാറിൽ വെറുതെ അലസമായി യാത്ര ചെയ്യുകയാണ്. യന്ത്രത്തിന്റെ ക്ഷമതയും ഇന്ധനവും കാര്യക്ഷമമാണെങ്കിൽ നിയന്ത്രിക്കാൻ ആൾ ഇല്ലെങ്കിൽപ്പോലും നന്നായി ഓടിക്കൊണ്ടിരിക്കുന്ന തരം കാറാണത്.

അവിടെ റോഡുകളോ ആളുകളോ വൃക്ഷങ്ങളോ പാറകളോ കുന്നുകളോ ഒന്നുമില്ല. ആയിരക്കണക്കിന് മൈലുകളോളം പരന്നുകിടക്കുന്ന വെറും മരുഭൂമി. നൂറ്റാണ്ടുകളോളം ഊഷരമായിക്കിടന്ന അത്. കടുപ്പമുള്ളതായിത്തീർന്നിരിക്കുന്നു. അതൊരു മണൽ മരുഭൂമിയല്ല. അതിന്റെ ഉപരിതലം വളരെ കാഠിന്യമേറിയതാണ്. ഈ മരുഭൂമിയിലൂടെ അയാൾതന്റെ കാറ് ഓടിക്കുകയാണ്. അയാൾ അതിൽ രസം പിടിക്കുന്ന ഒരാളുമായിരുന്നു. അതിന്റെ വേഗതയിലും ഭ്രാന്തമായ പോക്കിലും അയാൾ അതിശയം പൂണ്ടു. പെട്ടെന്ന് ത്രസിപ്പിക്കുന്ന ഒരാശയം അയാളുടെ മനസ്സിലുദിച്ചു. അയാൾ ഡ്രൈവിംഗ് സീറ്റിൽ നിന്ന് മാറി മറ്റെ സീറ്റിലേക്ക് ഇരിപ്പുറപ്പിച്ചു. അയാൾ മാത്രമേ കാറിലുണ്ടായിരുന്നുള്ളു. അദ്ദേഹം മാറിയിരുന്ന് കാറിനെ സ്വയം പോകാൻ അനുവദിച്ചു. കാരണം അവിടെ റോഡോ ആളുകളോ ഒന്നുമില്ലാത്തത് കൊണ്ട്. അപകടത്തെക്കുറിച്ച് ഒന്നും ഭയപ്പെടാനുണ്ടായിരുന്നില്ല. കാർ വളരെ വേഗത്തിൽ നീങ്ങിക്കൊണ്ടിരുന്നു. അതൊരു അപൂർവ്വ അനുഭവമായിരുന്നു. പിന്നീട് അയാൾ കാറിൽ നിന്ന് പുറത്ത് ചാടി. അയാളുടെ മനസ്സിൽ മറ്റൊരാശയം ഉദിച്ചു. കാർ അപ്പോഴും പോയിക്കൊണ്ടിരിക്കുകയായിരുന്നു. അയാൾ കാറിന് പിന്നാലെ ഓടി വീണ്ടും അതിനകത്ത് കയറി തന്റെ സൈക്കിൾ പുറത്തെടുത്ത് കാറിന് നേരേ എതിർദിശയിലേക്ക് പോയി കാറിനെ അങ്ങ് ദൂരെ ചക്രവാളത്തിൽ ഒരു പൊട്ട് പോലെ കാണുന്നത് വരെ അങ്ങനെ പോയി അത് അപ്പോഴും നിൽക്കാതെ എവിടേക്കോ പോയിക്കൊണ്ടിരുന്നു.

അദ്ദേഹം വീണ്ടും കാറിന് പിന്നാലെ സൈക്കിളോടിച്ച് ചെന്നു. അത് അസാധാരണമായിരുന്നു. അത് എവിടേക്കെന്നറിയാതെ പൊയ്ക്കൊണ്ടിരിക്കുകയായിരുന്ന് അത് അദ്ദേഹത്തെ ത്രസിപ്പിച്ച് കൊണ്ടിരുന്നു. അദ്ദേഹം അസാധാരണമായി അതിനെ പിന്തുടരുകയും ചെയ്യുകയാണ്.

നാം ചിലപ്പോൾ കാറിനുള്ളിലും അതിന് പുറത്തും യാത്ര ചെയ്യുന്നവരാണ്. ശരീരം അനിയന്ത്രിതമായ കാമനകളുടെയും, വാസനകളുടെയും, ആസക്തികളുടെയും യാത്രയിലേക്കാണ് നമ്മെ നയിക്കുക. ചിലപ്പോഴൊക്കെ അതിൽ നിന്ന് പുറത്ത് കടക്കാനുള്ള തീവ്രശ്രമങ്ങൾ നാം നടത്തുകയും ചെയ്യും. വീണ്ടും അതിനെ അനുയാത്ര ചെയ്യാനുള്ള വ്യഗ്രതകൾ നമുക്ക് കൂടുകയാണ്. ആത്മാവിന് നിയന്ത്രിതമായി യാത്ര ചെയ്യാനുള്ള സൈക്കിളുകൾ നമ്മുടെ ശരീരത്തിലുണ്ട്. ചിലപ്പോൾ അതെടുക്കാതെയുള്ള പുറത്ത് വരലുകളാണ് നാം നടത്തുക. നാം അസക്തികൾക്ക് പുറത്താണ് എന്ന് പറയുമ്പോഴും നമ്മുടെ ആത്മാവ് ആസക്തികൾക്കകത്ത് ബന്ധിതമാണ്. നാം ആസക്തികളിൽ നിന്ന് മോചിക്കപ്പെട്ട് യാത്ര ചെയ്യുന്നു എന്ന് അഭിമാനിക്കുമ്പോഴും ആസക്തികളിലേക്ക് തിരികെപ്പോകാൻ വെമ്പിക്കൊണ്ടിരിക്കുന്ന ഒരു പ്രകൃതം നമുക്കുണ്ട് താനും. ആത്മാവിനും ശരീരത്തിനുമിടയ്ക്കുള്ള സംഘർഷങ്ങൾക്കിടയിൽ നാം പെട്ട് പോവുകയാണ്. നാം രണ്ടും സ്വീകരിക്കുന്നു. രണ്ടിലും യാത്ര ചെയ്യുന്നതിലും നാം ആനന്ദിക്കുന്നു. അത്യന്തികമായി വേണ്ടതിനെ കണ്ടെത്തുന്നില്ല.

"ശരീരത്തിൽ നിന്ന് ആത്മാവിലേക്കു ഒരു മടക്കം നമുക്കനിവാര്യമാണ്. ഇനി ഈ ശരീരം എന്നെ ഒരിക്കലും ത്രസിപ്പിക്കുകയില്ല. എന്നൊരു തീരുമാനമെടുക്കലിന് ശേഷമാകണമത്. ഇല്ലെങ്കിൽ ആത്മാവിന്റെ ഗർഭചരിദ്രങ്ങൾക്ക് അറുതിയില്ലാത്ത ഒരു സാമ്രാജ്യത്തിന്റെ പരിവേഷമാണ് നമുക്കുണ്ടാകാൻ പോവുക. നാം തന്നെ നമ്മുടെ ആത്മാവിനെ കൊല ചെയ്തതിന്റെ ആഘോഷമായി നമ്മുടെ ജീവിതം മാറരുതെന്നും".

E-mail: fr.thirumangalam@gmail.com

സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച്, തൊളിക്കോട്, പുനലൂർ

(കൊട്ടാരക്കര – പുനലൂർ ഭദ്രാസനം)

സുവർണ്ണ ജൂബിലി സമാപനം

2015 ജനുവരി 31 ശനിയാഴ്ച മുതൽ ഫെബ്രുവരി 8 ഞായറാഴ്ച വരെ

ജൂബിലി കർമ്മ പരിപാടികൾ

1. ജൂബിലി ഉദ്ഘാടനം
2. പാഥേയം സൗജന്യ ഉച്ചഭക്ഷണ പദ്ധതി
3. ഭദ്രാസന വൈദിക സമ്മേളനം
4. വിദ്യാഭ്യാസ ധനസഹായം
5. രോഗി ധനസഹായം
6. ഭവന നിർമ്മാണ സഹായം
7. വിവാഹ ധനസഹായം
8. ചാരിറ്റി കൂപ്പൺ
9. നേത്ര ചികിത്സാ ക്യാമ്പ്
10. ദന്ത ചികിത്സാ ക്യാമ്പ്
11. ആയുർവ്വേദ ചികിത്സാ ക്യാമ്പ്
12. രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പ്
12. പ്രമേഹ രോഗ നിർണ്ണയ ക്യാമ്പ്
13. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്
14. ആരോഗ്യ ബോധവൽക്കരണ ക്ലാസ്
15. കൗൺസിലിംഗ് ക്ലാസ്
16. ട്രാഫിക് ബോധവൽക്കരണ ക്ലാസ്
17. കാർഷിക ബോധവൽക്കരണ ക്ലാസ്
18. ശുചീകരണ പ്രക്രിയകൾ
19. ഭദ്രാസന സൺഡേ സ്കൂൾ അദ്ധ്യാപക സംഗമം
20. തെക്കൻ മേഖല ഭദ്രാസനങ്ങളുടെ യുവജനസംഗമം
21. മർത്താമറിയം സമാജസംഗമം
22. വൈദിക സെമി[illegible]ുടെ ചുമ[illegible] പാരിഷ്മിഷൻ
23. ആദ്യാക്ഷരം കുറിക്കൽ
24. തീർത്ഥയാത്ര
25. വിനോദയാത്ര
26. ഫിലിംഷോ
27. കഥാപ്രസംഗം
28. ക്രിസ്തീയ ഗാനമേള
29. ജൂബിലി ഡയറി
30. മുൻവികാരിമാരെ ആദരിക്കൽ
31. ജൂബിലി ഭവന സന്ദർശനവും സമർപ്പണ പ്രാർത്ഥനയും
32. ഇടവകയിലെ മുതിർന്നവരെ ആദരിക്കൽ
33. ജൂബിലി കെട്ടിട നിർമ്മാണം
34. ഇടവകദിനം
35. സ്നേഹ വിരുന്ന്
36. ജൂബിലി സമാപന വിളംബര കൂട്ടയോട്ടം
37. Excel to Exam പരീക്ഷാർത്ഥികൾക്കുള്ള കൗൺസിലിംഗ്
38. വി. കുർബ്ബാന സുറിയാനി ഭാഷയിൽ
39. ജൂബിലി ലോഗോ
40. ജൂബിലി സുവനീർ
41. 50 അംഗങ്ങളുടെ ജൂബിലി സമർപ്പണ ഗാനം
42. പ്രവാസി സംഗമം
43. ജൂബിലി മെമന്റോ
44. വി. മൂന്നിന്മേൽ കുർബ്ബാന
45. ജൂബിലി സ[illegible]
46. ജൂബിലി സമാപനസമ്മേളനം

മാനേജിംഗ് കമ്മിറ്റി & ജൂബിലി കമ്മിറ്റി അംഗങ്ങൾ

ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ, യു.കെ., യൂറോപ്പ്, ആഫ്രിക്ക ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, രാഷ്ട്രീയ, സമുദായിക നേതാക്കന്മാർ, ബഹു. വൈദിക ശ്രേഷ്ഠർ, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസനകൗൺസിൽ അംഗങ്ങൾ അദ്ധ്യാത്മിക സംഘടനാ പ്രവർത്തകർ എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകും.

പൂർവ്വ പുണ്യങ്ങളുടെ വിളംബരമായി കുണ്ടറ വലിയപള്ളി

കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി, ഒരു സഹസ്രാബ്ദത്തിലേറെ ചെന്നെത്തുന്ന പഴമയുടെ പെരുമയും പാരമ്പര്യത്തിന്റെ നൈരന്തര്യവും കൊണ്ടുള്ള സുദൃഢമായ ഭൂമിക. എണ്ണൂറോളം ഭവനങ്ങളിലായി മൂവായിരത്തിലധികം വിശ്വാസികൾ കൈകോർത്തു നില്ക്കുന്ന ഇടവക. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ, ദേശീയപാത യോരത്തു തലയുയർത്തി നിൽക്കുന്ന ദേവാലയം മലങ്കരയിലെ അതിപുരാതന ദേവാലയങ്ങളിലൊന്നാണ്. പൗരാണികതയുടെയും മതസാഹോദര്യത്തിന്റെയും ആത്മീകചൈതന്യത്തിന്റെയും പ്രഭ ചൊരിയുന്ന ഈ ദേവാലയം ഇന്ന് അനേരകരുടെ ആശ്രയമാണ്. ക്രിസ്തുവർഷം 9-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ ദേവാലയം മലങ്കര സഭയുടെ ചരിത്രവഴികളിൽ നിർണ്ണായകപങ്ക് വഹിച്ചിട്ടുണ്ട്. മലങ്കരയുടെ മഹാരഥന്മാരായ പിതാക്കന്മാരുടെ പാദസ്പർശവും പരിലാളനയും ഏറ്റുവാങ്ങിയിട്ടുള്ള ഈ ഇടവക മാറനാട്, അമ്പലത്തുംകാല, കുണ്ടറ, മുളവന, ഇടവട്ടം, പെരിനാട്, മുഖത്തല, നല്ലില, പെരുമ്പുഴ, ചൊവ്വള്ളൂർ, തൃപ്പിലഴികം, ഓടനാവട്ടം എന്നീ പ്രദേശങ്ങളിലുള്ള എല്ലാ ക്രൈസ്തവ ദേവാലയങ്ങളുടെയും മാതൃ ഇടവകയാണ്.

കാലം ചെയ്ത സഖറിയാ മാർ ദീവന്നാസ്യോസ്, ചെന്നൈ ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് എന്നീ തിരുമേനിമാരുടെയും, ഒട്ടനവധി വൈദിക ശ്രേഷ്ഠരുടേയും മാതൃ ഇടവക കൂടിയാണ് ഈ പള്ളി. ഇപ്പോൾ നിലവിലുള്ള ദൈവാലയം 1970 ൽ പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കൂദാശ ചെയ്തിട്ടുള്ളതാണ്. കരിങ്കല്ലിൽ പണിതീർത്തിട്ടുള്ള ദേവാലയം ശില്പഭംഗിയിൽ അതുല്യസ്ഥാനമലങ്കരിക്കുന്നു.

ഏ.ഡി.17-ാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്നും മലങ്കരയിലെത്തിയ വിശുദ്ധനായ മാർ അന്ത്രയോസ് ബാവാ (കുണ്ടറ വല്യപ്പൂപ്പൻ) തന്റെ സുവിശേഷ പ്രവർത്തനത്തിന്റെ നല്ല പങ്ക് ഈ ദേശത്തിനും ഈ ഇടവകയ്ക്കും നല്കി. അദ്ദേഹത്തിന്റെ ഓർമ്മ കുംഭം 18, 19 തീയതികളിൽ പെരുന്നാളായി കൊണ്ടാടുന്നു. നാനാജാതി മതസ്ഥർ പരിശുദ്ധന്റെ മദ്ധ്യസ്ഥത യാചിച്ച് എത്തിച്ചേരുന്നു. തീർത്ഥാടകരായി എത്തുന്നവരുടെ എണ്ണം ദിനംപ്രതി കൂടിവരികയാണ്. പെരുന്നാൾ ദിനങ്ങളിൽ മാത്രമല്ല, അല്ലാത്തപ്പോഴും ദൈവാലയം സന്ദർശിച്ചു പ്രാർത്ഥിക്കുന്ന ഭക്തരുടെ എണ്ണം അസംഖ്യമാണ്. പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ രോഗശാന്തിയും, സന്താനസൗഭാഗ്യവും, നന്മ നിറഞ്ഞ ജീവിതാനുഭവങ്ങളും ലഭിച്ച് സാക്ഷ്യപ്പെടുത്തുന്നവർ അനേകരുണ്ട്.

ഈ വർഷത്തെ ശ്രാദ്ധപ്പെരുന്നാൾ ഫെബ്രുവരി 15 ന് കൊടിയേറി മാർച്ച് 3 ന് സമാപിക്കുന്നതാണ്. അഭിവന്ദ്യ പിതാക്കന്മാരും വൈദികശ്രേഷ്ഠരും നേതൃത്വം നൽകുന്നു.

പ്രസിദ്ധമായ കുണ്ടറ വിളംബരത്താൽ ചരിത്രത്തിലിടം പിടിച്ച ഈ നാട് ഉയർത്തിപ്പിടിക്കുന്ന വലിയ പള്ളിയുടേയും വല്യപ്പൂപ്പന്റേയും പെരുമ ഒട്ടും ചെറുതല്ല. ചരിത്രത്തിന്റെയും ആത്മീയതയുടേയും വിളംബര ഭൂമികയിലേക്ക് ഏവർക്കും സ്വാഗതം.

ഫാ. വി. തോമസ് പട്ടാഴി (വികാരി) ■

പൗരോഹിത്യ സുവർണ്ണ ജൂബിലി



കോലഞ്ചേരി: പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിലായ ഇടയനാൽ മത്തായി കോർഎപ്പിസ്ക്കോപ്പാ. കഴിഞ്ഞ അര നൂറ്റാണ്ടായി പഴന്തോട്ടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയാണ്. വടവുകോട് രാജർഷി മെമ്മോറിയൽ സ്ക്കൂളിൽ അധ്യാപകനായിരുന്നു. സഭാ വർക്കിംഗ് കമ്മിറ്റി അംഗം, അങ്കമാലി ഭദ്രാസന സെക്രട്ടറി തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു. കുന്നക്കുരുടി സെ. ജോർജ് കത്തീഡ്രൽ, അങ്കമാലി മാർ ഗ്രിഗോറിയോസ് പള്ളി, പെരുമ്പാവൂർ ബെഥേൽ സൂലോക്കോ പള്ളി എന്നിവടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 30 വർഷത്തോളം കഥാപ്രസംഗ രംഗത്തും സജീവമായിരുന്നു.

ALEYAMMA JOHN

(KUNJAMMA)

(Retd. Teacher, Govt. High School for Girls-Adoor)

MOLETHU, ADOOR

8th Death Anniversary
Left Us On 17-01-2007



- ALWAYS IN OUR HEARTS -

Fondly Remembered By:-

Husband : John Varghese Molethu
(Pappachan)
Children £ Grand Children

41-ാം ചരമ ദിനം

09-02-2015



J. JOHN JOSEPH

KARIMARATHUMMOOTTIL

EZHUMATTOOR

Inserted By Sorrowing Family:-

Rosamm (Wife)
Raju-Ammini, Reji-Lillikutty,
Charly-Salomy

പാവനസ്മരണയ്ക്ക് മുമ്പിൽ

15th death Anniversary
15-Feb-2000

25th death Anniversary
30-July-1989

13th death Anniversary
31-March-2002

C. G. THOMAS

ALEYAMMA DANIEL

GEEVARGHESE DANIEL

ചാത്തമേൽ, ഇടവൻകാട്

സന്തപ്ത കുടുംബാംഗങ്ങൾ

Navodaya Education Trust ®

NAVODAYA MEDICAL COLLEGE

ESTD. 1992

Navodaya Nagar, Manthralayam Road, Raichur Karnataka
www.navodaya.edu.in

Courses Offered

- M.B.B.S
- M.D,
- M.S,
- P.G.Diploma
- B.D.S
- M.D.S
- B.E.
- M.E
- B.Pharm
- D.Pharm
- M.Pharm
- Pharm.D.
- G.N.M.
- P.C.B.Sc (N)
- B.Sc (N),
- M.Sc (N)
- B.P.T.
- M.P.T.,
- B.Ed.,
- B.Sc (Paramedical Courses).
- Diploma (Paramedical Courses).

For Admission & Details : **Navodaya's Information Center,**
243/A, Suvarna Complex, KSRTC Way Out Road, Permbavoor, Kerala.
Fr. ELDHOSE SKARIA, Nedungottil Mob : +91 9400595736
RAISE VARGHESE Mob : +91 9447009186,
LAL MATHEW Mob : +91 9986700844, +91 9448040844

പുസ്തകശാല

വ്രതവിശുദ്ധിയിൽ...

റമ്പാൻ ഏലിയാസ് കോശി (എഡി.)

മദ്രാസ് ഭദ്രാസനാധിപനായിരുന്ന സഖറിയാ മാർ ദിവന്നാസിയോസിന്റെ ജീവിതവും ദർശനവും അവതരിപ്പിക്കുന്ന 50 ലേഖനങ്ങളുടെ സമാഹാരം. അവതാരിക: ഡോ. യാക്കോബ് മാർ ഐറേനിയോസ്, മൗണ്ട് താബോർ പബ്ലിക്കേഷൻസ്, പത്തനാപുരം. പേജ്, 270, വില 100 രൂപ.

പുനർനവം

സഖേർ



പൗരസ്ത്യ ആദ്ധ്യാത്മികതയുടെ പ്രകാശം പങ്കിടുന്ന ദാർശനിക രചന. മലങ്കരസഭാ മാസികയിൽ എഴുതിയ സൃഷ്ടി വിവരണ വ്യാഖ്യാനങ്ങളുടെ പുനർ വായന. അവതാരിക: പോൾ മണലിൽ, ബസേലിയൻ പുസ്തകം: പേജ് 104, വില: 90 രൂപ.

വിടവാങ്ങിയവരുടെ വിലാപം

റോയ് ചാക്കോ ഇളമണ്ണൂർ



നസ്രാണി സമൂഹത്തിന്റെ ജീവിതവും സ്വഭാവങ്ങളും അവതരിപ്പിക്കുന്ന 12 കഥകൾ. ഹാസ്യവും നർമ്മവും ചേർന്നുള്ള കഥകളിൽ ആധുനിക നസ്രാണി ജീവിതത്തിന്റെ സാമൂഹിക തലങ്ങൾ വെളിപ്പെടുന്നു. അവതാരിക: ഫാ. ഡോ.കെ.എം. ജോർജ്, സോഫിയ പബ്ലിക്കേഷൻസ്, പത്തനംതിട്ട, പേജ് 88, വില 70.

ഒരു പിഎച്ച്ഡി ബിരുദത്തിന്റെ

അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ

എഴുപതാം വയസിൽ പി.എച്ച്.ഡി. ഗവേഷണത്തിന് തിരിച്ച ചരിത്രകാരന്റെ ജീവിതാനുഭവങ്ങൾ. എം.ജി. സർവ്വകലാശാലയിൽ നിന്ന് 76-ാം വയസ്സിൽ ഡോക്ട്രേറ്റ് നേടിയ ജീവിതം. എച്ച്&സി. ബുക്സ്, തൃശൂർ. പേജ് 83, വില-70.

മാക്കാംകുന്നിൽ നടന്ന മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷനിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രഭാഷണം നടത്തുന്നു.

പാമ്പാടി ദയറായിൽ നടന്ന അഖില മലങ്കര ബാലസമാജം വാർഷിക കോൺഫ്രൻസിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രഭാഷണം നടത്തുന്നു.

ഉത്തമ മഹർഷി വര്യൻ

ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ

11-ാം പേജിൽ നിന്നും...

അദ്ദേഹം സഭാ ഐക്യപ്രവർത്തനങ്ങൾക്ക് മുമ്പിട്ടിറങ്ങിവന്നു. ഗ്രീഗോറിയൻ കലണ്ടർ സ്വീകരിച്ചതു തന്നെ കേരളത്തിലെ സഭകളുടെ ഐക്യത്തിന് പ്രത്യേക പിന്തുണ ലഭ്യമായി എന്ന് പറയുവാൻ കഴിയും.

സഭാ ബോധം ആഴമായി പ്രകടിപ്പിക്കുവാനും ഉൾക്കൊള്ളുവാനും പ. ബാവായ്ക്ക് സാധിച്ചു. സഭകളുടെ ഐക്യത്തിനും സുസ്ഥിതിക്കും വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും അദ്ധ്വാനിക്കുകയും ചെയ്ത പ. ബാവായുടെ പ്രവർത്തനങ്ങൾ അഭിമാനകരവും മാതൃകാപരവുമാണ്. ഇങ്ങനെയുള്ള അനുസ്മരണങ്ങൾ ഒരു വർഷമായി വിവിധ കേന്ദ്രങ്ങളിൽ നടത്തിയത് ആ പിതാവിന്റെ സംഭാവനകളും ജീവിത ചിത്രങ്ങളും പുതുതലമുറയിൽ മായാതെ പതിക്കുവാൻ വേണ്ടിയാണ്. നമ്മുടെ ചില മാതൃകകൾ സഭയുടെയും ലോകത്തിന്റെയും മുമ്പിൽ ഉയർത്തിക്കാട്ടുവാനായിട്ടാണ്. ഇന്നത്തെ പുതുതലമുറ സിനിമാരംഗത്തും സ്പോർട്ട്സ് രംഗത്തുമുള്ളവരേ വീര പുരുഷന്മാരായി കാണുമെങ്കിലും അതിനെല്ലാം അതീതമായി സമഗ്രമായ ഒരു ദർശനം നൽകുന്നത് ആത്മീയ രംഗത്ത് പ്രവർത്തിക്കുന്നവരാണ്. ആത്മീയ രംഗത്തെ കാഴ്ചപ്പാടുകൾ മാതൃകയാക്കി പുതു തലമുറയ വളർത്തുവാൻ ഇത്തരം സമ്മേളനങ്ങൾ പ്രചോദനകരമായി തീരും. സഭയിൽ ജീവിച്ച ഉത്തമ മഹർഷി വര്യന്റെ ജീവിതവും ദർശനവും ഉൾക്കൊള്ളുവാനും സാക്ഷിക്കുവാനും കഴിയണം.

ത്യാഗസന്നദ്ധതയും സഭാ സ്നേഹവും കാലഘട്ടത്തിന്റെ സൂചനകളെ ഉൾക്കൊണ്ട് ശരിയായി വളർത്തിയെടുക്കുവാൻ സാധിക്കണം. ഈ സ്മരണാഞ്ജലി ഇവിടെ കൊണ്ട് തീരുകയില്ല. ഇതിന്റെ ചലനങ്ങൾ തുടർന്നും സഭയെ സഭയെ മുമ്പോട്ടു നയിക്കുവാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ സുവർണ്ണ ജൂബിലി സമാപനത്തിൽ നടത്തിയ മുഖ്യ പ്രഭാഷണം 4-1-2015)

പിൻവഴി

പാരമ്പര്യം, കെടാതെ ഞങ്ങളും സൂക്ഷിക്കും...

അപ്പോസ്തൊലിക സഭകളെ അടിമുടി വിമർശിക്കുന്ന സഹോദരങ്ങളാണ് പൊതുവെ 'പെന്തക്കോസ്തു വിശ്വാസികൾ'. അവർ പൊതുവേ പാരമ്പര്യത്തിന് എതിരാണ്. സഭാംഗങ്ങളുടെ വീടുകളിൽ കയറി ഇറങ്ങി ആരാധനാ വിശ്വാസ പാരമ്പര്യങ്ങളേയും ആചാരനുഷ്ഠാനങ്ങളെയും നഖശിഖാന്തം എതിർക്കും. എന്നാൽ ഓർക്കണം അപ്പോസ്തോലിക സഭകളിൽ നിന്നും അവർ സ്വീകരിച്ചിരിക്കുന്ന പാരമ്പര്യങ്ങൾ അനവധിയാണ്. ചില കാര്യങ്ങൾ മാത്രം വിശദീകരിക്കുന്നു:

1. വി.വേദപുസ്തകം: ക്രിസ്ത്യാനികളുടെ ഗ്രന്ഥമാണിത്. ബൈബിൾ ക്രോഡീകരിച്ചതും പ്രസിദ്ധീകരിച്ചതും വേദപുസ്തകം ദൈവവചനം ആണെന്ന് പഠിപ്പിച്ചതും അപ്പോസ്തോലിക സഭകളാണ്. സഭ രൂപീകരിച്ച വേദപുസ്തകം അതേപോലെ സ്വീകരിച്ചിട്ടാണ് സഭാവിരുദ്ധ വ്യാഖ്യാനങ്ങൾ നടത്തുന്നത്.

2. ഫാദർ/പാസ്റ്റർ പ്രയോഗങ്ങൾ: അപ്പോസ്തോലിക സഭകളിലെ പുരോഹിതന്മാർ പേരിനോടൊപ്പം ചേർത്തിരുന്ന ഫാദർ/റവ. എന്നതിന് സമാനമായി 'പാസറ്റർ' എന്ന് ചേർക്കുവാൻ തുടങ്ങി. പ്രാരംഭകാലത്ത് 'ഉപദേശി' എന്നായിരുന്നു. ഇപ്പോൾ വ്യാപകമായി എല്ലാവരും 'ബ്രദർ' ആയി കഴിഞ്ഞു. ചിലർക്ക് റവയും ബിഷപ്പും മെത്രാപ്പോലീത്തായും എല്ലാം പേരിനൊപ്പം യാഥാർത്ഥ്യമാക്കി.

3. പട്ടംകൊട പരമ്പരാഗതമായി ലഭ്യമായ അപ്പോസ്തോലിക 'കൈവെപ്പ്' കഴിഞ്ഞ കാലങ്ങളിൽ പൊന്തക്കോസ്തു സഭകളിൽ ഇല്ലായിരുന്നു. ഇപ്പോൾ പട്ടംകൊട/തിരുപ്പട്ട സ്വീകരണവും ആഘോഷവും വ്യാപകമായി. കൈവെയ്പിന്റെ പാരമ്പര്യം പരമ രഹസ്യമത്രേ. ദയവായി പാരമ്പര്യം ചോദിക്കരുത്.

4. ശിശുപ്രതിഷ്ഠ: അപ്പോസ്തോലിക സഭകളിൽ ശിശുക്കളെ 'ജ്ഞാനസ്നാനം' നൽകുന്നു. പെന്തക്കോസ്തു വിഭാഗക്കാർ തലമുറകളായി എതിർത്തിരുന്ന 'ശിശുസ്നാനം' ഇപ്പോൾ അവർക്ക് 'ശിശുപ്രതിഷ്ഠ'യായി തീർന്നു. ശിശുക്കളെ ആലയത്തിൽ കൊണ്ടുവന്നു പാസ്റ്റർ പ്രതിഷ്ഠിക്കുന്നു. ഇതിന് എന്ത് വേദ അടിസ്ഥാനമാണുള്ളത്?

5. 'ശുശ്രൂഷാ സഹായി': ആരധനാ ക്രമങ്ങളും എഴുതപ്പെട്ടിരുന്ന പ്രാർത്ഥനകളും എതിർത്തവർക്ക് ഇപ്പോൾ 'പെന്തക്കോസ്ത ശുശ്രൂഷ സഹായി' 125 രൂപയ്ക്ക് ലഭ്യമാകുന്നു. പ്രീ-പബ്ലിക്കേഷനും ഉണ്ട്. സുനാമി പോലെയുള്ള വാചാപ്രാർത്ഥനകൾ എല്ലാം തകരുകയാണ്.

6. കുരിശ്: യേശു കുരിശിൽ തറയ്ക്കപ്പെട്ടു എന്നതാണ് അപ്പോസ്തോലിക പാരമ്പര്യം. കുരിശ് വരയ്ക്കുന്നതും വെയ്ക്കുന്നതും എല്ലാം എതിർക്കുന്നവർ ഇപ്പോൾ കുരിശും സ്വീകരിച്ചു. അപ്പോസ്തോലിക പാരമ്പര്യത്തിൽപ്പെട്ട കുരിശ് പെന്തക്കോസ്തു സഭകളുടെ മുദ്രയിലും 'ആലയമുകളിലും' സ്ഥാനംപിടിച്ചു.

7. മൂടുപടം/ശോശപ്പ: വി. കുർബ്ബാനയ്ക്ക് അപ്പവീഞ്ഞുകൾ മൂടാൻ ഉപയോഗിക്കുന്ന 'റൂമാൽ'/വസ്ത്രം/ശോശപ്പ, പെന്തക്കോസ്തു സഭകളിൽ 'അപ്പം മുറിക്കാൻ ശുശ്രൂഷകളിൽ വെള്ള തുണിയായി സ്ഥാനം പിടിച്ചു.' ശോശപ്പായുടെ വക ഭേദമല്ലേ ഇത്.

8. ഭരണരീതി: അപ്പോസ്തോലിക സഭകളിലെ കേന്ദ്രീകൃത ഭരണസംവിധാനം ബൈബിളിൽ ഇല്ല എന്ന് പറഞ്ഞത് നഖശിഖാന്തം എതിർത്തിരുന്നു. ആദ്യകാല പൊന്തക്കോസ്തു സഭകൾ ഓരോന്നും സ്വതന്ത്രമായ ഒന്നായിരുന്നു. എന്നാൽ ഇപ്പോൾ നിലനിൽപ്പിന്റെ ഭാഗമായി കേന്ദ്രീകൃത ഭരണ സംവിധാനവും, വിവിധ തല സമിതികളും രൂപപ്പെട്ടു.

9. ആലയ പ്രതിഷ്ഠ: അപ്പോസ്തോലിക സഭകൾക്ക് 'ആലയം' പള്ളി പ്രധാന സ്ഥലമാണ്. ഇത് കൂദാശ ചെയ്തു വിശുദ്ധമായി സൂക്ഷിക്കും. ഇതിനെ അടിക്കടി എതിർത്തിരുന്ന പെന്തക്കോസ്തുകാർ വേദധിഷ്ഠിതമായി വീടുകളിലാണ് ആരാധന നടത്തിയിരുന്നത്. പിന്നീട് ഫെയ്ത്ത് ഹോമുകൾ വന്നു. ഇപ്പോൾ ആലയങ്ങൾ ആയി. കൂദാശയും ആലയ പ്രതി ഷ്ഠ എന്നു പാഠഭേദം. ശീതീകരിച്ച ആലയങ്ങളും ഇന്റർ നെറ്റ്, കമ്പ്യൂട്ടർ, സ്ക്രീൻ തുടങ്ങിയ നവീന സാങ്കേതികത ഉപയോഗക്കുന്ന ആലയങ്ങളും സുലഭമായി. 'കാണിക്ക' 'swipe' ചെയ്യുന്ന സംവിധാനവും ആയി.

10.കേന്ദ്രീകൃത കൺവൻഷനുകൾ:

അപ്പോസ്തോലിക സഭകളിൽ വാർഷിക 'വചന ബോധന'മാണ് പെരുന്നാളായി കൊണ്ടാടുന്നത്. എല്ലാവരും വിവിധ ഭാഗങ്ങളിൽ നിന്ന് ഒത്തു കൂടുന്നു. കാലം കടന്നപ്പോൾ പെന്തക്കോസ്തുകാർക്കും വന്നു വാർഷിക കൺവൻഷൻ. ഭീമമായതുക മുടക്കി കൺവൻഷൻ മഹാമഹം.

ഇങ്ങനെ, ഇങ്ങനെ എത്രയധികം ആചാരഅനുഷ്ഠാനങ്ങൾ കടന്നു കയറി പുതുസഭകളിൽ... എങ്കിലും ഒരു കാര്യത്തിൽ ഇപ്പോഴും പഴയപടി തന്നെ. അപ്പോസ്തോലിക സഭകളെ വിമർശിക്കുക. വീടുകൾ കയറി ആചാര അനുഷ്ഠാനങ്ങളെ അധിക്ഷേപിക്കുക. ഒക്കുമെങ്കിൽ വിശ്വാസികളെ പ്രലോഭിപ്പിച്ച്, വാഗ്ദാനങ്ങൾ നൽകി അപ്പോസ്തോലിക സഭകളിൽ നിന്നും അടർത്തി മാറ്റുക... ഇതൊന്നും ഇക്കൂട്ടരേ പിടിവിട്ടിട്ടില്ലാ എന്നതിൽ അത്ഭുതം.

പിന്നാമ്പുറം

അപ്പോസ്തോലിക സഭകളെ വിമർശിച്ച് പൊന്തക്കോസ്തു കരിസ്മാറ്റിക്ക്, സ്വതന്ത്ര സഭകളിലേക്ക് ചേക്കേറുന്നവർക്ക് ഒരു ഗൃഹപാഠം: 'ഇത്തരം സഭകളിൽ സംക്രമിക്കുന്ന അപ്പോസ്തോലിക പാരമ്പര്യങ്ങളെക്കുറിച്ച് വേറെ പത്ത് പോയിന്റു കൂടി കണ്ടുപിടിക്കുക'

(സാമൂഹിക മാധ്യമത്തിലെ 'കാർമ്മൽ അപ്പോളജിസ്റ്റിക്' കൂട്ടായ്മയോട് കടപ്പാട്)



കല്ലടയിലെ കെടാവിളക്ക്

മാർ അന്ത്രയോസ് ബാവ (കല്ലട വല്ല്യപ്പുപ്പൻ) 1678-ൽ സിറിയായിൽ നിന്നും സുവിശേഷ പ്രചരണാർത്ഥം മലങ്കരയിൽ എത്തി.1653 ലെ കൂനൻ കുരിശ് സത്യത്തിലൂടെ പാശ്ചാത്യ മേൽക്കോയ്മയെ വെല്ലുവിളിച്ച് അതിന്റെ പ്രത്യാഘാതങ്ങൾ അലയടിച്ച് കൊണ്ടിരുന്ന സമയം ആദ്യമായി കൊടുങ്ങല്ലൂരിൽ എത്തി അവിടെ നിന്നും യാത്രതിരിച്ച് മുളന്തുരുത്തിയിൽ എത്തി ദീർഘനാൾ മുളന്തുരുത്തിയിൽ മാർത്തോമ്മൻ പള്ളിയിൽ താമസിച്ചു. മുളന്തുരുത്തി പള്ളി ഭരണക്കാരിൽ നിന്നുണ്ടായ ചില കയ്പേറിയ അനുഭവങ്ങൾ മൂലം അവിടെ നിന്നും യാത്രതിരിച്ച് വെട്ടിക്കൽ ദയറായിൽ എത്തി. കുറേനാൾ അവിടെ കഴിച്ച് കൂട്ടിയതിന് ശേഷം കുറുപ്പംപടിയിൽ എത്തിയതായും അവിടെ നിന്നും പിറവം, മണർകാട്, ചെങ്ങന്നൂർ, കടമ്പനാട് വഴി കല്ലടയിൽ എത്തിച്ചേർന്നു എന്നും പുസ്തകങ്ങളിൽ കാണുന്നു. ആദ്യ നൂറ്റാണ്ടുകൾ മുതൽ തന്നെ കല്ലടയിൽ ഒരു വിഭാഗം ക്രിസ്ത്യാനികൾ പാർത്തിരുന്നു.

കല്ലടയിൽ നിന്നും വീണ്ടും യാത്ര തുടർന്ന് കുണ്ടറയിൽ എത്തി കുറേനാൾ അവിടെ താമസിച്ചതിനു ശേഷം തിരികെ കല്ലടയിൽ എത്തി. പരമഭക്തനും ഉദാരമതിയും, മനുഷ്യസ്നേഹിയുമായിരുന്ന ഈ പിതാവ് കൊല്ലവർഷം 867 (AD1692) കുംഭം 18 ന് ഇഹലോകവാസം വെടിഞ്ഞ് കുംഭം 19 ന് കല്ലടവലിയപള്ളിയിലെ മദ്ബഹായിൽ കബറടക്കി. അന്നു മുതൽ ഇന്നുവരെ മതസൗഹാർദത്തിന്റെ ഈറ്റില്ലമായി കാണുന്ന കല്ലടയിൽ വിവിധ മതത്തിൽപെട്ടവർ ഏകോദര സഹോദരങ്ങളെപ്പോലെ പരസ്പര സ്നേഹത്തിലും ഐക്യത്തിലും കഴിയുന്നു.

ഇന്ന് ജാതിമതവർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ അനേകരുടെ ഒരു ആശ്രയ കേന്ദ്രമായി ഈ ദേവാലയം വർത്തിക്കുന്നു. **പരി. അന്ത്രയോസ് ബാവായുടെ** കബറിടത്താൽ ഈ ദേശം ഇന്ന് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ അറിയപ്പെടുന്നു. ഈ വിശുദ്ധിയുടെ പരിമളം ആസ്വദിയ്ക്കുന്നതിനും, അനുഭവിക്കുന്നതിനുമായി വിവിധ ദേശക്കാർ എത്തുന്നു. ജാതിമതവ്യവസ്ഥയുടെ അതിർ വരമ്പുകൾ ഇവിടെ ഇല്ലാതാവുന്നു. മലങ്കര സഭയുടെ തെക്കൻ മേഖലയിലെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമായി കല്ലട വലിയപള്ളി അറിയപ്പെടുന്നു.

പരി. അന്ത്രയോസ് ബാവാ കബറടങ്ങിയിരിക്കുന്ന ഈ പള്ളിയും, അദ്ദേഹം പ്രാർത്ഥിച്ചിരുന്ന പള്ളിമേടയും, സൗഖ്യദാന കിണറും, പള്ളിക്കുളവുമെല്ലാം അവാച്യമായ അനുഭൂതി വിശ്വാസമനസ്സുകളിൽ ജനിപ്പിക്കുന്നു.

പരി. അന്ത്രയോസ് ബാവായുടെ 323-ാംഓർമ്മപ്പെരുന്നാൾ 2015 ഫെബ്രുവരി മാസം 22ാം തീയതി മുതൽ മാർച്ച് 3-ാം തീയതി വരെയായി നടത്തപ്പെടുന്നു.

ഈ പുണ്യഭൂമിയിലേക്ക് ജാതിമതഭേദമെന്യേ ഏവരെയും ഹൃദയാംഗമായി സ്വാഗതം ചെയ്യുന്നു.

ഇടവകയ്ക്ക് വേണ്ടി,

ഫാ. ബാബു ജോർജ്ജ്,
ശൂരനാട്
വികാരി (9447086599)

9th Death Anniversary (05-02-2015)

SOSAMMA ZACHARIAH

ASHA VIHAR,
PATTATHANAM, KOLLAM

Inserted By,-

P. A. ZACHARIAH (Husband)
BOKARO STEEL CITY,

Daughters :
Dr. Asha Ajith (KIMS Hosp. Tvm.)
Dr. Shyni Rony Alex (UK)

Son in Laws :
Dr. Ajith Thomas (KIMS Hosp. Tvm.)
Dr. Roney Alex Cheriyan (UK)

സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി

ആയൂർ. കൊല്ലം

തിരുവനന്തപുരം ഭദ്രാസനം

ഫോൺ: 0475 2292750

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

അഭി. ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ (ഭദ്രാസനാധിപൻ)

ജസ്റ്റിസ് ബഞ്ചമിൻ കോശി (ചെയർമാൻ, മനുഷ്യാവകാശ കമ്മീഷൻ)

റവ.ഫാ.കെ.കെ.തോമസ് അടൂതല (ഇടവക വികാരി)

ശതാബ്ദി ആഘോഷം

2015 - 2016

2015 ഫെബ്രുവരി 28

പതാക ഘോഷയാത്രയും ദീപശിഖാപ്രയാണവും

2015 മാർച്ച് 07

പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് സ്വീകരണവും ഉദ്ഘാടന സമ്മേളനവും

1091 മിഥുന മാസം 15-ാം തീയതി പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും ഇടവകയായി അംഗീകാര കൽപ്പന ലഭിച്ച ആയൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി ശതാബ്ദി നിറവിലേക്ക് പ്രവേശിക്കുകയാണ്. ശതാബ്ദി ആഘോഷ പരിപാടികൾ **2015 മാർച്ച് 7 ശനിയാഴ്ച വൈകിട്ട് 3.30 ന്** തിരുവനന്തപുരം ഭദ്രാസനാധിപൻ **അഭിവന്ദ്യ ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ** അദ്ധ്യക്ഷതയിൽ കൂടുന്ന പൊതുസമ്മേളനത്തിൽ വെച്ച് **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ** ഉദ്ഘാടനം ചെയ്യുന്നതാണ്. തദവസരത്തിൽ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ **ജസ്റ്റിസ് ബഞ്ചമിൻ കോശി** ശതാബ്ദി സന്ദേശം നൽകുന്നതാണ്. **ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ എം.പി, അഡ്വ.കെ.രാജു എം.എൽ.എ,** വിവിധ സഭാപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, മറ്റ് വിശിഷ്ട വ്യക്തികൾ പങ്കെടുക്കുന്നു.

കമ്മറ്റികൾ	ചെയർമാൻമാർ	കൺവീനർമാർ
പ്രോഗ്രാം/റിസപ്ഷൻ	റവ.ഫാ.കെ.കെ.തോമസ്	വി.പി.ജേക്കബ്, ജോൺസൺ കോശി
ഫിനാൻസ്	റവ.ഫാ.മർക്കോസ് ജോർജ്ജ്	തോമസ്.റ്റി.ജെയിംസ്
പ്രോജക്ട്	റവ.ഫാ.സ്പെൻസർ കോശി	സി.ബേബി
പബ്ലിസിറ്റി	റവ.ഫാ.എം.കെ.യോഹന്നാൻ	ഫിലിപ്പ് ജോൺസൺ
സുവനീർ	റവ.ഫാ.ഗീവർഗ്ഗീസ് പള്ളിവാതുക്കൽ	ഡോ.വിനോദ് ജോൺ

റവ.ഫാ.കെ.കെ.തോമസ് (വികാരി) · **മാത്യു.കെ.ബാബു** (ട്രസ്റ്റി) · **സി.ബേബി** (സെക്രട്ടറി) · **വൈ.എബ്രഹാം** (ജനറൽ കൺവീനർ) · **ഡോ.വിനോദ് ജോൺ, ജോബി.റ്റി.ലാൽ** (ജോയിന്റ് കൺവീനേഴ്സ്)

Design: Rak Designs Ayoor - 9447482219

സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി, കുണ്ടറ.
(കൊല്ലം ഭദ്രാസനം)
ഫോൺ : 0474 – 2522525, 2522940
website : www.kundaravaliyapally.com Email : kundaravaliyapally@gmail.com
മാർ അന്ത്രയോസ് ബാവായുടെ
(വല്യപ്പൂപ്പൻ)
ശ്രാദ്ധപ്പെരുന്നാൾ
അഭിവന്ദ്യരായ സഖറിയാ മാർ അന്തോണിയോസ്
എബ്രഹാം മാർ എപ്പിഫാനിയോസ്
ഡോ. യൂഹാനോൻ മാർ ദീയസ് കോറോസ്
ഡോ.യൂഹാനോൻ മാർ തേവോദോറോസ്
എന്നീ മെത്രാപ്പോലീത്തമാരും വന്ദ്യ റമ്പാൻമാരും
വൈദിക ശ്രേഷ്ഠരും നേതൃത്വം നല്കുന്നു.
2015 ഫെബ്രുവരി 15 മുതൽ മാർച്ച് 3 വരെ
(1190 കുംഭം 3 മുതൽ 19 വരെ)
ഇടവകദിനം ✱ ഗാനശുശ്രൂഷ ✱ സുവിശേഷയോഗങ്ങൾ
വി.മൂന്നിൻമേൽകുർബ്ബാന ✱ ധ്യാനം ✱ മദ്ധ്യസ്ഥപ്രാർത്ഥന
ആത്മീയസംഘടനകളുടെ വാർഷികം ✱ ഭക്തിനിർഭരമായ റാസ
പള്ളിപ്രദക്ഷിണം ✱ ശ്ലൈഹികവാഴ്വ്
മാർ അന്ത്രയോസ് ബാവാ വിശ്രമിച്ച പള്ളിമേട

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/February/2015

RNI No. 3076/1948, Reg. No. KL/KTM/39/2015-17

Licensed to Post Without Pre-Payment



PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. JOHN THOMAS KARINGATTIL Rs. 15/-